32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 19, 2024 | Vol. XXXII No. 03 | Periodicals Postage Paid

4 ഇന്ത്യയിലെ ഏറ്റവും വലിയ കടൽപ്പാലം 'അടൽ സേതു'
6 'ഇന്ത്യ'യിൽ വിട്ടുവീഴ്ചയ്ക്കു കോൺഗ്രസ്
7 ആടുകളെ അറിയുന്ന ഇടയൻ
10 അധികാരമെന്നാൽ ആധിപത്യമല്ല: എം.ടി.
14 സീറോമലബാർ പള്ളിക്ക് പുതിയ അല്മായ നേതൃത്വം

## മാർ റാഫേൽ തട്ടിൽ മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റു



സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റ മാർ റാഫേൽ തട്ടിലിന് സഭാ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സ്ഥാനചിഹ്നമായ അംശവടി കൈമാറുന്നു. (പേജ് 4, 7 കാണുക)

# ഭാരത് ജോഡോ ന്യായ് യാത്രയ്ക്ക് തുടക്കം

ന്യൂഡൽഹി: കന്യാകുമാരി മുതൽ കാഷ്മീർ വരെ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നടത്തിയ ഭാരത് ജോഡോ യാത്രയുടെ രണ്ടാം പതിപ്പ് ഭാരത് ജോഡോ ന്യായ് യാത്രയ്ക്ക് മണിപ്പൂരിലെ തൗബാലിൽ തുടക്കം. അറുപത്തിയാറ് ദിവസം നീളുന്ന ഹൈബ്രിഡ് യാത്രയുടെ ലക്ഷ്യം ഇന്ത്യയിൽ സമാധാനവും ഐക്യവും പുനഃസ്ഥാപിക്കലാണ്. കലാപം ശമിക്കാത്ത മണിപ്പൂരിൽനിന്ന് യാത്ര ആരംഭിക്കുന്നതിന്റെ ലക്ഷ്യവും അതുതന്നെയാണെന്ന് രാഹുൽ ഗാന്ധി പ്രസംഗത്തിൽ പറഞ്ഞു.

"ജൂൺ 29-ന് ഞാൻ മണിപ്പൂരിൽ എത്തിയിരുന്നു. എന്റെ രാഷ്ട്രീയ ജീവിതത്തിൽ ഞാൻ ഒരിക്കലും കാണാത്തതും കേൾക്കാത്തതുമായ കാര്യങ്ങൾ ഇവിടെ കാണാനായി. 2004 മുതൽ ഞാൻ രാഷ്ട്രീയത്തിൽ ഉണ്ട്. ഭരണകൂട സംവിധാനങ്ങളുടെ തകർച്ചയാണ് മണിപ്പൂരിൽ കണ്ടത്. നിങ്ങൾക്ക് അതുല്യമായ പലതും നഷ്ടപ്പെട്ടു. അതു കണ്ടെത്തി തിരിച്ചു നൽകാനാണ് ഞങ്ങൾ വന്നിരിക്കുന്നത്"- പ്രവർത്തകരുടെ കരഘോഷത്തിനിടെ രാഹുൽ പറഞ്ഞു. മണിപ്പൂരിലെ ജനങ്ങൾ അനുഭവിച്ച വേദന ഞങ്ങൾ മനസിലാക്കുന്നു. നിങ്ങളുടെ മുറിവും നഷ്ടവും നിങ്ങൾ കടന്നുപോയ ദുഃഖകരമായ



മണിപ്പൂരിലെ തൗബാലിൽ ഭാരത് ജോഡോ ന്യായ് യാത്രയ്ക്കു തുടക്കം കുറിക്കാനെത്തിയ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കു ഹസ്തദാനം ചെയ്യുന്ന ജനങ്ങൾ

അവസ്ഥയും മനസിലാക്കുന്നു. നിങ്ങൾക്ക് നഷ്ടപ്പെട്ട വിലപിടിച്ചവ തിരിച്ചുതരും. ഐക്യവും സമാധാനവും സ്നേഹവും തിരിച്ചുനൽകുമെന്നും രാഹുൽ പറഞ്ഞു. "പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആർ.എസ്.എസും മണിപ്പൂർ ഇന്ത്യയുടെ ഭാഗമല്ലെന്നാണ് കരുതുന്നത്.

രാഷ്ട്രീയത്തിൽ ഇറങ്ങിയ ശേഷം ഭരണകൂടസംവിധാനം തകർന്ന ഒരു സംസ്ഥാനത്ത് താൻ എത്തുന്നത് ആദ്യമായാണ്. (ശേഷം 21-ാം പേജിൽ)

# 'ശക്തികേന്ദ്ര'യിൽ ആദ്യമായി മോദിയെത്തുന്നു



തിരുവനന്തപുരം: രണ്ടോ മൂന്നോ ബൂത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന 'ശക്തികേന്ദ്ര' സമിതിയുടെ ശക്തികേന്ദ്ര പ്രമുഖ് എന്ന കോ-ഓർഡിനേറ്റർമാരുടെ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. മറ്റു സംസ്ഥാനങ്ങളിലൊന്നും മോദി ഈ യോഗത്തിൽ പങ്കെടുത്തിട്ടില്ല. തെരഞ്ഞെടുപ്പ് ഒരുക്കത്തിന് ബി.ജെ.പി. ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സംഘടനാ സംവിധാനമാണ് ശക്തികേന്ദ്ര. കൊച്ചിയിലെത്തുന്ന പ്രധാനമന്ത്രി കേരളത്തിലെ 7000 ശക്തികേന്ദ്ര പ്രമുഖന്മാരുടെ യോഗത്തിൽ പങ്കെടുത്ത് സംസ്ഥാനത്ത് തെരഞ്ഞെടുപ്പു പ്രവർത്തനത്തിനു തുടക്കമിടും.

30-ന് മുൻപ് തന്നെ പ്രധാന സീറ്റുകളിൽ ചിലതിൽ സ്ഥാനാർത്ഥി പ്രഖ്യാപനവും ഉണ്ടാകും. തൃശൂർ, ആറ്റിങ്ങൽ, പാലക്കാട്, പത്തനംതിട്ട എന്നീ സീറ്റുകളിൽ പ്രഖ്യാപനം നേരത്തെയുണ്ടാകും. തൃശൂരിൽ സുരേഷ് ഗോപിയും ആറ്റിങ്ങലിൽ വി. മുരളീധരനും പാലക്കാട് സി. കൃഷ്ണകുമാറുമാകും മത്സരിക്കുക. പത്തനംതിട്ടയിൽ കുമ്മനം രാജശേഖരനെയാണ് പരിഗണിക്കുന്നത്. (ശേഷം 21-ാം പേജിൽ)

# തൃശൂർ ലൂർദ് കത്തീഡ്രലിൽ മാതാവിന്റെ രൂപത്തിൽ സ്വർണക്കിരീടം സമർപ്പിച്ച് സുരേഷ് ഗോപി

തൃശൂർ: ലൂർദ് കത്തീഡ്രൽ ദേവാലയത്തിൽ മാതാവിന്റെ രൂപത്തിൽ സ്വർണക്കിരീടം സമർപ്പിച്ച് നടനും ബി.ജെ.പി. നേതാവുമായ സുരേഷ് ഗോപി. ലൂർദ് കത്തീഡ്രൽ തിരുനാളിന് പള്ളിയിലെത്തിയപ്പോൾ സ്വർണക്കിരീടം സമർപ്പിക്കാമെന്ന് സുരേഷ് ഗോപി അധികൃതരെ അറിയിച്ചിരുന്നു. ഏകദേശം അഞ്ച് പവനോളം തൂക്കമുള്ള സ്വർണത്തിൽ പൊതിഞ്ഞ കിരീടമാണ് സമർപ്പിച്ചത്.

മകൾ ഭാഗ്യയുടെ വിവാഹത്തിനു മുന്നോടിയായാണ് ഇത്. ജനുവരി 15-ന് രാവിലെ കുടുംബസമേതമാണ് സുരേഷ് ഗോപി പള്ളിയിലെത്തിയത്. ജില്ലയിലെ ബി.ജെ.പി. പ്രവർത്തകർ ഉൾപ്പെടെയുള്ളവരും പള്ളിയിൽ സന്നിഹിതരായിരുന്നു.



## അതിശൈത്യം: ഡൽഹിയിൽ വിമാനങ്ങൾ റദ്ദാക്കി

ന്യൂഡൽഹി: ഡൽഹിയിലും ഉത്തരേന്ത്യയുടെ ചില ഭാഗങ്ങളിലും ശൈത്യം രൂക്ഷമായി. മൂടൽ മഞ്ഞിനെ തുടർന്നു ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നുള്ള 84 വിമാനങ്ങൾ റദ്ദാക്കി. 168 വിമാനങ്ങൾ വൈകുകയാണ്. ഇതോടെ ആയിരക്കണക്കിന് യാത്രക്കാരാണ് വിമാനത്താവളത്തിൽ കാത്തിരിക്കുന്നത്.

ഡൽഹിയിലെ ഏറ്റവും കുറഞ്ഞ താപനിലയായ 3.9 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ തലസ്ഥാനത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചു. അതിനിടെ ഡൽഹിയിൽ പലയിടത്തും കാഴ്ചപരിധി (ശേഷം 24-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Joining as Partner
ALVIN NELLA, CPA, MBA

IN LOVING MEMORY OF



# Jose Madathilparambil Joseph

**6/3/1944 to 1/11/2024**

**Survived by:**

**Wife**: Mrs. Mary Madathilparambil (Ulahannan)
**Children**: Lincy & Jibu Punnoose (Chaluvelil)
Linesh (Late) & Jenie (Parackamannil) Madathilparambil
**Grandchildren:** Noelle, Lincoln and Josiah
**Siblings:** Aleyamma Kudilil (Late), Annamma Thekumkattil, Cisiliamma Thuruthyil, James Madathilparambil (Late), Threisiamma Edayadyil, Thomas Madathilparambil, Marykutty Variath

**Wake: Monday, January 15, 2024** at **St. Mary's Knanaya Catholic Church**
7800 Lyons St. Morton Grove, IL 60053
**4 to 7 PM - General Viewing**
**7 to 8 PM -Mass**

**Funeral: Tuesday, January 16, 2024** at **St. Mary's Knanaya Catholic Church**
7800 Lyons St. Morton Grove, IL 60053
**9 to 9:30 AM - Viewing**
**9:30 AM- Mass and Final Eulogy**
**Burial immediately to follow at Mary Hill Catholic Cemetery**
8600 N. Milwaukee Ave. Niles, IL 60714

## MEDICARE SUPPLEMENTS & ADVANTAGE PLANS
## GET YOUR MEDICARE QUESTIONS ANSWERED

# MEDICARE

Medicare coverage can be confusing and it is important to make the best decision for you and your health. There are four different parts of Medicare:

| | |
|---|---|
| Part A<br>Hospital Insurance | Part C<br>$0 Premium Medicare Advantage Plans |
| Part B<br>Medical Insurance | Part D<br>Prescription Drug Coverage |

Medicare Supplement Plans Offered by Various Companies at competitive Rates

CALL or TEXT **RAJ SURENDRAN**

Senior Medicare Specialist
Investment Advisor Representative, MBA



**708-945-3985**

www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com

*There is no obligation,*
*All consultations are complimentary!*



Michael Crifase Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

## Michael Crifase and Steven Crifase

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603

Phone: (312) 855-0511,
Fax: (312) 855- 0537

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

# മാർ റാഫേൽ തട്ടിൽ മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റു

കൊച്ചി: അവർണനീയദാനത്തിനു കൃതജ്ഞതയും പുതുനിയോഗം അനുഗൃഹീതമാകാനുള്ള പ്രാർത്ഥനകളും സമന്വയിച്ച അതുല്യനിമിഷങ്ങളെ സാക്ഷിയാക്കി സീറോമലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഇദംപ്രഥമമായി വലിയ ഇടയന്റെ സ്ഥാനാരോഹണം. മാർ റാഫേൽ തട്ടിൽ സഭയുടെ നാലാമത്തെ മേജർ ആർച്ച്ബിഷപ്പായി ചുമതലയേറ്റു. അല്മായർ മുതൽ കർദിനാൾ വരെ സഭയുടെ സമസ്ത തലങ്ങളിലെയും പ്രതിനിധികൾ സംഗമിച്ച വിശുദ്ധ നിമിഷങ്ങളിലായിരുന്നു മേജർ ആർച്ച്ബിഷപ്പിന്റെ സ്ഥാനാരോഹണ ചടങ്ങുകൾ. തിരുവസ്ത്രങ്ങളണിഞ്ഞു മെത്രാന്മാരും വൈദികരും സഭാ ആസ്ഥാനത്തെ സെന്റ് തോമസ് ഓഡിറ്റോറിയത്തിൽ പ്രത്യേകം തയാറാക്കിയ മദ്ബഹയിലെത്തിയതോടെ ശുശ്രൂഷകൾക്കു തുടക്കമായി. മുഖ്യകാർമികനായ സഭയുടെ അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പുതിയ മേജർ ആർച്ച്ബിഷപ്പിനെ തെരഞ്ഞെടുത്ത വിവരം ഔദ്യോഗികമായി പ്രഖ്യാപിച്ച് സ്വാഗതം ആശംസിച്ചു. നിയമനത്തിനുള്ള മാർപാപ്പയുടെ അംഗീകാരപത്രിക കൂരിയ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ വായിച്ചു. സ്ഥാനമേൽക്കുന്ന മേജർ ആർച്ച്ബിഷപ് മദ്ബഹയിൽ മുട്ടുകുത്തി പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. സങ്കീർത്തനത്തിനുശേഷം മുഖ്യകാർമികൻ മേജർ ആർച്ച്ബിഷപ്പിനെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങളായ മുടിയണിയിച്ചും അംശവടി നൽകിയും പ്രത്യേക പീഠത്തിലേക്ക് ആനയിച്ചപ്പോൾ സമൂഹം കൃതജ്ഞതാഗാനം ആലപിച്ചു. പുതിയ മേജർ ആർച്ച്ബിഷപ്പിന്റെ ആശീർവാദത്തോടെ സ്ഥാനാരോഹണ ചടങ്ങുകൾ പൂർത്തിയായി. അഡ്മിനിസ്ട്രേറ്ററും മറ്റു മെത്രാന്മാരും പുതിയ മേജർ ആർച്ച്ബിഷപ്പിനെ ആശ്ലേഷിച്ച് ആദരവ് പ്രകടിപ്പിച്ചു. ആർച്ചുബിഷപ്പുമാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോസഫ് പാംപ്ലാനി എന്നിവർ ശുശ്രൂഷകളിൽ സഹകാർമികരായി.



സീറോമലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യകാർമികൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും സഹകാർമികരും അദ്ദേഹത്തെ പ്രത്യേക പീഠത്തിൽ ഇരുത്തിയപ്പോൾ.

തുടർന്ന് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലിന്റെ കാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. മാർ ജോസഫ് പാംപ്ലാനി വചനസന്ദേശം നൽകി. അനുമോദന സമ്മേളനത്തിൽ കെ.സി.ബി.സി. പ്രസിഡണ്ട് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യസന്ദേശം നൽകി.

സിനഡിലെയും വിവിധ സഭകളിലെയും മെത്രാന്മാർക്കൊപ്പം എല്ലാ സീറോമലബാർ രൂപതകളിൽനിന്നുമുള്ള അല്മായ, സമർപ്പിത, വൈദിക പ്രതിനിധികൾ, സുപ്പീരിയർ ജനറാൾമാർ, മേജർ ആർച്ച്ബിഷപ്പിന്റെ കുടുംബാംഗങ്ങൾ, ജനപ്രതിനിധികൾ, രാഷ്ട്രീയ, സാമൂഹ്യ നേതാക്കൾ എന്നിവരും സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുക്കാനെത്തി.

## ടി.എച്ച്. മുസ്തഫ അന്തരിച്ചു



പെരുമ്പാവൂർ: മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ടി.എച്ച്. മുസ്തഫ (82) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്നു. 1941-ൽ പെരുമ്പാവൂർ വാഴക്കുളത്ത് ജനിച്ച അദ്ദേഹം അഞ്ചുതവണ നിയമസഭാംഗമായി. 1977-ൽ ആലുവയിൽനിന്നാണ് ആദ്യമായി നിയമസഭയിലെത്തുന്നത്. പിന്നീട്, നാലു തവണ കുന്നത്തുനാട് മണ്ഡലത്തെ പ്രതിനിധീകരിച്ചു. കെ. കരുണാകരൻ മന്ത്രിസഭയിൽ 1991 മുതൽ 1995 വരെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരുന്നു. ഭാര്യമാർ: പരേതയായ ഹലീമ ബീവി, റിഫ്ഖ ബീഗം. മക്കൾ: ടി.എം. സാദിഖ് അലി, ടി.എം. അബ്ദുൽ സത്താർ, ടി.എം. സക്കീർ ഹുസൈൻ (കെ.പി.സി.സി. മുൻ സെക്രട്ടറി, മുൻ നഗരസഭാ ചെയർമാൻ), ടി.എം. ഷംസുദ്ദീൻ, ടി.എം. സിറാജുദ്ദീൻ, ടി.എം. ഷൗക്കത്ത് അലി, ഫാത്തിമ, ഐഷ (വിദ്യാർത്ഥി). മരുമക്കൾ: ഡോ. അബ്ദുൽ റസാഖ്, റഹ്നു സാദിഖ്, നദീറ സത്താർ, ഷിഫ സക്കീർ, തസ്നിം ഷംസുദ്ദീൻ, ഷാഹിദ സിറാജുദ്ദീൻ.

## വീണാ വിജയന്റെ കമ്പനിക്കെതിരെ അന്വേഷണം

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ കമ്പനിക്കെതിരെ അന്വേഷണം പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. വീണയുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക് കമ്പനിക്കെതിരെ കേന്ദ്ര കമ്പനികാര്യ മന്ത്രാലയമാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. പ്രാഥമിക പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയിരുന്നു. സി.എം.ആർ.എലും കെ.എസ്.ഐ.ഡി.സിയും അന്വേഷണ പരിധിയിലുണ്ട്. മാസപ്പടി വിവാദത്തിനു പിന്നാലെ കേന്ദ്ര കോർപറേറ്റ് കാര്യ മന്ത്രാലയമാണ് അന്വേഷണം പ്രഖ്യാപിച്ചത്. ഇതിനിടെ, മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ കമ്പനിയുമായി ബന്ധപ്പെട്ട മാസപ്പടി ആരോപണത്തിൽ കേന്ദ്രം നടത്തുന്ന അന്വേഷണം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ഹൈക്കോടതി നിർദേശിച്ചിട്ടുണ്ട്. നിലവിൽ അന്വേഷണം നടക്കുന്നുണ്ടെന്ന് കേന്ദ്രസർക്കാർ അറിയിച്ചതിനെ തുടർന്നാണ് രേഖകൾ ഹാജരാക്കാൻ നിർദേശിച്ചത്. കേന്ദ്ര കമ്പനികാര്യ മന്ത്രാലയം സംഭവത്തിൽ വിശദമായ പരിശോധനയിലേക്ക് കടന്നിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു. എല്ലാ ഇടപാടുകളും പരിശോധിക്കുന്നുണ്ട്. കമ്പനികാര്യ മന്ത്രാലയത്തിന്റെ സമിതിയാണ് പരിശോധന നടത്തുന്നതെന്നും കേന്ദ്രം കോടതിയിൽ അറിയിച്ചു. അന്വേഷണം നടക്കുന്നുണ്ടെങ്കിലും കേന്ദ്ര കമ്പനികാര്യ മന്ത്രാലയത്തിലെ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫിസ് (എസ്.എഫ്.ഐ.ഒ.) അന്വേഷണത്തിന് തടസ്സമില്ലെന്ന് ഹർജിക്കാരനായ കോട്ടയം ജില്ലാ പഞ്ചായത്തംഗം ഷോൺ ജോർജ് കോടതിയെ അറിയിച്ചു. വീണാ വിജയന്റെ എക്സാലോജിക് കമ്പനിയും ആലുവയിലെ സി.എം.ആർ.എൽ. കമ്പനിയും തമ്മിലുള്ള സാമ്പത്തിക ഇടപാടിൽ വലിയ തട്ടിപ്പു നടന്നുവെന്നും നൽകിയ പണം മാസപ്പടിയാണെന്നുമാണ് ആരോപണം.

വീണയുടെ ഉടമസ്ഥതയിലുള്ള എക്സാലോജിക്, കൊച്ചിയിലെ സി.എം.ആർ.എൽ, പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. എന്നിവയ്ക്കെതിരെ അന്വേഷണത്തിനായി മുതിർന്ന ഉദ്യോഗസ്ഥ സംഘത്തെ കേന്ദ്ര സർക്കാർ നിയോഗിച്ചിരുന്നു. എസ്.എഫ്.ഐ.ഒ. അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടാണ് ഷോൺ കോടതിയെ സമീപിച്ചത്. ഹർജി 24-ന് പരിഗണിക്കാൻ മാറ്റി.

## ഇന്ത്യയിലെ ഏറ്റവും വലിയ കടൽപ്പാലം 'അടൽ സേതു' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

മുംബൈ: ഇന്ത്യയിലെ ഏറ്റവും വലിയ കടൽപ്പാലമായ മുംബൈ ട്രാൻസ് ഹാർബർ ലിങ്ക് (അടൽ സേതു) പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 17,840 കോടി രൂപ ചെലവിൽ താനെ കടലിടുക്കിനു കുറുകേ മുംബൈയെയും നവിമുംബൈയെയും ബന്ധിപ്പിച്ചാണ് അടൽ സേതു നിർമിച്ചിരിക്കുന്നത്. പാലത്തിന് 21.8 കിലോമീറ്റർ നീളമുണ്ട്. ലോകത്തിലെ കടൽപ്പാലങ്ങളിൽ 12-ാം സ്ഥാനം. മുംബൈയിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകാൻ അടൽ സേതുവിന് സാധിക്കുമെന്നാണ് കണക്കാക്കുന്നത്. പാലം ഉദ്ഘാടനം ചെയ്തതോടെ നവിമുംബൈയിൽനിന്ന് മുംബൈയിലേക്ക് എത്താനുള്ള സമയം ഒന്നര മണിക്കൂറിൽനിന്ന് 20 മിനിറ്റായി ചുരുങ്ങും. മധ്യമുംബൈയിലെ സെവ്രിയിൽനിന്ന് തുടങ്ങുന്ന പാലം നവിമുംബൈയിലെ ചിർലെയിലാണ് അവസാനിക്കുന്നത്. 16.5 കിലോമീറ്റർ കടലിലും 5.5 കിലോമീറ്റർ കരയിലുമായാണ് കടൽപ്പാലം സ്ഥിതിചെയ്യുന്നത്.



മുംബൈയിലെ ശിവ്‌രി മുതൽ നാവസേവ വരെയുള്ള കടൽപാലം അടൽ സേതുവിലൂടെ നടക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി

27 മീറ്ററാണ് പാലത്തിന്റെ വീതി. 1,77,903 മെട്രിക് ടൺ ഉരുക്കും (അടൽ സേതുവിൽ ഉപയോഗിച്ച ഉരുക്കുകൊണ്ട് 4 ഹൗറ പാലങ്ങളും 17 ഈഫൽ

(ശേഷം 24-ാം പേജിൽ)

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 03
January 19, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ഉയരങ്ങളിലേക്കുള്ള ചവിട്ടുപടി മുഴുവൻ കാണുന്നില്ലെങ്കിൽപോലും വിശ്വാസമുള്ളതുകൊണ്ട് നമ്മൾ ആദ്യ ചുവട് വെക്കുന്നു.

**മാർട്ടിൻ ലൂഥർ ജൂനിയർ**


7–ാം ചരമവാർഷികം
1–21–2024
അന്നമ്മ ജെയിംസ്
മഞ്ഞാങ്കൽ
ചിക്കാഗോ
ദുഃഖസ്മരണകളോടെ
കുടുംബാംഗങ്ങൾ


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അധികാരത്തിൽ അഹങ്കരിക്കുന്ന ഭരണകൂടം

പ്രതിപക്ഷ നേതൃനിരയിലുള്ളവർക്കുനേരെ കൊടുംഭീകരവാദികളോടെന്നവിധം പോലീസിന്റെ നടപടിയുണ്ടാകുന്നത് ഏകാധിപത്യ രാജ്യങ്ങളിൽമാത്രമാണെന്നായിരുന്നു നമ്മുടെ ധാരണ. എന്നാൽ, ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് ആണയിട്ടുപോരുന്ന സി.പി.എം. തങ്ങളുടെ ചൊൽപടിയിലുള്ള പോലീസ് സേനയെ രാഷ്ട്രീയ പ്രതികാരമടക്കമുള്ള നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതാണ് കേരളം ഇപ്പോൾ കണ്ടുവരുന്നത്. അധികാരത്തിന്റെ ദുരുപയോഗം സകല സീമകളും ലംഘിക്കുമ്പോൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ജനത്തിനു സഹികെടുന്നതു സ്വാഭാവികം. 'അധികാരമെന്നാൽ ജനസേവനത്തിനു കിട്ടുന്ന ഒരവസരമെന്ന സിദ്ധാന്തത്തെ പണ്ടെന്നോ നമ്മൾ കുഴിവെട്ടി മൂടി' എന്ന് എം.ടി. വാസുദേവൻ നായർക്ക് പറയേണ്ടിവന്നത് ഇതിനോടു ചേർത്തു വായിക്കണം.

സെക്രട്ടേറിയറ്റ് മാർച്ചുമായി ബന്ധപ്പെട്ട കേസിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മൂങ്കൂട്ടത്തിലിനെ പോലീസ് അറസ്റ്റ് ചെയ്തതിലെ വഴിവിട്ട രീതിയും അനാവശ്യ നാടകീയതയും തുടർനടപടികളും, അധികാരകാര രാഷ്ട്രീയത്തോടു പോലീസ് പുലർത്തുന്ന വിധേയത്വശൈലിയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. ഭരണകൂട ഭീകരതയുടെ കരാളമുഖമാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന ആരോപണം ഗൗരവമുള്ളതാണ്. ക്രമസമാധാനപാലനം നിർവഹിക്കേണ്ട പോലീസിന്റെ മന്ത്രികൂടിയായ മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശത്തോടെയാണ് ഈ അന്യായ നടപടി നടന്നതെന്നാണു വിമർശനം. പ്രതിഷേധിക്കാനും സമരം ചെയ്യാനും കരിങ്കൊടി ഉയർത്തിക്കാട്ടാനുമൊക്കെ ജനാധിപത്യപരമായി അവകാശമുള്ള നാടാണിത്. എന്നാൽ, ആ പ്രതിഷേധങ്ങളെ ഏകാധിപത്യത്തിന്റെയും കയ്യൂക്കിന്റെയും ശൈലിയിൽ അടിച്ചമർത്തുകയും അതിന്റെ നേതൃനിരയിലുള്ളവർക്കുനേരെ ഭീകരമായൊരു കുറ്റകൃത്യം ചെയ്തിട്ടെന്ന മട്ടിൽ പോലീസ് നടപടിയുണ്ടാകുകയും ചെയ്യുമ്പോൾ കേരളം അത്യന്തം ഭയാനകമായ സാഹചര്യത്തിലേക്കു പതിക്കുകയാണെന്ന് ആശങ്കപ്പെടാതെ വയ്യ.

സി.പി.എമ്മിൽനിന്നു ശമ്പളം പറ്റുകയാണെന്നു തോന്നിപ്പിക്കുന്നതാണ് ചില പോലീസ് ഉദ്യോഗസ്ഥരുടെയെങ്കിലും വിധേയത്വം. നവകേരള യാത്രയ്ക്കിടെയുണ്ടായ പോലീസ് നടപടികൾ ഇതിന്റെ സമീപകാല ഉദാഹരണങ്ങളാണ്. മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച യു.ഡി.എഫ്. പ്രവർത്തകർക്കെതിരെ പോലീസ് ഒട്ടേറെ കേസുകളെടുത്തപ്പോൾ, സമാന്തര പോലീസ് ചമഞ്ഞ് പ്രതിഷേധക്കാരെ മർദിച്ച സി.പി.എം. പ്രവർത്തകർക്കെതിരെയുള്ളത് തീരെക്കുറവു കേസുകൾ മാത്രം. മന്ത്രിമാരും എം.എൽ.എമാരും ഉൾപ്പെട്ട 128 കേസുകൾ അഞ്ച് വർഷത്തിനിടെ പിൻവലിച്ച സർക്കാർ, ജനകീയസമരങ്ങളുടെ പേരിലെടുത്ത കേസുകൾ തുടരുന്നതിലും ഈ ഇരട്ടത്താപ്പു പ്രകടമാണ്.

സർക്കാരിന്റെയും മുഖ്യഭരണകക്ഷിയായ സി.പി.എമ്മിന്റെയും ജനകീയ മുഖംമൂടിക്കു പിന്നിലെ യാഥാർത്ഥ്യം ജനങ്ങൾ തിരിച്ചറിയാൻ തുടങ്ങിയിട്ടു വർഷങ്ങളേറെയായി. വിമർശനങ്ങളോടു സർക്കാരിനുള്ള കടുത്ത അസഹിഷ്ണുതയും ജനാധിപത്യവിരുദ്ധ നിലപാടും കേരളത്തെയാകെ അരക്ഷിതാവസ്ഥയിലേക്കു തള്ളിയിടുന്നു. സർവാധിപത്യവും അധികാരമുഷ്ക്കും ധാർഷ്ട്യവും ജനങ്ങളാൽ ചോദ്യം ചെയ്യപ്പെടുമെന്നു സി.പി.എം. ഇപ്പോഴും മനസ്സിലാക്കാത്തത് എന്തുകൊണ്ടാണ്?

സമൂഹത്തിന്റെ സ്വാതന്ത്ര്യത്തെയും വികാസത്തെയുംപറ്റി എന്നോ രൂപംകൊണ്ട ചില പ്രമാണങ്ങളിൽത്തന്നെ മുറുകെപ്പിടിക്കുന്നവരെ കാലം പിന്തള്ളുന്നു. മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റ സ്വാതന്ത്ര്യസങ്കൽപങ്ങൾ നിരന്തരമായ വിശകലനത്തിനും തിരുത്തലിനും വിധേയമാക്കേണ്ടിവരുന്നു. നയിക്കാൻ ഏതാനുംപേരും നയിക്കപ്പെടാൻ അനേകരും എന്ന പഴയ സങ്കൽപത്തെ മാറ്റിയെടുക്കാനാണ് ഇ.എം.എസ്. എന്നും ശ്രമിച്ചത്. ആചാരോപചാരമായ നേതൃത്വപൂജകളിലൊന്നും അദ്ദേഹത്തെ കാണാതിരുന്നതും അതുകൊണ്ടുതന്നെയാണ്.

കാലം സമൂഹത്തെ എത്തിക്കുന്ന ചില അവസ്ഥകളിൽ ചില നിമിത്തങ്ങളായി ചിലർ നേതൃത്വത്തിലെത്തുന്നു. ഉത്തരവാദിത്തത്തെ ഭയത്തോടെയല്ലാതെ ആദരവോടെ സ്വീകരിച്ച, എല്ലാവിധത്തിലുമുള്ള അടിച്ചമർത്തലുകളിൽനിന്നു മോചനം നേടാൻ വെമ്പുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടി ലക്ഷ്യമാക്കുന്ന ഒരു നേതാവിന് എന്നും പുതിയ പഥങ്ങളിലേക്കു ചിന്തയും പുതിയ ചക്രവാളങ്ങളിലേക്കു വീക്ഷണവും ഉണ്ടായിരിക്കണം. അപ്പോൾ ഒരു നേതാവ്, ഒരു നിമിത്തമല്ലാതെ ചരിത്രപരമായ ഒരാവശ്യകതയായി മാറുന്നു. അതായിരുന്നു ഇ.എം.എസ്. ഇതു കാലത്തിന്റെ ആവശ്യമാണെന്ന് അധികാരത്തിലുള്ളവർ ഉൾക്കൊണ്ടു പ്രവർത്തിക്കാൻ തയാറാകുമെന്നു പ്രത്യാശിക്കുന്നു.

# 'ഇന്ത്യ'യിൽ വിട്ടുവീഴ്ചയ്ക്കു കോൺഗ്രസ്; ശ്രദ്ധ കേന്ദ്രീകരിക്കുക 255 സീറ്റിൽ

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് സീറ്റ് വിഭജനത്തിൽ 'ഇന്ത്യ' സഖ്യത്തിൽ വിട്ടുവീഴ്ചയ്ക്ക് തയാറായി കോൺഗ്രസ്. മത്സരിക്കുന്ന സീറ്റുകളുടെ എണ്ണം സംബന്ധിച്ച് പിടിവാശി വേണ്ടെന്നും ഉറപ്പുള്ള 255 സീറ്റികളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടു പോകാനുമാണ് ദേശീയ നേതൃത്വത്തിന്റെ തീരുമാനം.

പ്രതിപക്ഷ വോട്ടുകൾ ഭിന്നിക്കാതിരിക്കാൻ ഇന്ത്യ മുന്നണിയിലെ സഖ്യകക്ഷികളുമായി വിട്ടുവീഴ്ചയാകാമെന്നാണു പാർട്ടി നിലപാട്. സഖ്യകക്ഷികളുമായി സീറ്റ് വിഭജന ചർച്ചകൾ ആരംഭിക്കാൻ നാഷണൽ അലയൻസ് കമ്മിറ്റിക്ക് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ നിർദേശം നൽകിയിരുന്നു. മുൻമുഖ്യമന്ത്രിമാരായ അശോക് ഗെലോട്ട്, ഭൂപേഷ് ബാഗൽ, മുതിർന്ന നേതാക്കളായ മുകുൾ വാസ്നിക്, സൽമാൻ ഖുർഷിദ്, മോഹൻ പ്രകാശം എന്നിവരാണ് സമിതിയിലുള്ളത്. ബിഹാർ, പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ സഖ്യകക്ഷികളുടെ നിലപാടുകൾ കോൺഗ്രസിന് തിരിച്ചടിയാണ്. ബിഹാറിൽ 16 സീറ്റുകൾ വീതം പങ്കിട്ടെടുത്ത ആർ.ജെ.ഡിയും ജെ.ഡി.യുവും കോൺഗ്രസിന് മാറ്റിവെച്ചത് അഞ്ചു സീറ്റാണ്. ഇടതു പാർട്ടികൾക്ക് മൂന്നു സീറ്റാണ് വാഗ്ദാനം.

എന്നാൽ, പശ്ചിമ ബംഗാളിൽ 42 സീറ്റിൽ മത്സരിക്കുമെന്നു പ്രഖ്യാപിച്ച തൃണമൂൽ കോൺഗ്രസ് നേതാവ് മമത ബാനർജി, കോൺഗ്രസിനായി മാറ്റിവെച്ചത് വെറും രണ്ടു സീറ്റാണ്. ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടി 65 സീറ്റിൽ മത്സരിക്കുമെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. കോൺഗ്രസിനും രാഷ്ട്രീയ ലോക്ദളിനുമായി നീക്കിവെച്ചത് കേവലം 15 സീറ്റുകൾ മാത്രം. മഹാരാഷ്ട്രയിൽ ശിവസേന ഉദ്ധവ് താക്കറെ വിഭാഗം 23 സീറ്റിന് അവകാശവാദമുന്നയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 25 സീറ്റുകൾ എൻ.സി.പി. കോൺഗ്രസ് പാർട്ടികൾ പങ്കിട്ടെടുക്കേണ്ടിവരും. 255 സീറ്റുകളിൽ കോൺഗ്രസ് മത്സരിക്കുമെന്നാണ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഈയിടെ വ്യക്തമാക്കിയത്. അങ്ങനെയെങ്കിൽ കോൺഗ്രസിന്റെ ചരിത്രത്തിൽ തന്നെ ഏറ്റവും കുറഞ്ഞ സീറ്റാകും 2024-ലേത്. 1951 മുതൽ 2019 വരെയുള്ള 17 ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ ഓരോന്നിലും ശരാശരി 478 സീറ്റുകളിലാണ് കോൺഗ്രസ് മത്സരിച്ചത്. നരസിംഹ റാവുവിന്റെ ഭരണത്തിനു ശേഷം 1996-ൽനടന്ന തെരഞ്ഞെടുപ്പിലാണ് കോൺഗ്രസ് ഏറ്റവും കൂടുതൽ സീറ്റിൽ മത്സരിച്ചത്. അന്ന് 529 സീറ്റിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ ജനവിധിതേടി. 2014-ൽ കോൺഗ്രസ് 464 സീറ്റിൽ മത്സരിച്ചു. 2019-ൽ 421 സീറ്റിൽ ജനവിധിതേടിയ കോൺഗ്രസ്, 52 ഇടത്തു മാത്രമാണു വിജയിച്ചത്. 209 സീറ്റുകളിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾ രണ്ടാം സ്ഥാനത്തെത്തി. എന്നാൽ, 160 സീറ്റുകളിൽ പാർട്ടി സ്ഥാനാർത്ഥികൾ മൂന്നാംസ്ഥാനത്തേക്കോ അതിനു താഴേക്കോ പിന്തള്ളപ്പെട്ടു.

# സിപിഎം ഭീകരരുടെ പാർട്ടി; സഖ്യത്തിനില്ലെന്നു മമത

കൊൽക്കത്ത: സി.പി.എം. ഭീകരരുടെ പാർട്ടിയെന്ന് തൃണമൂൽ കോൺഗ്രസ് മേധാവിയും ബംഗാൾ മുഖ്യമന്ത്രിയുമായ മമതാ ബാനർജി. വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ സി.പി.എമ്മുമായി സഖ്യത്തിൽ ഏർപ്പെടില്ലെന്നും മമത വ്യക്തമാക്കി. സൗത്ത് 24 പർഗാനാസിലെ ജയ്നഗറിൽ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ഇതോടെ പ്രതിപക്ഷ 'ഇന്ത്യാ' മുന്നണിയിലെ ഭിന്നത കൂടുതൽ വ്യക്തമായി.



"ഭീകര പാർട്ടിയായ സി.പി.എം. ബി.ജെ.പിയെ സഹായിക്കുകയാണ്. ഇടതുപക്ഷം 34 വർഷം അധികാരത്തിലിരുന്നപ്പോൾ എന്താണ് ചെയ്തത്? ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു അവരുടെ പ്രധാന പണി. ഇക്കാലത്ത് ആളുകൾക്ക് എന്ത് ലഭിച്ചു? തൃണമൂൽ കോൺഗ്രസിന്റെ ഭരണത്തിൽ 20,000-ത്തിലധികം ആളുകൾക്ക് സർക്കാർ ജോലി ലഭിച്ചു. അവരുടെ ഭരണകാലത്ത് ജനങ്ങൾക്ക് ഒന്നും കിട്ടിയില്ല"- മമത പറഞ്ഞു. ബി.ജെ.പിക്കും സി.പി.എമ്മിനുമെതിരെയാണ് തന്റെ പോരാട്ടമെന്നും മമത വ്യക്തമാക്കി.

തൃണമൂൽ കോൺഗ്രസുമായി സഖ്യത്തിൽ ഏർപ്പെടില്ലെന്ന് സി.പി.എം. നേരത്തെ വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്ത് സി.പി.എം., കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ് എന്നീ മൂന്ന് പാർട്ടികൾക്കും ഒരു പൊതുവേദിയിൽ വരുന്നത് ബുദ്ധിമുട്ടാണെന്ന് സി.പി.എം. ജനറൽസെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞിരുന്നു. ഇതിനിടെയാണ് നിലപാടു വ്യക്തമാക്കി മമതയും രംഗത്തുവന്നത്. അതിനിടെ, ബി.ജെ.പിയുമായി തൃണമൂലിന് രഹസ്യ ധാരണയുണ്ടെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.ഡി. സെലിം ആരോപിച്ചിരുന്നു. അഴിമതിക്കാരായ തൃണമൂൽ കോൺഗ്രസിന് അവരുടെ നേതാക്കളെ സി.ബി.ഐയുടെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെയും (ഇ.ഡി.) പരിശോധനയിൽനിന്ന് രക്ഷിക്കാൻ ബി.ജെ.പിയുമായി രഹസ്യ ധാരണയുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ ആരോപണം.

അതേസമയം, കോൺഗ്രസുമായുള്ള സഖ്യത്തെ സംബന്ധിച്ച് മമത നിശബ്ദത പാലിച്ചുവെന്നതും ശ്രദ്ധേയമാണ്. കോൺഗ്രസ് ബംഗാൾ ഘടകത്തിൽ വലിയൊരു വിഭാഗവും മമതയുമായുള്ള സഖ്യത്തിനെതിരാണ്. സംസ്ഥാനത്ത് ഇടതുപക്ഷവുമായി സഖ്യം തുടരണമെന്ന വാദമാണ് ഇവർ ഉന്നയിക്കുന്നത്.

കോൺഗ്രസ് സംസ്ഥാന അധ്യക്ഷനും ലോക്സഭാ പ്രതിപക്ഷ നേതാവുമായ അധീർ രഞ്ജൻ ചൗധരിയും ഇതേപക്ഷക്കാരനാണ്. സംസ്ഥാനത്തെ 42 ലോക്സഭാ സീറ്റുകളിൽ രണ്ടെണ്ണം കോൺഗ്രസിന് നൽകാമെന്നാണ് തൃണമൂൽ നേതൃത്വത്തിന്റെ നിലപാട്. ഇതിന് കോൺഗ്രസ് വഴങ്ങിയില്ലെന്നതും ഉറപ്പാണ്.

# ഇന്ത്യ– കാനഡ സംഘർഷത്തിന്റെ മഞ്ഞുരുക്കി 'വൈബ്രന്റ് ഗുജറാത്ത്'

ഗാന്ധിനഗർ: ഖലിസ്ഥാൻ ഭീകരവാദത്തേച്ചൊല്ലി ഇന്ത്യ-കാനഡ ബന്ധത്തിൽ അടുത്തിടെയുണ്ടായ അസ്വാരസ്യത്തിന്റെ മഞ്ഞുരുകുന്നുവെന്ന സൂചന നൽകി വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടി. തന്ത്രപരമായ താൽപ്പര്യങ്ങളിൽ ഇരുരാജ്യങ്ങൾക്കും ഒരേ മനസാണുള്ളതെന്ന്, ഉച്ചകോടിയോടനുബന്ധിച്ചുള്ള സെമിനാറിൽ സംസാരിക്കവേ കാനഡ ഹൈക്കമ്മിഷണർ ക്യാമറൂൺ മാക്കേ ചൂണ്ടിക്കാട്ടി. ജനങ്ങൾക്കിടയിലും ബിസിനസ് രംഗത്തുമുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കാനുള്ള വേദിയാണു വൈബ്രന്റ് ഗുജറാത്ത് ഉച്ചകോടിയെന്നു മാക്കേ പറഞ്ഞു. കഴിഞ്ഞ കുറേമാസങ്ങളായി ഇരുരാജ്യങ്ങൾക്കുമിടയിൽ ചില സംഘർഷങ്ങളുണ്ടായിരുന്നു. അതൊരു രഹസ്യമല്ല. എന്നാൽ, ഇരുരാജ്യങ്ങളുടെയും ഉത്തമതാൽപ്പര്യത്തിന് അനുയോജ്യമായ വിധത്തിൽ വ്യാപാര-നിക്ഷേപങ്ങൾ തുടരാൻ ഇന്ത്യൻ നേതൃത്വവും ഈ ഉച്ചകോടിയിൽ പങ്കെടുക്കുന്ന ബിസിനസ് സമൂഹവും ആത്മവിശ്വാസമേകുന്നു. ബിസിനസ് രംഗത്തെ പരസ്പരബന്ധം തൊഴിലവസരങ്ങൾ വർധിപ്പിക്കും. സാങ്കേതികരംഗത്തെ സഹകരണം ഇരുരാജ്യങ്ങളെയും ക്ഷേമത്തിലേക്കു നയിക്കും.

"എന്റെ രാജ്യത്തെ സർക്കാരിനോടും ഇന്ത്യൻ സർക്കാരിനോടും രണ്ടിടത്തെയും ബിസിനസ് സമൂഹത്തോടുമുള്ള എന്റെ ഉപദേശം ഇതാണ്. സർക്കാരുകൾ നയതന്ത്രതലത്തിൽ എന്താണോ ചെയ്യുന്നത് അത് തുടരട്ടെ. എന്നാൽ, ദീർഘകാലാടിസ്ഥാനത്തിൽ ഇന്ത്യയുടെയും കാനഡയുടെയും തന്ത്രപരമായ താൽപ്പര്യങ്ങൾ ഒന്നാണെന്ന് എല്ലാവർക്കുമറിയാം. ബിസിനസും രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദവും ഊട്ടിയുറപ്പിക്കാൻ നമുക്ക് ഒറ്റക്കെട്ടായി ശ്രമിക്കാം" - മാക്കേ പറഞ്ഞു. നയതന്ത്രരംഗത്തെ പ്രശ്നങ്ങൾ ഇരുരാജ്യങ്ങളുടെയും ബിസിനസ് ബന്ധങ്ങളെ ബാധിച്ചിട്ടില്ലെന്നു ഹൈക്കമ്മീഷണർ ചൂണ്ടിക്കാട്ടി. നൂറിലേറെ ഇന്ത്യൻ കമ്പനികൾ കാനഡയിലും അറുന്നൂറിലേറെ കനേഡിയൻ കമ്പനികൾ ഇന്ത്യയിലും നിക്ഷേപം നടത്തിയിട്ടുണ്ട്. ഈയിടെ താൻ ഗുജറാത്തിലെ മക്കെയിൻ കമ്പനി സന്ദർശിച്ചതും അദ്ദേഹം അനുസ്മരിച്ചു. ഇരുരാജ്യങ്ങൾക്കുമിടയിലെ സംഘർഷം താത്കാലികമാണെന്നും അത് ബിസിനസ് ബന്ധങ്ങളെ ബാധിക്കില്ലെന്നും കാനഡയിലെ മുൻ ഇന്ത്യൻ ഹൈക്കമ്മിഷണർ അജയ് ബിസാരിയ പറഞ്ഞു.

# ആടുകളെ അറിയുന്ന ഇടയൻ



കാലത്തിന്റെ അനിവാര്യതയിൽ ആത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട ദൈവനിയോഗത്തെ സീറോമലബാർ സഭാ സിനഡ് കണ്ടെത്തിയിരിക്കുന്നു. സഭയുടെ നാലാമതു മേജർ ആർച്ച്ബിഷപ്പായി ഷംഷാബാദ് രൂപത മെത്രാൻ മാർ റാഫേൽ തട്ടിൽ തെരഞ്ഞെടുക്കപ്പെട്ടു. ആഗോള കത്തോലിക്കാസഭയ്ക്കും സീറോ മലബാർ സഭയ്ക്കും ഈ സദ്വാർത്ത സമ്മാനിക്കുന്നത് ആനന്ദത്തിന്റെ നിമിഷങ്ങൾ മാത്രമല്ല, മനുഷ്യന്റെ നിഗമനങ്ങൾക്ക് അപ്പുറമുള്ള ദൈവത്തിന്റെ പദ്ധതികളുടെ ഉറപ്പായ സംരക്ഷണം കൂടിയാണ്.

മേജർ ആർച്ച്ബിഷപ്പായിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി സ്ഥാനമൊഴിഞ്ഞ ഒഴിവിലേക്കാണ് സിനഡ് പുതിയ സഭാതലവനെ



തെരഞ്ഞെടുത്തത്. ആഗോള കത്തോലിക്കാസഭയുടെ തലവനായ മാർപാപ്പയ്ക്കു വിധേയമാണ് സീറോമലബാർ സഭ എന്നതിനാൽ സിനഡിന്റെ തീരുമാനത്തിന് ഫ്രാൻസിസ് മാർപാപ്പ അംഗീകാരം നൽകിയതിനുശേഷമാണ് പ്രഖ്യാപനമുണ്ടായത്.

തൃശൂർ ബസിലിക്ക ഇടവകാംഗമായ മാർ റാഫേൽ തട്ടിൽ 1956 ഏപ്രിൽ 21-ന് തട്ടിൽ തോമ ഔസേഫ്-ത്രേസ്യ ദമ്പതികളുടെ പുത്രനായി ജനിച്ചു. 1980-ൽ വൈദികനായി. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം തൃശൂർ അതിരൂപത മതബോധന വിഭാഗത്തിന്റെ ഡയറക്ടറായി. 2010-ൽ തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി. 2018 മുതൽ, സീറോമലബാർ സഭയുടെ ഏറ്റവും വിസ്തൃതമായ രൂപതയായ തെലങ്കാനയിലെ ഷംഷാബാദ് രൂപതയുടെ ആദ്യ മെത്രാനായി സേവനമനുഷ്ഠിക്കുകയാണ്.

23 സംസ്ഥാനങ്ങളും രണ്ടു കേന്ദ്രഭരണ പ്രദേശങ്ങളും രണ്ട് ദ്വീപുകളും അടങ്ങുന്ന ഷംഷാബാദ് രൂപതയുടെ മെത്രാൻ സീറോമലബാർ സഭയുടെ അധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹത്തോടൊപ്പം ചേർന്നുനിൽക്കാനും സഭയുടെ ഐക്യത്തിലും കെട്ടുറപ്പിലും പങ്കാളികളാകാനും സഭാംഗങ്ങളും ക്ഷണിക്കപ്പെടുകയാണ്.

രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള ഭാരതസഭ അതിന്റെ പാരമ്പര്യത്തിലും അസ്തിത്വത്തിലും അധിഷ്ഠിതമായ സ്വയംഭരണത്തിലേക്കു കടന്നതിന്റെ ശതാബ്ദിയാഘോഷിച്ചു ദിവസങ്ങൾക്കകമാണ് പുതിയ സഭാധ്യക്ഷനെ ലഭിച്ചിരിക്കുന്നത്.

വിശുദ്ധ പത്രോസിനെ സഭയുടെ തലവനായി ഈശോ നിയമിച്ചത് നീ എന്റെ ആടുകളെ മേയ്ക്കുക എന്ന പ്രസ്താവനയിലൂടെയാണ്. സീറോമലബാർ സഭയുടെ സിനഡ് മാർ റാഫേൽ തട്ടിലിനെ സഭയുടെ തലവനായി തെരഞ്ഞെടുത്തത് ഇതേ മനസോടെയാണ്. പ്രാദേശികമോ രാഷ്ട്രീയമോ മാനുഷികമോ ആയ വ്യത്യസ്ത മാനദണ്ഡങ്ങളല്ല, പരിശുദ്ധാത്മാവാണ് മേജർ ആർച്ച്ബിഷപ്പിനെ തെരഞ്ഞെടുക്കുന്നതെന്ന് സിനഡിലെ അംഗങ്ങൾ തെളിയിച്ചിരിക്കുന്നു. ആടുകളെ അറിയുന്ന ഒരു ഇടയനെ തെരഞ്ഞെടുക്കുക വഴിയായി സീറോമലബാർ സിനഡിലെ മെത്രാന്മാർ ബഹുമാനിതരായിരിക്കുകയാണ്.

2017-ൽ ഷംഷാബാദ് രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായ മാർ തട്ടിൽ ഭാരതത്തിലെ ഔദ്യോഗിക സീറോമലബാർ രൂപതകളുടെ പുറത്തുള്ള എല്ലാ സീറോമലബാർ വിശ്വാസികളുടെയും ആത്മീയ ആവശ്യങ്ങൾ യഥോചിതം നിർവഹിക്കുന്നതിൽ കാണിച്ച ശ്രദ്ധയും ത്യാഗവും പകരംവെക്കാനാകാത്തതാണ്. ഒന്നുമില്ലായ്മയിൽനിന്ന് ഷംഷാബാദ് രൂപതയ്ക്ക് ഘടനയും ഭാവവും നൽകിയത് പ്രശംസ അർഹിക്കുന്നു. ഏല്പിക്കപ്പെട്ട ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുന്ന പിതാവിനെ ദൈവം ഏല്പിച്ച പുതിയ ദൗത്യമാണ് സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് എന്ന പദവി.

തന്റെ ഡോക്ടറൽ ബിരുദപഠനത്തിനുശേഷം കുണ്ടുകുളം പിതാവിന്റെ സെക്രട്ടറിയായി നിയമിതനായ മാർ റാഫേൽ തട്ടിൽ അപ്രതീക്ഷിതമായാണ് തൃശൂർ അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടറായി ചുമതലയേൽക്കുന്നത്.

ദീർഘകാലം ജോസഫ് കുണ്ടുകുളം പിതാവിന്റെ സെക്രട്ടറിയായി അനുഗമിച്ചതു കൊണ്ടാകാം കുണ്ടുകുളം പിതാവിന്റെ ശൈലി മാർ റാഫേൽ തട്ടിൽ സ്വന്തമാക്കിയത്. ഈ കാലയളവിൽ വിശ്വാസ പരിശീലന അധ്യാപകരെ പരിശീലിപ്പിക്കാനാണ് ഏറെ പ്രാമുഖ്യം നൽകിയത്. മാത്രമല്ല അല്മായർക്ക് ദൈവശാസ്ത്ര ആഭിമുഖ്യം ലഭിക്കാൻ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ് ആരംഭിക്കുകയും ചെയ്തു. ഈ ഡിപ്ലോമ പരിപാടിയാണ് പിന്നീട് ലുവൈൻ യൂണിവേഴ്സിറ്റിയുമായി കരാറുണ്ടാക്കി അനേകം അല്മായ സഹോദരങ്ങൾക്ക് ദൈവശാസ്ത്ര ബിരുദം നേടാനുള്ള അവസരം സൃഷ്ടിച്ചത്. അല്മായരെ വിശ്വാസദൗത്യം ഏൽപ്പിക്കാനും അവർക്ക് സ്വാതന്ത്ര്യം നൽകാനും അവരെ വളർത്താനും കഴിഞ്ഞകാലങ്ങളിൽ കാണിച്ച ഔത്സുക്യം തീർച്ചയായും സീറോമലബാർ സഭയുടെ തുടർന്നുള്ള വളർച്ചയിൽ സഹായകരമാകും.

1998-ൽ മേരിമാത മേജർ സെമിനാരിയുടെ തറക്കല്ലിടുന്നതു മുതൽ 2005-ൽ തൃശൂർ അതിരൂപതയുടെ വികാരി ജനറാൾ ആകുന്നതുവരെ വൈദിക പരിശീലനത്തിന് പുത്തൻ ദിശാബോധം നൽകിയ വ്യക്തിയായിരുന്നു മാർ റാഫേൽ തട്ടിൽ.

പരിശീലന കാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥികളെ മിഷൻ അനുഭവത്തിനായി വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ സേവനത്തിന് അയയ്ക്കുന്ന പതിവ് ആരംഭിച്ചു. ജീവിതത്തിലെ കഷ്ടതകളിൽ പങ്കുചേരാത്ത വൈദിക പരിശീലനം ഉപയോഗപ്രദമല്ലെന്ന പിതാവിന്റെ കണ്ടെത്തൽ ആഗോള സഭയ്ക്കു മുതൽക്കൂട്ടാണ്. ഈ പരിശീലന രീതിതന്നെയാണ് തൃശൂർ മേരിമാത മേജർ സെമിനാരിയെ മറ്റു സെമിനാരികളിൽ നിന്നു വ്യത്യസ്തമാക്കുന്നത്.

2005-ൽ മേരിമാത സെമിനാരിയെ പുതിയ റെക്ടർക്കു ചുമതലയേല്പിച്ച് തൃശൂർ അതിരൂപതയുടെ വികാർ ജനറലായി സ്ഥാനമേറ്റെടുത്തു. ഈ കാലയളവിലാണ് തൃശൂർ സെന്റ് തോമസ് കോളജിന്റെ ഭരണം നിർവഹിക്കുന്നത്. ഇന്ന് തൃശൂർ സെന്റ് തോമസ് കോളജ് നേടിയെടുത്ത അക്കാദമികവും സാംസ്കാരികവുമായ മികവിന് സാഹചര്യമൊരുക്കിയത് മാർ റാഫേൽ തട്ടിലാണ്. പ്രിൻസിപ്പലിനും അധ്യാപകർക്കും സ്വതന്ത്രമായ തീരുമാനമെടുക്കാനും അത്തരം തീരുമാനങ്ങളെ എന്തു വിലകൊടുത്തും നടപ്പിലാക്കാനും മാർ തട്ടിൽ കാണിച്ച ധൈര്യം പ്രശംസനീയമാണ്.

തൃശൂർ അതിരൂപതയിലെ വൈദികരും അല്മായരും തമ്മിൽ എന്തെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ രൂപംകൊണ്ടാൽ അനുരഞ്ജനത്തിലേക്കു നയിക്കാനുള്ള പ്രത്യേക പാടവം പിതാവിനുണ്ടായിരുന്നു. ഈ കഴിവ് സീറോമലബാർ സഭയിലെ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളെ പരിഹരിക്കാനുള്ള അനുഗ്രഹമായി മാറും എന്നു പ്രതീക്ഷിക്കാം.

പാവങ്ങളുടെ പിതാവായി അറിയപ്പെട്ട മാർ ജോസഫ് കുണ്ടുകുളമാണു മാർ റാഫേൽ തട്ടിലിനെ ഏറ്റവും സ്വാധീനിച്ചിട്ടുള്ള ഇടയൻ. കാണാൻ വരുന്ന ഒരാളെയും പിണക്കി വിടരുതെന്ന് അദ്ദേഹത്തിൽനിന്നു പഠിച്ച പാഠമാണ്.

പൗരോഹിത്യം ഒരു ദാനമാണെന്ന് എല്ലാവരും പറയുമെങ്കിലും ആ ദാനം മറ്റുള്ളവർക്കു



കൊടുത്തുതീർക്കാനുള്ളതാണെന്ന് തന്നെ പഠിപ്പിച്ചതു കുണ്ടുകുളം പിതാവാണെന്നു പല പ്രസംഗവേദികളിലും അഭിമുഖങ്ങളിലും മാർ തട്ടിൽ പറഞ്ഞിട്ടുണ്ട്. ആ കൊടുത്തുതീർക്കലിലെ പിശുക്കാണ് വിമർശനങ്ങളുണ്ടാക്കുന്നതെന്നും അദ്ദേഹം വിലയിരുത്തുന്നു.

മെത്രാനായപ്പോൾ തെരഞ്ഞെടുത്ത 'മുറിക്കപ്പെടാനും നല്കപ്പെടാനും' എന്ന മുദ്രാവാക്യത്തിനു പിന്നിലും കൊടുത്തു തീർക്കലിന്റെ പ്രഖ്യാപനമാണ്. ചിരിക്കുന്ന മുഖവുമായി മാത്രം എപ്പോഴും കാണപ്പെടുന്ന, മാർ റാഫേൽ തട്ടിൽ എല്ലാവരെയും ചേർത്തുപിടിക്കുന്ന ജനപ്രിയശൈലിയുടെ ഉടമയുമാണ്.

ഔപചാരികത്വം ഒട്ടുമില്ലാത്ത പ്രവർത്തന ശൈലി സ്വന്തമായുള്ള മാർ തട്ടിൽ, മാർ ജോസഫ് കുണ്ടുകുളം, മാർ ജേക്കബ് തൂങ്കുഴി, മാർ ആൻഡ്രൂസ് താഴത്ത് എന്നിവർക്കൊപ്പം അടുത്തു പ്രവർത്തിച്ചയാളാണ്. ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം റോമിലും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് കോട്ടയത്ത് സെമിനാരിയിലും സഹപാഠികളായിരുന്നു.

മുപ്പത്തേഴു വർഷം വൈദികനായും ഏഴു വർഷം തൃശൂർ അതിരൂപത സഹായമെത്രാനായും അതിൽ മൂന്നു വർഷം അപ്പസ്തോലിക് വിസിറ്ററായും സഭാസമൂഹത്തെ നയിച്ച ശേഷമാണ് മാർ തട്ടിൽ, 2018-ൽ ഷംഷാബാദ് രൂപതാധ്യക്ഷനായി നിയുക്തനാകുന്നത്.

ഭാരതത്തോളം വിശാലമായ തന്റെ ഇടയഭൂമികയിൽ സ്തുത്യർഹമായ പ്രവർത്തനമികവു തെളിയിച്ചശേഷമാണ് വലിയപിതാവിന്റെ നിയോഗം തേടിയെത്തുന്നത്.

# രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങിൽ കോൺഗ്രസ് പങ്കെടുക്കില്ല

ന്യൂഡൽഹി: അയോധ്യയിലെ രാമക്ഷേത്രത്തിന്റെ പ്രതിഷ്ഠാ ചടങ്ങിൽ പങ്കെടുക്കേണ്ടതില്ലെന്നു കോൺഗ്രസ് തീരുമാനിച്ചു. ബിജെപിയും ആർഎസ്എസും ചടങ്ങിനെ തെരഞ്ഞെടുപ്പു വിജയത്തിനുള്ള രാഷ്ട്രീയ പദ്ധതിയാക്കുന്നുവെന്നു ചൂണ്ടിക്കാട്ടിയാണ് ക്ഷണം നിരസിക്കാൻ പാർട്ടി തീരുമാനിച്ചത്. അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, ലോക്സഭാ കക്ഷി നേതാവ് അധീർ രഞ്ജൻ ചൗധരി എന്നിവർക്കായിരുന്നു പാർട്ടി പ്രതിനിധികൾ എന്നനിലയിൽ ഔദ്യോഗിക ക്ഷണമുണ്ടായിരുന്നത്. ഇക്കാര്യത്തിൽ രാഷ്ട്രീയ നിലപാട് വ്യക്തമാക്കിയ കോൺഗ്രസ്, ക്ഷണം ആദരപൂർവം നിരസിച്ചതായി അറിയിച്ചു. അയോധ്യയി 22-നാണ് പ്രതിഷ്ഠാചടങ്ങ്. 2019-ലെ സുപ്രീം കോടതി വിധി മാനിക്കുകയും ശ്രീരാമനെ ആരാധിക്കുന്ന ദശലക്ഷക്കണക്കിനാളുകളുടെ വികാരത്തെ ബഹുമാനിക്കുകയും ചെയ്യുമ്പോഴും തീർത്തും ബിജെപി-ആർഎസ്എസ് രാഷ്ട്രീയ പരിപാടിയാക്കി മാറ്റിയ ചടങ്ങിലേക്കുള്ള ക്ഷണം നിരസിക്കുന്നുവെന്നു എ.ഐ.സി.സി. ജനറൽ സെക്രട്ടറി ജയറാം രമേശ് അറിയിച്ചു. നിർമാണം പൂർത്തിയാകാത്ത ക്ഷേത്രം ഉദ്ഘാടനം ചെയ്യുന്ന ബി.ജെ.പിയുടെയും ആർ.എസ്.എസിന്റെയും ഉദ്ദേശ്യശുദ്ധിയെയും കോൺഗ്രസ് ചോദ്യം ചെയ്തു.

# രാഹുൽ മാങ്കൂട്ടത്തിലിനെ വിളിച്ചുണർത്തി അറസ്റ്റ് ചെയ്തു

തിരുവനന്തപുരം: നവകേരള സദസിനിടെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മുഖ്യമന്ത്രിയുടെ ഗൺമാനും സുരക്ഷാ ഉദ്യോഗസ്ഥരും മർദ്ദിച്ചതിൽ പ്രതിഷേധിച്ച് നടത്തിയ സെക്രട്ടറിയറ്റ് മാർച്ച്



പോലീസ് അറസ്റ്റ് ചെയ്ത യൂത്ത് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ മാങ്കൂട്ടത്തിലിനെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് കൊണ്ടുവന്നപ്പോൾ.

സംഘർഷത്തിൽ കലാശിച്ചിരുന്നു. ഇതുസംബന്ധിച്ച് പോലീസ് രജിസ്റ്റർചെയ്ത കേസിൽ നാലാം പ്രതിയാണ് രാഹുൽ. എന്നാൽ ഈ ദിവസങ്ങളിൽ തിരുവനന്തപുരത്തുണ്ടായിരുന്ന രാഹുലിനെ അറസ്റ്റ് ചെയ്യാതെ മനപ്പൂർവം അടൂരിലെ വീട്ടിലെത്തി വിളിച്ചുണർത്തി കസ്റ്റഡിയിലെടുക്കുകയായിരുന്നു.

ഇതിൽ പ്രതിഷേധിച്ച് സംസ്ഥാനത്തുടനീളം കോൺഗ്രസ്, യൂത്ത് കോൺഗ്രസ് പ്രവർത്തകർ മാർച്ചും പ്രതിഷേധവും നടത്തി. മാർച്ചിലും പ്രതിഷേധത്തിലും സംഘർഷവും ജലപീരങ്കിപ്രയോഗവും ഉണ്ടായി. സെക്രട്ടേറിയറ്റിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്ത ഷാഫി പറമ്പിൽ എംഎൽഎയെ (ശേഷം 24-ാം പേജിൽ)

# കൈവെട്ട് കേസ്: മുഖ്യപ്രതി 13 വർഷത്തിനുശേഷം അറസ്റ്റിൽ

കണ്ണൂർ: മതനിന്ദയാരോപിച്ച് തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകനായിരുന്ന പ്രഫ. ടി.ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ കേസിൽ ഒളിവിലായിരുന്ന ഒന്നാംപ്രതി അശമന്നൂർ നൂലേലി മുടശേരി സവാദ് (38) പതിമൂന്ന് വർഷത്തിനുശേഷം അറസ്റ്റിൽ. കണ്ണൂരിലെ മട്ടന്നൂരിൽനിന്നാണു ദേശീയ അന്വേഷണ ഏജൻസി ഇയാളെ പിടികൂടിയത്. നിരോധിതസംഘടനയായ പോപ്പുലർ ഫ്രണ്ടിന്റെ സജീവപ്രവർത്തകനായിരുന്ന സവാദാണു മഴു ഉപയോഗിച്ച് ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയത്.

ജനുവരി 10-ന് ബുധനാഴ്ചയാണ് എൻ.ഐ.എ. സംഘം സവാദിനെ വീട്ടിൽനിന്നു കസ്റ്റഡിയിലെടുത്തത്. പ്രതിയെ കൊച്ചിയിലെത്തിച്ച് ചോദ്യംചെയ്തുവരുന്നു. തുടർന്ന്, എൻ.ഐ.എ. കോടതിയിൽ ഹാജരാക്കും. കേസിൽ അറസ്റ്റിലായ മറ്റ് പ്രതികളുടെ വിചാരണ പൂർത്തിയാക്കി കോടതി വിധി പ്രസ്താവിച്ചിരുന്നു. എന്നാൽ, ഒന്നാംപ്രതിയായ സവാദിനെ പിടികൂടാൻ കഴിയാതിരുന്നതു വൻവിമർശനങ്ങൾക്കിടയാക്കി. ഇയാളെക്കുറിച്ച് വിവരം നൽകുന്നവർക്ക് എൻ.ഐ.എ. പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. കുറ്റകൃത്യം നടന്ന 2010 ജൂലൈ 4-നുതന്നെ സവാദ് ആലുവയിൽനിന്നു ബംഗളൂരുവിലേക്കു കടന്നതായാണ് ആദ്യം കേസന്വേഷിച്ച ക്രൈംബ്രാഞ്ച് കണ്ടെത്തിയത്. ഇയാൾ പിന്നീട് നേപ്പാളിലും അവിടെനിന്ന് അഫ്ഗാനിസ്ഥാനിലും എത്തിയതായി അഭ്യൂഹം പ്രചരിച്ചു. നേരിയ സൂചനകളുടെ അടിസ്ഥാനത്തിൽപ്പോലും അരിച്ചുപെറുക്കി അന്വേഷണം നടക്കുമ്പോൾ, സവാദ് കേരളത്തിൽത്തന്നെ സസുഖം ഒളിവിൽ കഴിയുകയായിരുന്നെന്നാണു സൂചന.




കൈവെട്ട് കേസിലെ ഒന്നാം പ്രതി അശമന്നൂർ നൂലേലി മുടശേരി സവാദിനെ മട്ടന്നൂരിൽനിന്ന് അറസ്റ്റ് ചെയ്ത് എറണാകുളം എൻ.ഐ.എ. കോടതിയിൽ ഹാജരാക്കിയപ്പോൾ

ഷാജഹാനെന്ന പേരിലാണു സവാദ് മട്ടന്നൂർ ബേരത്ത് കുടുംബസമേതം വാടകയ്ക്കു താമസിച്ചിരുന്നത്. നാട്ടുകാരോടു കാര്യമായി ഇടപഴകിയിരുന്നില്ല. ആശാരിപ്പണി ചെയ്തായിരുന്നു ഉപജീവനം. ഈ അടുത്ത ദിവസങ്ങളിൽവരെ ഇയാൾ പണിക്കു പോയിരുന്നതായി സമീപവാസികൾ പറഞ്ഞു.

ഇയാളെ പിടിച്ചുകൊണ്ടുപോകുന്നത് കണ്ടപ്പോഴും നാട്ടുകാർക്കു കാര്യം പിടികിട്ടിയില്ല. മകൾക്കും ഗർഭിണിയായ ഭാര്യയ്ക്കുമൊപ്പം രണ്ടുവർഷം മുമ്പാണ് ഇയാൾ മട്ടന്നൂർ ബേരത്ത് താമസമാരംഭിച്ചത്.

(ശേഷം 24-ാം പേജിൽ)

# തോമസ് മണലേലിന്റെ വേക്ക് സർവീസ് ജനുവരി 20–ന് ശനിയാഴ്ച



ന്യൂജേഴ്സി: കടുത്തുരുത്തി പരേതരായ മണലേൽ ചാക്കോച്ചന്റെയും കുഞ്ഞന്നയുടെയും മകനും പി.ഡബ്ല്യുഡി. കോൺട്രാക്ടറുമായിരുന്ന തോമസ് മണലേൽ (മണലേൽ തോമാച്ചൻ) ന്യൂജേഴ്സിയിൽ അന്തരിച്ചു. കരിങ്കുന്നം കദളിമറ്റത്തിൽ മോളിയാണ് ഭാര്യ.

ന്യൂയോർക്ക് റോക്ക്ലാന്റിലുള്ള ക്നാനായ സെന്ററിൽ വെച്ച് (400 വില്ലോ ഗ്രോവ് റോഡ്, സ്റ്റോണി പോയിന്റ്, ന്യൂയോർക്ക്)/(400 Willow Grove Road, Stony Point, NY 10980) വെച്ച് ജനുവരി 20-ന് ശനിയാഴ്ച വൈകിട്ട് 5 മുതൽ 9 മണി വരെ വേക്ക് സർവീസ് നടത്തപ്പെടും.

സംസ്കാരം പിന്നീട് കോട്ടയം കടുത്തുരുത്തി സെന്റ് മേരീസ് ക്നാനായ കാത്തലിക് ഫൊറോന ദേവാലയത്തിൽ (വലിയ പള്ളി) വെച്ച് നടത്തപ്പെടുന്നതാണ്.

മക്കൾ: ചഞ്ചൽ തോമസ് (കാനഡ), രഞ്ജി തോമസ് (യുഎസ്), ബാബു തോമസ് (ഓസ്ട്രേലിയ). മരുമക്കൾ: ജിഷി (വണ്ടൻമാക്കിൽ, ചെറുകര), ലിസു (കണ്ടാരപ്പള്ളി, കൈപ്പുഴ), സ്നേഹ (വാളത്താറ്റ്, കുമരകം). കൊച്ചുമക്കൾ: ജയ്ക്ക്, ജെയിംസ്, നോവാ, ഈവ, ഹാന്നാ, വില്യം.

സഹോദരങ്ങൾ: പരേതനായ സിറിയക് മണലേൽ-കടുത്തുരുത്തി, പരേതനായ മണലേൽ പാപ്പച്ചൻ-കടുത്തുരുത്തി, എൽസമ്മ ജോസ് കളപ്പുരയിൽ-കരിങ്കുന്നം, കുഞ്ഞൂഞ്ഞമ്മ ഏബ്രഹാം കായിച്ചിറയിൽ-കണ്ണങ്കര, പരേതയായ അച്ചുക്കുട്ടി മാത്യു പൈമ്പാലിൽ-അരീക്കര, മേയാമ്മ കുര്യാക്കോസ് വഞ്ചിത്താനത്ത്-കട്ടപ്പന, മോളി അലക്സാണ്ടർ കാരിമറ്റം-കോട്ടയം, ജോസ്മോൻ മണലേൽ-കടുത്തുരുത്തി, ജോയ്മോൻ മണലേൽ-കടുത്തുരുത്തി.

വാർത്ത: വിനോദ് കൊണ്ടൂർ









K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


IPAOK.ORG
SEEKING
LEAD/SENIOR PASTOR
Qualifications
5+ years experience
Theological education (preferably with secular bachelor's degree)
Ability to minister to Malayalam and English speaking members
US citizenship or permanent residency
Additional Information
Relocation assistance available
Start date: Summer 2024
FOR MORE INFORMATION/APPLICATION PROCESS VISIT:
WWW.IPAOK.ORG/CAREERS
12221 PARK AVE, YUKON, OKLAHOMA 73099
careers@ipaok.org | WWW.IPAOK.ORG


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

# അധികാരമെന്നാൽ ആധിപത്യമല്ല: എം.ടി. വാസുദേവൻ നായർ

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയനെ വേദിയിലിരുത്തി രൂക്ഷ വിമർശനവുമായി എം.ടി. വാസുദേവൻ നായർ.

അധികാരമെന്നാൽ ആധിപത്യമോ സർവാധിപത്യമോ ആയി മാറി. ജനസേവനത്തിനുള്ള അവസരമെന്ന സിദ്ധാന്തം കുഴിച്ചുമൂടി. തെറ്റുപറ്റിയാൽ സമ്മതിക്കുന്ന ഒരു മഹാരഥനും ഇവിടില്ല- എം.ടി. പറഞ്ഞു. കേരളാ ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനവേദിയിലായിരുന്നു ജ്ഞാനപീഠജേതാവിന്റെ വാക്കുകൾ.

ഭരണം കൈയടക്കുക മാത്രമാണു വിപ്ലവത്തിന്റെ ലക്ഷ്യമെന്നു മാർക്സ് ഒരിടത്തും പറഞ്ഞിട്ടില്ല. നയിക്കാൻ ഏതാനും പേരും നയിക്കപ്പെടാൻ അനേകരുമെന്ന സങ്കൽപ്പം മാറ്റിയെടുക്കാനാണ് ഇ.എം.എസ്. ശ്രമിച്ചത്. ആചാരോപചാരമായ നേതൃത്വപൂജകളിലൊന്നും അദ്ദേഹത്തെ കാണാതിരുന്നത് അതുകൊണ്ടാണെന്നും എം.ടി. ഓർമിപ്പിച്ചു.



കോഴിക്കോട് ബീച്ചിൽ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യാൻ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ, എം.ടി. വാസുദേവൻ നായർക്കൊപ്പം

വിപ്ലവത്തിൽ പങ്കെടുത്ത ആൾക്കൂട്ടങ്ങളെ എളുപ്പം ക്ഷോഭിപ്പിക്കാം. ആരാധകരാക്കാം, പടയാളികളുമാക്കാം. ആൾക്കൂട്ടം ഉത്തരവാദിത്വമുള്ള സമൂഹമായി മാറുകയും സ്വയം കരുത്തു നേടി സ്വാതന്ത്ര്യം ആർജിക്കുകയും വേണം. ഭരണാധികാരി എറിഞ്ഞുകൊടുക്കുന്ന ഔദാര്യത്തുണ്ടല്ല സ്വാതന്ത്ര്യം. രാഷ്ട്രീയത്തിലെ മൂല്യച്യുതിയെക്കുറിച്ച് കേൾക്കാൻ തുടങ്ങിയിട്ടു വളരെക്കാലമായി. എന്തുകൊണ്ടെന്ന സംവാദങ്ങൾക്കു പലപ്പോഴും, അർഹിക്കുന്ന വ്യക്തികളുടെ അഭാവമെന്ന ഒഴുക്കൻ മറുപടികൊണ്ടു തൃപ്തിപ്പെടേണ്ടിവരുന്നു.

രാഷ്ട്രീയപ്രവർത്തനം അധികാരത്തിലെത്താനുള്ള ഒരു അംഗീകൃതമാർഗമാണ്. എവിടെയും അധികാരമെന്നാൽ ആധിപത്യമോ സർവ്വാധിപത്യമോ ആകാം. നിയമസഭയിലോ പാർലമെന്റിലോ മന്ത്രിസഭയിലോ ഒരു സ്ഥാനമെന്നാൽ ആധിപത്യത്തിനുള്ള തുറന്ന അവസരമാണ്. ആദ്യ കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നതോടെ ലക്ഷ്യം നേടിയെന്ന അലംഭാവത്തിൽ എത്തിപ്പെട്ടവരുണ്ടാകാം. അതൊരു ആരംഭമാണെന്നു മറന്നു. ജാഥനയിച്ചും മൈതാനങ്ങളിൽ ഇരമ്പിക്കൂടിയും വോട്ട് പെട്ടികൾ നിറച്ചും സഹായിച്ച ആൾക്കൂട്ടത്തെ ഉത്തരവാദിത്വസമൂഹമാക്കി മാറ്റാനുള്ള ഉത്തരവാദിത്വം മറന്നെന്നും എം.ടി. വിമർശിച്ചു.

കേരളാ ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഏഴാംപതിപ്പ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

# ലോകത്തിലെ ശക്തമായ പാസ്പോർട്ടുകളിൽ ഇന്ത്യക്ക് മുന്നേറ്റം

കൊച്ചി: ലോകത്തിലെ ഏറ്റവും ശക്തമായ പാസ്പോർട്ടുകളുടെ പട്ടികയിൽ ഇന്ത്യക്ക് മുന്നേറ്റം. 62 രാജ്യങ്ങളിൽ വിസ രഹിത പ്രവേശനം നേടിക്കൊണ്ട് ഇത്തവണ ഇന്ത്യൻ പാസ്പോർട്ട് പട്ടികയിൽ 80-ാം സ്ഥാനത്തെത്തി. മുൻ വർഷത്തെ അപേക്ഷിച്ച് റാങ്കിങ്ങിൽ മൂന്ന് നില മെച്ചപ്പെടുത്താൻ ഇന്ത്യക്കായി. 2023-ൽ സൂചികയിൽ 83-ാം സ്ഥാനത്തായിരുന്നു ഇന്ത്യൻ പാസ്പോർട്ട്. ശ്രീലങ്ക, തായ്‌ലൻഡ്, കെനിയ എന്നീ രാജ്യങ്ങൾകൂടി കഴിഞ്ഞ വർഷം വിസ രഹിത പ്രവേശനം അനുവദിച്ചതോടെയാണ് സൂചികയിൽ ഇന്ത്യക്ക് മുന്നേറാനായത്. വിസ രഹിത പ്രവേശനം അനുവദിച്ചിട്ടുള്ള രാജ്യങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഹെൻലി സൂചികയിൽ പാസ്പോർട്ടുകളുടെ റാങ്കിങ് രേഖപ്പെടുത്തിയിട്ടുള്ളത്.

യൂറോപ്യൻ രാജ്യങ്ങൾക്കാണ് സൂചികയിൽ ആദ്യ പത്തിൽ ആധിപത്യം. ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, സിങ്കപ്പൂർ, സ്പെയിൻ എന്നീ ആറ് രാജ്യങ്ങളുടെ പാസ്പോർട്ടുകളാണ് സൂചികയിൽ ഒന്നാംസ്ഥാനം പങ്കിടുന്നത്. 194 രാജ്യങ്ങളിലേക്ക് വിസ രഹിത പ്രവേശനാനുമതിയുള്ളവയാണ് ഈ രാജ്യങ്ങൾ. 193 രാജ്യങ്ങളിൽ വിസ ഇല്ലാതെ പ്രവേശനം നേടിയിട്ടുള്ള ഫിൻലൻഡിന്റെയും ദക്ഷിണ കൊറിയയുടെയും പാസ്പോർട്ടുകളാണ് പട്ടികയിൽ രണ്ടാം സ്ഥാനം പങ്കിടുന്നത്. 192 രാജ്യങ്ങളിൽ വിസ രഹിത പ്രവേശനമുള്ള ഓസ്ട്രേലിയ, ഡെൻമാർക്ക്, അയർലൻഡ്, നെതർലൻഡ്സ് എന്നീ രാജ്യങ്ങൾ മൂന്നാം സ്ഥാനത്ത് നിലയുറപ്പിച്ചു. യഥാക്രമം 28, 29, 30 രാജ്യങ്ങൾ മാത്രം വിസ ഇല്ലാതെ പ്രവേശനം അനുവദിക്കുന്ന അഫ്ഗാനിസ്ഥാൻ, സിറിയ, ഇറാഖ് എന്നിവയാണ് സൂചികയിൽ ഏറ്റവും പിന്നിലുള്ള മൂന്ന് രാജ്യങ്ങൾ. വിസ ഇല്ലാതെ പ്രവേശിക്കാൻ കഴിയുന്ന സ്ഥലങ്ങളുടെ എണ്ണം 2006-ൽ ശരാശരി 58 ആയിരുന്നു. 2024-ൽ ഇത് 11 ആയി ഉയർന്നിട്ടുണ്ടെന്ന് പാസ്പോർട്ട് സൂചിക തയ്യാറാക്കിയ ആഗോള കൺസൾട്ടൻസി സംരംഭമായ ഹെൻലി ആൻഡ് പാർട്ണേഴ്സ് പറയുന്നു.

# ദേശീയപാത വികസനം: കൂടുതൽ തുക ചെലവഴിച്ചത് കേരളം

തിരുവനന്തപുരം: രാജ്യത്ത് ദേശീയപാത വികസനത്തിന് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് കേരളം. 5580 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിന് അഞ്ച് വർഷത്തിനിടയിൽ സംസ്ഥാനം ചെലവഴിച്ചതെന്ന് കേന്ദ്രസർക്കാരിന്റെ കണക്ക് വ്യക്തമാക്കുന്നു. ഗുജറാത്തും മധ്യപ്രദേശും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പോലും തുക ചെലവഴിച്ചിട്ടില്ല.

കേരളത്തിനു പിന്നിൽ ഹരിയാനയാണ്. 3114 കോടി. ഉത്തർപ്രദേശ് (2301 കോടി), ബിഹാർ (733), ഡൽഹി (654), കർണാടക (276), തമിഴ്നാട് (235) തുടങ്ങിയ സംസ്ഥാനങ്ങളാണ് പിന്നിൽ.

അതേസമയം, ദേശീയപാത വികസനത്തിനു ഭൂമി ഏറ്റെടുക്കാൻ 5 വർഷത്തിനിടയിൽ ദേശീയപാത അതോറിറ്റി (എൻഎച്ച്എഐ) കൂടുതൽ തുക ചെലവഴിച്ചത് മഹാരാഷ്ട്രയിലാണ്. 27,568 കോടി രൂപ. രണ്ടാം സ്ഥാനത്ത് യുപി (23,134 കോടി). 22,119 കോടി രൂപയാണ് കേരളത്തിൽ ചെലവാക്കിയത്.

മിക്ക സംസ്ഥാനങ്ങളിലും റോഡ് വികസനം എൻഎച്ച്എഐ നേരിട്ടു നടത്തുമ്പോഴാണ് എൻഎച്ച് 66 വികസനത്തിനു ഭൂമിയേറ്റെടുക്കാൻ 25 ശതമാനം ചെലവ് കേരളം വഹിച്ചത്.

# ജോസ് മഠത്തിപ്പറമ്പിൽ അന്തരിച്ചു



ചിക്കാഗോ: ജോസ് മഠത്തിപ്പറമ്പിൽ (79) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ മേരി മടമ്പം മരുതൂർ കുടുംബാംഗമാണ്. മക്കൾ: ലിൻസി ചാലുവേലിൽ, പരേതനായ ലിനേഷ്. മരുമക്കൾ: ജിബു ചാലുവേലിൽ, ജെനി പാറക്കാമണ്ണിൽ. സഹോദരങ്ങൾ: പരേതയായ ഏലിയാമ്മ കുടിലിൽ, അന്നമ്മ തേക്കുംകാട്ടിൽ, സിസിലിയാമ്മ തുരുത്തിയിൽ, പരേതനായ ജെയിംസ് മഠത്തിപ്പറമ്പിൽ, ത്രേസ്യാമ്മ ഇടയാടിയിൽ, തോമസ് മഠത്തിപ്പറമ്പിൽ, മേരിക്കുട്ടി വാരിയത്ത്.

ജനുവരി 15-ന് തിങ്കളാഴ്ച വൈകുന്നേരം 4 മുതൽ 8 മണി വരെ മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനം നടക്കും. 16-ന് ചൊവ്വാഴ്ച രാവിലെ 9.30 -ന് സെന്റ് മേരീസ് പള്ളിയിൽവെച്ച് നടക്കുന്ന ദിവ്യബലിക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും ശേഷം മേരിഹിൽ സെമിത്തേരിയിൽ സംസ്കാരം നടക്കും.

# കോട്ടയം പാസ്പോർട്ട് സേവാകേന്ദ്രം തുറന്നു

കോട്ടയം: പുതുവർഷത്തിൽ കോട്ടയത്തിനു നേട്ടമായി പാസ്പോർട്ട് സേവാകേന്ദ്രം തുറന്നു. മുൻപ് നാഗമ്പടത്ത് പ്രവർത്തിച്ചിരുന്ന പാസ്പോർട്ട് ഓഫീസ് കെട്ടിടം ദുർബലമാണെന്നു കണ്ടാണ് ഫെബ്രുവരി 16-ന് പ്രവർത്തനം നിർത്തിയത്. കെഎസ്ആർടിസിക്കു സമീപം ടിബി റോഡിൽ പൊതുമരാമത്ത് റസ്റ്റ് ഹൗസിനു എതിർവശത്ത് ഒലീവ് ബിൽഡിങ്ങിലാണ് പുതിയ കേന്ദ്രം.

രണ്ട് നിലകളിലായി 14,000 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിൽ പാസ്പോർട്ട് എടുക്കാൻ വരുന്നവർക്ക് ഒന്നാം നിലയിൽ വിപുലമായ ക്രമീകരണങ്ങളാണുള്ളത്. മുകൾനിലയിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ ഓഫീസുകളും അനുബന്ധ സൗകര്യങ്ങളുമുണ്ട്. രേഖകളുടെ പരിശോധനയ്ക്ക് കൗണ്ടറുകൾ, ഹൈസ്പീഡ് ഇന്റർനെറ്റ്, ഫോട്ടോസ്റ്റാറ്റ് സൗകര്യം, എടിഎം കൗണ്ടർ എന്നിവ ലഭ്യമാണ്. പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക സൗകര്യമുണ്ട്.






# യെമനിൽ യു.എസ്–ബ്രിട്ടൻ വ്യോമാക്രമണം; ഹൂതി കേന്ദ്രങ്ങൾ തകർത്തു

വാഷിംഗ്ടൺ ഡിസി: യെമനിലെ ഹൂതികേന്ദ്രങ്ങളിൽ യു.എസും ബ്രിട്ടനും നടത്തിയ വ്യോമാക്രമണം പശ്ചിമേഷ്യൻ സംഘർഷം കൂടുതൽ മേഖലകളിലേക്കു വ്യാപിക്കുമെന്ന ആശങ്ക ശക്തമാക്കി. ഇറാന്റെ പിന്തുണയോടെ ആക്രമിക്കുന്നതു തുടരുമെന്നും ഹൂതികൾ പറഞ്ഞു. ആക്രമണത്തിനു പിന്നാലെ അന്താരാഷ്ട്ര വിപണിയിൽ ബ്രെന്റ് ഇനം ക്രൂഡ് ഓയിലിനു നാലു ശതമാനം വില വർധിച്ചു.



ചെങ്കടലിൽ നിലയുറപ്പിച്ച യു.എസ്. പടക്കപ്പലിൽനിന്ന് യുദ്ധവിമാനങ്ങൾ പറന്നുയരുന്നു

യു.എസ്, ബ്രിട്ടീഷ് യുദ്ധവിമാനങ്ങളും കപ്പലുകളും ഹൂതികളുടെ 16 സ്ഥലങ്ങളിലെ അറുപതിലധികം സൈനിക കേന്ദ്രങ്ങളെയാണു ലക്ഷ്യമിട്ടത്. റഡാർ സംവിധാനങ്ങൾ, ഡ്രോണുകളും മിസൈലുകളും സൂക്ഷിച്ചിരുന്ന സ്ഥലങ്ങൾ, വിക്ഷേപണകേന്ദ്രങ്ങൾ, കമാൻഡ്–കൺട്രോൾ കേന്ദ്രങ്ങൾ എന്നിവയാണ് ആക്രമിച്ചതെന്നു യു.എസ്. പ്രതിരോധവകുപ്പ് അറിയിച്ചു. ടോമഹാക്ക് ക്രൂസ് മിസൈൽ ഉൾപ്പെടെ നൂറിലധികം ആയുധങ്ങൾ പ്രയോഗിച്ചു.

യെമൻ തലസ്ഥാനമായ സനാ, ചെങ്കടൽ തുറമുഖമായ ഹൊദെയ്ദ, ധമാർ, സാദ, ബാനി എന്നിവിടങ്ങളിൽ ആക്രമണമുണ്ടായതായി റിപ്പോർട്ടുണ്ട്. 72 ആക്രമണങ്ങളാണുണ്ടായതെന്ന് ഹൂതികൾ പറഞ്ഞു.

ചെങ്കടലിലെ ഹൂതി ആക്രമണങ്ങൾക്കു നേരിട്ടുള്ള മറുപടിയാണിതെന്ന് യു.എസ്. പ്രസിഡന്റ് ബൈഡൻ പറഞ്ഞു. പശ്ചിമേഷ്യാ സംഘർഷം വ്യാപിപ്പിക്കണമെന്ന ആഗ്രഹം യു.എസിനില്ല. പക്ഷേ, ഇനി സൈനിക നടപടിക്കു മടിക്കില്ലെന്ന് അദ്ദേഹം മുന്നറിയിപ്പു നല്കി. ആഗോള ചരക്കുനീക്കത്തെ സംരക്ഷിക്കുന്നതിനു സൈനിക നടപടി ആവശ്യമായിരുന്നുവെന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനാക് വിശദീകരിച്ചു.

യെമന്റെ പ്രധാന ഭാഗങ്ങൾ നിയന്ത്രിക്കുന്ന ഹൂതി വിമതർ ചെങ്കടലിലൂടെ പോകുന്ന ചരക്കുകപ്പലുകളെ ആക്രമിക്കുന്ന പശ്ചാത്തലത്തിലായിരുന്നു ജനുവരി 12–ന് പുലർച്ചെ സംയുക്ത ആക്രമണം.

ആക്രമണത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടതായി ഹൂതികൾ അറിയിച്ചു. യു.എസിനും ബ്രിട്ടനും തിരിച്ചടി നൽകുമെന്നും ഗാസയിലെ ഹമാസിന് ഐക്യദാർഢ്യവുമായി കപ്പലുകൾ ആ

## നിയമസഭാ സമ്മേളനം: ഗവർണറെ ക്ഷണിക്കാൻ സ്പീക്കർ എത്തിയില്ല

തിരുവനന്തപുരം: മന്ത്രിസഭ ശിപാർശ ചെയ്ത നിയമസഭയുടെ ബജറ്റ് സമ്മേളനം വിളിച്ചുചേർക്കുന്നതിനുള്ള കലണ്ടർ ഗവർണറുടെ അംഗീകാരത്തിനായി രാജ്ഭവനിൽ എത്തിച്ചു. 25–ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ വർഷത്തെ നിയമസഭാ സമ്മേളനം തുടങ്ങുന്നത്.

സാധാരണയായി നയപ്രഖ്യാപന പ്രസംഗം നടത്തുന്നതിനായി സ്പീക്കർ നേരിട്ടെത്തി ഗവർണറെ ക്ഷണിക്കുകയാണ് പതിവ്. എന്നാൽ സ്പീക്കർ എ.എൻ. ഷംസീർ ഗവർണറെ കണ്ടില്ല. ബജറ്റ് തീയതി ഉൾപ്പെടെ മന്ത്രിസഭ തീരുമാനിച്ച നിയമസഭാ കലണ്ടറിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ സ്പീക്കറെ കണ്ടിരുന്നു. എന്നാൽ, ബജറ്റ് തീയതിയിൽ മാറ്റം വരുത്താനാകില്ലെന്നാണ് സർക്കാർ നിലപാട്. നിയമസഭാ സമ്മേളന തീയതിയിൽ വരുത്തേണ്ട മാറ്റം കാര്യോപദേശക സമിതി ചർച്ച ചെയ്തു തീരുമാനിക്കും.

ഡൽഹിക്കു പോയ ഗവർണർ ഇനി പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം കൊച്ചിയിലും തൃശൂരും വിവിധ ചടങ്ങുകളിൽ പങ്കെടുത്തശേഷമേ തിരുവനന്തപുരത്ത് എത്തുകയുള്ളൂ.

## എം.ടിയുടെ വിമർശനം രാഷ്ട്രീയ രംഗത്ത് കോളിളക്കം സൃഷ്ടിച്ചു

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയനെ വേദിയിലിരുത്തി അധികാരരാഷ്ട്രീയത്തിനും നേതൃത്വപൂജയ്ക്കുമെതിരെ എം.ടി. വാസുദേവൻനായർ ഉയർത്തിയ രൂക്ഷമായ വിമർശനം സാംസ്കാരിക മേഖലയിലും രാഷ്ട്രീയരംഗത്തും കോളിളക്കത്തിനു വഴിവെച്ചു. എം.ടിയുടെ അപ്രതീക്ഷിത വിമർശനത്തിൽ ഞെട്ടിയിരിക്കുകയാണ് ഇടതുപക്ഷം.

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ വേദിയിൽ എം.ടി. നടത്തിയ പ്രസംഗത്തിലെ നിലപാടിനെ പിന്തുണച്ച് എൻ.എസ്. മാധവനും സാറാ ജോസഫും സക്കറിയയുമടക്കമുള്ള എഴുത്തുകാരും വി.ഡി. സതീശൻ അടക്കമുള്ള രാഷ്ട്രീയ നേതാക്കളും രംഗത്തെത്തി.

എന്നാൽ, ഇടതുമുന്നണി കൺവീനർ ഇ.പി. ജയരാജൻ അടക്കമുള്ള സി.പി.എം. നേതാക്കളും മന്ത്രിമാരും വിമർശനം കേന്ദ്രസർക്കാരിനും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുമെതിരെയാണെന്ന നിലപാടിലാണ്. അതേസമയം, താൻ നടത്തിയ പ്രസംഗം യാഥാർഥ്യമാണെന്നും അത് ആത്മവിമർശനത്തിനു വഴിയൊരുക്കിയാൽ നല്ലതാണെന്നും എം.ടി. തന്നോടു പറഞ്ഞതായി സാഹിത്യകാരൻ എൻ.ഇ. സുധീർ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു.

ജനുവരി 11–ന് കോഴിക്കോട് ബീച്ചിൽ ലിറ്ററേച്ചർ ഫെസ്റ്റിന്റെ ഉദ്ഘാടനവേദിയിലാണ് എം.ടിയുടെ വിമർശനമുയർന്നത്. ഭരണാധികാരികൾ എറിഞ്ഞുകൊടുക്കുന്ന ഔദാര്യത്തുണ്ടുകളല്ല സ്വാതന്ത്ര്യമെന്നും അധികാരം ആധിപത്യമോ സർവാധിപത്യമോ ആകാമെന്നതാണ് എവിടെയും സ്ഥിതിയെന്നും എം.ടി. പറഞ്ഞിരുന്നു.

എം.ടിയുടെ പ്രസംഗം രാഷ്ട്രീയ കേരളം ഏറ്റെടുക്കുന്ന കാഴ്ചയാണ് കണ്ടത്. സാംസ്കാരികരംഗത്തെ പ്രമുഖരും പ്രതിപക്ഷ പാർട്ടി നേതാക്കളുമെല്ലാം എം.ടിയുടെ പ്രസംഗത്തോടുള്ള പ്രതികരണവുമായി രംഗത്തെത്തി. എം.ടി. പറഞ്ഞത് ശരിയാണെന്നും കാലിക പ്രസക്തമാണെന്നുമുള്ള നിലപാടാണ് ചില സാഹിത്യകാരന്മാർ പങ്കുവെച്ചത്. സി.പി.എം. സ്വയം വിമർശനത്തിനു വിധേയമാകണമെന്നുവരെ അവർ പറഞ്ഞുവെച്ചു. എന്നാൽ ഇടതുമുന്നണി കൺവീനർ ഇ.പി. ജയരാജനും മന്ത്രി എം.ബി. രാജേഷും എം.



ടി. പറഞ്ഞത് കേന്ദ്രസർക്കാരിനെയും നരേന്ദ്രമോദിയെയുമാണെന്ന നിലപാടാണ് സ്വീകരിച്ചത്.

മുഖ്യമന്ത്രിയെ വേദിയിൽ ഇരുത്തി കേരളത്തെയും പിണറായിയെയും വിമർശിക്കാനുള്ള ഒരു സാഹചര്യവും ഇല്ലെന്നും എം.ടിയെ വിവാദത്തിലേക്ക് വലിച്ചിഴയ്ക്കരുതെന്നും ഇ.പി. ജയരാജൻ പറഞ്ഞു. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ അടക്കമുള്ള നേതാക്കൾ എം.ടിക്ക് പിന്തുണയുമായി രംഗത്തെത്തി.

## പ്രകാശ് അബ്രഹാം ചെറിയമൂഴിയിൽ ചിക്കാഗോയിൽ അന്തരിച്ചു

ചിക്കാഗോ: പ്രകാശ് അബ്രഹാം (50) ചെറിയമൂഴിയിൽ ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ ജിഷ മാറിക പാടത്ത് കുടുംബാംഗമാണ്. മക്കൾ: സാറാ, റേച്ചൽ, ജോണത്തൻ. റാന്നി ചെറിയമൂഴിയിൽ അബ്രഹാമും കുഞ്ഞമ്മയുമാണ് മാതാപിതാക്കൾ. രശ്മി പുത്തൻപുരയ്ക്കൽ (റാന്നി) ഏകസഹോദരിയാണ്. സംസ്കാര ചടങ്ങുകൾ ജനുവരി 18–ന് വ്യാഴാഴ്ച നടത്തപ്പെടും.



Visitation and Funeral at 9.00 AM
Salerno's Rosedale
450 W.Lake St., Bloomingdale, IL.
Interment at 2.00 PM
Queen of Heaven Cemetery
1400 S. Wolf Rd., Hillside, IL.



KERALA EXPRESS പ്രവാസി താളുകൾ

# മാർതോമാശ്ലീഹാ കത്തീഡ്രൽ ദേവാലയത്തിന് പുതിയ അൽമായ സാരഥ്യം

ചിക്കാഗോ: ബെൽവുഡിലുള്ള മാർ തോമാശ്ലീഹാ സീറോമലബാർ ഇടവക ദേവാലയത്തിൽ 2024-2025 കാലഘട്ടത്തിലേക്കുള്ള പുതിയ കൈക്കാ


ബിജി സി. മാണി


സന്തോഷ് കാട്ടൂക്കാരൻ


ബോബി ചിറയിൽ


വിവീഷ് ജേക്കബ്


ഷാരോൺ തോമസ്


ഡേവിഡ് ജോസഫ്

രന്മാരും പാരിഷ് കൗൺസിൽ അംഗങ്ങളും ചുമതലയേറ്റു.

ഡിസംബർ 31-ാം തീയതി ഞായറാഴ്ച പത്തു മണിക്കുള്ള ആഘോഷമായ ദിവ്യബലിക്കുശേഷം അനേകം ദൈവജനങ്ങളെ സാക്ഷിയാക്കി ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. രൂപതാ വികാരിജനറലും ഇടവക വികാരിയുമായ റവ. ഫാ. തോമസ് കടുകപ്പിള്ളിയും ഫാ. ജോൺസൺ കോവൂരും തദവസരത്തിൽ സന്നിഹിതരായിരുന്നു.



ചിക്കാഗോയിലെ സാമൂഹിക സാംസ്കാരിക മേഖലകളിൽ നിറസാന്നിദ്ധ്യവും കത്തീഡ്രൽ ദേവാലയത്തിന്റെ വിവിധ മേഖലകളിൽ മികച്ച പ്രവർത്തന മികവും നേതൃത്വകഴിവും തെളിയിച്ച ബിജി സി. മാണി, സന്തോഷ് കാട്ടൂക്കാരൻ, ബോബി ചിറയിൽ, വിവീഷ് ജേക്കബ് എന്നിവരാണ് പുതിയ കൈക്കാരന്മാർ.

ഷാരോൺ തോമസ്, ഡേവിഡ് ജോസഫ് എന്നിവരാണ് പുതിയ യൂത്ത് കോ-ഓർഡിനേറ്റർമാർ. 1500-ൽപ്പരം കുടുംബങ്ങളുള്ള കത്തീഡ്രൽ ഇടവകയെ 13 വാർഡുകളാക്കി തിരിച്ചിരിക്കുന്നു. ഈ വാർഡുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഭക്തസംഘടനകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ചേർന്നതാണ് പാരിഷ് കൗൺസിൽ.

മാർ ജോയി ആലപ്പാട്ടും ഫാ. തോമസ് കടുകപ്പിള്ളിയും നിസ്വാർത്ഥമായ സേവനം കാഴ്ചവെച്ച് ഇടവകയിലെ എല്ലാ ദൈവജനത്തിന്റെയും മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രമായി സ്ഥാനമൊഴിയുന്ന എല്ലാ പാരിഷ് കൗൺസിൽ അംഗങ്ങൾക്കും കൈക്കാരന്മാരായ ജോണി വടക്കുംചേരി, പോൾ വടകര, രാജി മാത്യു, ഷെനി പോൾ, ബ്രയാൻ കുഞ്ചെറിയ, ഡീനാ പുത്തൻപുരയ്ക്കൽ എന്നിവർക്ക് പ്രത്യേക നന്ദി രേഖപ്പെടുത്തുകയും പുതിയ ഭാരവാഹികൾക്ക് എല്ലാവിധ മംഗളങ്ങൾ നേരുകയും ചെയ്തു.



# മഹാരാഷ്ട്ര: ഷിൻഡെ വിഭാഗം ഔദ്യോഗിക ശിവസേനയെന്ന് സ്പീക്കർ

മുംബൈ: ശിവസേനയിലെ അയോഗ്യതാത്തർക്കത്തിൽ മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ പക്ഷത്തിന് അനുകൂലമായി സ്പീക്കർ തീരുമാനമെടുത്തു. കൂറുമാറിയവരെ അയോഗ്യരാക്കണമെന്ന ഉദ്ധവ് താക്കറെയുടെ വാദം തള്ളിയ സ്പീക്കർ രാഹുൽ നർവേക്കർ, പാർട്ടി വിട്ടവരുടേതാണ് 'യഥാർഥ ശിവസേന'യെന്നു വ്യക്തമാക്കി. നിയമസഭാകക്ഷി നേതാവും അദ്ദേഹം തന്നെ. ഷിൻഡെയെ കക്ഷി നേതൃപദവിയിൽനിന്നു നീക്കാൻ ഉദ്ധവ് താക്കറെയ്ക്ക് അധികാരമില്ലെന്നും ബി.ജെ.പി. എം.എൽ.എ. കൂടിയായ സ്പീക്കർ വിധിച്ചു. വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുമെന്ന് ഉദ്ധവ് പക്ഷം പ്രഖ്യാപിച്ചു.

2022 ജൂൺ 21-ന് ശിവസേനയിൽ വിമതവിഭാഗം ഉടലെടുത്തതോടെ കൂടുതൽ എം.എൽ.എമാർ ഒപ്പമുള്ള ഷിൻഡെ പക്ഷം യഥാർഥ ശിവസേനയാണെന്നു സ്പീക്കർ വിലയിരുത്തി. പാർട്ടി വിപ്പിനെ മാറ്റി തങ്ങളുടെയാളെ ഷിൻഡെ പക്ഷം നിയോഗിച്ചതും സ്പീക്കർ അംഗീകരിച്ചു. ഷിൻഡെയടക്കം ആദ്യഘട്ടത്തിൽ കൂറുമാറിയ 16 വിമതരെ അയോഗ്യരാക്കാൻ മതിയായ കാരണം കണ്ടെത്താനായില്ലെന്നു സ്പീക്കർ ചൂണ്ടിക്കാട്ടി. ഉദ്ധവ് പക്ഷത്തിന്റെ അയോഗ്യത ആവശ്യപ്പെട്ടു ഷിൻഡെ വിഭാഗം സമർപ്പിച്ച അപേക്ഷയും ഇതേകാരണത്താൽ തള്ളി. ഫലത്തിൽ ഒരു എംഎൽഎ പോലും അയോഗ്യനാക്കപ്പെട്ടില്ല; ബാൽ താക്കറെ സ്ഥാപിച്ച പാർട്ടിയുടെ നിയന്ത്രണം ഷിൻഡെയ്ക്കു ലഭിക്കുകയും ചെയ്തു. ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളും മുംബൈയടക്കമുള്ള കോർപറേഷനുകളിലേക്കുള്ള തെരഞ്ഞെടുപ്പും നടക്കാനിരിക്കെ ഉദ്ധവ് വിഭാഗത്തിനു കനത്ത തിരിച്ചടിയാണു സ്പീക്കറുടെ വിധി. ജനാധിപത്യത്തിന്റെ കൊലപാതകമാണിതെന്ന് ഉദ്ധവ് താക്കറെ പ്രതികരിച്ചു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445

GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# കണ്ണൂരിൽ യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം

കണ്ണൂർ: യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിലിനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ കണ്ണൂർ കളക്ട്രേറ്റിലേക്കു നടത്തിയ മാർച്ചിൽ സംഘർഷം. പോലീസ് ജലപീരങ്കിയും ലാത്തിച്ചാർജും നടത്തി. സംഘർഷത്തിനിടെ പോലീസ് വനിതാ പ്രവർത്തകയുടെ വസ്ത്രം വലിച്ചുകീറി. വസ്ത്രം കീറി നിലത്തു വീണ പ്രവർത്തകയെ എഴുന്നേൽക്കാൻ അനുവദിക്കാതെ പോലീസ് മുടി ചവിട്ടിപ്പിടിച്ച് ഏറെസമയം റോഡിൽത്തന്നെ കിടത്തി.

യൂത്ത് കോൺഗ്രസ് അഴീക്കോട് ബ്ലോക്ക് സെക്രട്ടറി റിയാ നാരായണൻ, മഹിതാ മോഹനൻ എന്നിവരാണ് പോലീസ് ഭീകരതയ്ക്ക് ഇരയായത്. വസ്ത്രം കീറിയിട്ടുണ്ടെന്നും മുടിയിൽ ചവിട്ടനിൽക്കുന്ന പോലീസുകാരോടു മാറാൻ പലതവണ ആവശ്യപ്പെട്ടിട്ടും പോലീസ് ഗൗനിച്ചില്ലെന്നു റിയാ നാരായണൻ പറഞ്ഞു.

ഏറെനേരം കഴിഞ്ഞാണ് ഇവരെ വനിതാ പോലീസ് റോഡിൽനിന്നു വാഹനത്തിലേക്കു മാറ്റിയത്. മഹിതാ മോഹനനെ പോലീസ് റോഡിലൂടെ വലിച്ചിഴച്ചു കൊണ്ടുപോകുകയായിരുന്നു. യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി ജിനയുടെ കണ്ണിനു ലാത്തിയടിയേറ്റ് സാരമായി പരുക്കേറ്റു.

യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് റിജിൽ മാക്കുറ്റി മാർച്ച് ഉദ്ഘാടനം ചെയ്തതിനു പിന്നാലെ പ്രവർത്തകർ ബാരിക്കേഡ് മറിച്ചിടാൻ ശ്രമിച്ചതോടെയാണു പോലീസ് ജലപീരങ്കി പ്രയോഗിച്ചത്.

ജലപീരങ്കി പ്രയോഗിച്ചിട്ടും പ്രവർത്തകർ പിരിഞ്ഞുപോയില്ല. ഇതിനിടെ, പ്രവർത്തകരിൽ ചിലർ ജലപീരങ്കി വാഹനത്തിൽ കയറിനിന്നു. ഇതോടെ പോലീസ് ലാത്തിച്ചാർജ് നടത്തുകയായിരുന്നു. അരമണിക്കൂറോളം പോലീസും പ്രവർത്തകരും തമ്മിലുള്ള സംഘർഷം നീണ്ടു.

പോലീസിന്റെ നീക്കം തടയാൻ സമരക്കാർ സംഘടിച്ചതോടെ പോലീസ് സമരക്കാർക്കു നേരെ ലാത്തി എറിയുകയും ചെയ്തു. ലാത്തിച്ചാർജിലും ലാത്തിയേറിലും പലർക്കും പരുക്കേറ്റു. ലാത്തിയേറിൽ പ്രവർത്തകരിൽ പലരുടെയും മുഖത്തും തലയ്ക്കുമാണ് പരുക്ക്. മാർച്ച് പ്രതിരോധിക്കാൻ വന്ന സന്നാഹമായിരുന്നു കളക്ടറേറ്റ് പരിസരത്ത് പോലീസ് ഒരുക്കിയിരുന്നത്.

ഏറെനേരത്തെ സംഘർഷാവസ്ഥയ്ക്കുശേഷം പോലീസ് സമരക്കാരെ അറസ്റ്റു ചെയ്തു നീക്കാൻ ശ്രമമാരംഭിച്ചപ്പോൾ പ്രവർത്തകർ പ്രതിരോധിച്ചത് വീണ്ടും സംഘർഷാവസ്ഥയ്ക്കിടയാക്കി.



ഒടുവിൽ സമരക്കാരെ പോലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് പോലീസ് വാനിലേക്കു മാറ്റുകയായിരുന്നു. അറസ്റ്റ് ചെയ്തു പോലീസ് വാഹനത്തിലേക്കു കൊണ്ടുപോകുന്നതിനിടെ പോലീസ് ക്രൂരമായി മർദിച്ചതായും പ്രവർത്തകർ ആരോപിച്ചു.

## കടമെടുക്കാൻ അനുവദിക്കണമെന്ന് കേരളം; കേന്ദ്രത്തിനു സുപ്രീംകോടതി നോട്ടീസ്

ന്യൂഡൽഹി: പെൻഷൻ നൽകുന്നതിന് അടിയന്തരമായി കടമെടുക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരളം സുപ്രീംകോടതിയിൽ. കേരളത്തിന്റെ ഹർജി പരിഗണിച്ച സുപ്രീം കോടതി കേന്ദ്രത്തിന് നോട്ടീസ് അയച്ചു. ഇടക്കാല ഉത്തരവ് ഇറക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

കടമെടുപ്പു പരിധി വെട്ടിക്കുറച്ച കേന്ദ്രസർക്കാർ തീരുമാനം ചോദ്യം ചെയ്ത് നൽകിയ സ്യൂട്ട് ഹർജി പരിഗണിക്കവേയാണ് പെൻഷൻ നൽകുന്നതിന് കടമെടുക്കാൻ അനുവദിക്കണമെന്ന് കേരളം ആവശ്യപ്പെട്ടത്. കേരള സർക്കാരിനുവേണ്ടി മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ, സ്റ്റാൻഡിംഗ് കോൺസൽ സി.കെ. ശശി എന്നിവരാണ് ഹാജരായത്.

## കെ–ഫോൺ: സി.ബി.ഐ. അന്വേഷണം വേണമെന്ന് വി.ഡി. സതീശൻ

കൊച്ചി: കെ–ഫോൺ ടെൻഡർ നടപടികളിലും കരാർ നൽകിയതിലും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഹൈക്കോടതിയെ സമീപിച്ചു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണു ടെൻഡർ നടപടികൾ പൂർത്തീകരിച്ചതെന്നും നിയമവിരുദ്ധമായാണു ബെൽ കൺസോർഷ്യത്തിന് കരാർ നൽകിയതെന്നും അതിനാൽ അവ റദ്ദാക്കണമെന്നുമാണ് ആവശ്യം.

ടെൻഡർ തുക, എസ്റ്റിമേറ്റിന്റെ പത്തു ശതമാനത്തിൽ അധികമായാൽ റീ-ടെൻഡർ നടത്തണമെന്ന ഉത്തരവിനു വിരുദ്ധമായാണ് ബെൽ കൺസോർഷ്യത്തിന് കരാർ നൽകിയത്.

1028 കോടി രൂപയുടെ എസ്റ്റിമേറ്റ് പറഞ്ഞപ്പോൾ 1600 കോടിയാണു ബെൽ കൺസോർഷ്യം കോട്ട് ചെയ്ത തുക. എല്ലാ ടെൻഡറുകളിലും ഗുണഭോക്താവ് എസ്.ആർ.ഐ.ടിയാണ്. ബെൽ കൺസോർഷ്യത്തിലും അവർ അംഗമാണ്. എം.എസ്.പി. കരാർ നേരിട്ട് എസ്.ആർ.ഐ.ടിക്കു ലഭിച്ചു.

കേബിൾ ഉത്പാദിപ്പിക്കുമെന്ന് അവകാശപ്പെട്ട ബെൽ കൺസോർഷ്യത്തിൽ അംഗമായ എൽ.എസ്. കേബിൾ കമ്പനി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ നേരിട്ടു പരിശോധിച്ച്, അവർ ഉത്പാദനം നടത്തുന്നില്ലെന്നും ചൈനയിൽനിന്നു ഇറക്കുമതി ചെയ്യുകയാണെന്നും റിപ്പോർട്ട് നൽകിയത് മറികടന്നുകൊണ്ടാണ് ബെൽ കൺസോർഷ്യത്തിനു കരാർ നൽകിയത്.

## ന്യൂനപക്ഷങ്ങളെ ജില്ലാതലത്തിൽ നിർണയിക്കണമെന്ന ഹർജി: സംസ്ഥാനങ്ങൾക്ക് അവസാന അവസരം നൽകി

ന്യൂഡൽഹി: ന്യൂനപക്ഷങ്ങളെ ജില്ലാ തലത്തിൽ നിർണയിക്കണമെന്ന ഹർജിയിൽ മറുപടി സമർപ്പിക്കാൻ സംസ്ഥാനങ്ങൾക്ക് അവസാന അവസരം നൽകി സുപ്രീംകോടതി.

വിഷയത്തിൽ സത്യവാങ്മൂലം സമർപ്പിക്കാത്ത കേന്ദ്രസർക്കാരിന്റെ നിലപാടിലും സുപ്രീംകോടതി അതൃപ്തി പ്രകടിപ്പിച്ചു.

ന്യൂനപക്ഷം എന്ന വാക്കിന് കേന്ദ്രം കൃത്യമായ നിർവചനം നൽകണമെന്നും ജില്ലാതലത്തിൽ ന്യൂനപക്ഷങ്ങളെ കണ്ടെത്തണമെന്നും ആവശ്യപ്പെട്ടു സമർപ്പിച്ച പൊതുതാത്പര്യ ഹർജി പരിഗണിക്കവേയാണു സുപ്രീംകോടതിയുടെ നിർദേശം. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരുൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. വിഷയത്തിൽ കേന്ദ്രത്തിന്റെ നിലപാട് സുപ്രീംകോടതി തേടിയിട്ടുണ്ട്. കേസ് ഏപ്രിലിൽ വീണ്ടും പരിഗണിക്കും.

നേരത്തേ നിർദേശിച്ചിട്ടും സംസ്ഥാനങ്ങൾ എന്തുകൊണ്ട് നിലപാട് വ്യക്തമാക്കിയില്ലെന്ന് സുപ്രീംകോടതി ചോദിച്ചു. മറുപടി അറിയിക്കാത്ത സംസ്ഥാനങ്ങൾക്ക് പിഴ ചുമത്തുമെന്നും കോടതി വ്യക്തമാക്കി. ആറാഴ്ചയ്ക്കുള്ളിൽ മറുപടി സമർപ്പിക്കാനാണ് ആദ്യം നിർദേശിച്ചിരുന്നത്. എന്നിട്ടും സമർപ്പിക്കാത്ത സംസ്ഥാനങ്ങൾക്ക് വീണ്ടും അവസരം നൽകി. ഇതും പാലിച്ചില്ലെങ്കിൽ 10,000 രൂപ വീതം പിഴ ചുമത്തും– കോടതി വ്യക്തമാക്കി. മതപരവും ഭാഷാപരവുമായ ന്യൂനപക്ഷങ്ങളെ തിരിച്ചറിയുന്നതിനും വിജ്ഞാപനം ചെയ്യുന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞവർഷം ഏപ്രിലിൽ സുപ്രീംകോടതി നിർദേശിച്ചിരുന്നു. ജില്ലാ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളെ കണ്ടെത്തുന്നതിനായി കഴിഞ്ഞ വർഷം ജനുവരിയിൽ സംസ്ഥാന, കേന്ദ്രഭരണ പ്രദേശങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാർ തേടിയിരുന്നു.

ന്യൂനപക്ഷങ്ങളെ നിർണയിക്കുന്നതിൽ കേന്ദ്രത്തിനാണ് അവകാശമെന്നു വാദിച്ചിരുന്ന കേന്ദ്രസർക്കാർ പിന്നീട് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് തീരുമാനമെടുക്കാമെന്നു വ്യക്തമാക്കി. കേന്ദ്രത്തിന്റെ നിലപാട് മാറ്റത്തിലും സുപ്രീംകോടതി അതൃപ്തി രേഖപ്പെടുത്തി.

## ശ്രീരാമക്ഷേത്ര പ്രതിഷ്ഠ: മോദി വ്രതം തുടങ്ങി

ന്യൂഡൽഹി: അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠയ്ക്ക് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്ര മോദി 11 ദിവസത്തെ വ്രതം ആരംഭിച്ചു. സമൂഹമാധ്യമത്തിലെ ശബ്ദസന്ദേശത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. 22-നാണ് പ്രതിഷ്ഠ.

'വികാരം കൊണ്ടു വീർപ്പുമുട്ടുകയാണ് ഞാൻ. എത്രയോ തലമുറകൾ നെഞ്ചേറ്റിയത് സത്യമാകുന്നതിന് സാക്ഷ്യം വഹിക്കാൻ പോകുകയാണെന്നതാണ് എന്നെ വികാരംകൊള്ളിക്കുന്നത്. പ്രതിഷ്ഠാദിനം എല്ലാ ഇന്ത്യക്കാർക്കും ശ്രീരാമഭക്തർക്കും പുണ്യമുഹൂർത്തമാണ്. 140 കോടി ജനങ്ങൾക്കു വേണ്ടിയാണ് ഞാൻ ചടങ്ങിന് സാക്ഷ്യം വഹിക്കുന്നത്. എല്ലാവരുടെയും അനുഗ്രഹം ഉണ്ടാകണം'– മോദി പറഞ്ഞു.

നാസിക്കിലെ പഞ്ചവടിയിലാണ് പ്രധാനമന്ത്രി വ്രതം തുടങ്ങിയത്. സ്വാമി വിവേകാനന്ദന്റെ ജന്മദിനം ആണ് വ്രതം തുടങ്ങാൻ തെരഞ്ഞെടുത്തതെന്നും മോദി പറഞ്ഞു. ശ്രീരാമൻ വനവാസക്കാലത്ത് കുറച്ചുനാൾ ഇവിടെ വസിച്ചതായാണ് വിശ്വാസം.

ഇതിനടുത്തുള്ള കാലാരാമ ക്ഷേത്രം പ്രധാനമന്ത്രി സന്ദർശിച്ചു. കറുത്ത ശിലയിലുള്ള ശ്രീരാമ വിഗ്രഹമാണു കാലാരാമ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളത്. മഹാരാഷ്ട്രയിലെ ഏറ്റവും പ്രശസ്തമായ ശ്രീരാമക്ഷേത്രമാണിത്.

അയോധ്യയിലെ പ്രതിഷ്ഠാച്ചടങ്ങിനു ക്ഷണമില്ലാത്ത ഉദ്ധവ് താക്കറെ ആ ദിവസം കാലാരാമ ക്ഷേത്രത്തിൽ പ്രാർത്ഥനാപൂർവം ചെലവഴിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കേയാണ് അതിനു മുൻപ് മോദി അവിടെയെത്തിയത്.



നാസിക്കിലെ കാലാരാമ ക്ഷേത്രം സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വച്ഛതാ മിഷന്റെ ഭാഗമായി ക്ഷേത്രപരിസരം വൃത്തിയാക്കിയപ്പോൾ

## മൂന്ന് പ്രതിപക്ഷ എംപിമാരുടെ സസ്പെൻഷൻ പിൻവലിച്ചു

ന്യൂഡൽഹി: ലോക്സഭയിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട മൂന്ന് പ്രതിപക്ഷ എംപിമാരുടെ സസ്പെൻഷൻ പിൻവലിച്ചു. കെ. ജയകുമാർ, അബ്ദുൾ ഖലീൽ, വി. വിജയകുമാർ വിജയവാസൻ എന്നിവരുടെ സസ്പെൻഷനാണ് പിൻവലിച്ചത്. പ്രിവിലേജ് കമ്മിറ്റി മുമ്പാകെ മാപ്പ് പറഞ്ഞതോടെയാണ് നടപടി. പാർലമെന്റ് സുരക്ഷാ വീഴ്ചയിൽ കടുത്ത പ്രതിഷേധമുയർത്തി ലോക്സഭയിൽ സ്പീക്കറുടെ പോഡിയത്തിൽ കയറിയതിനായിരുന്നു സസ്പെൻഷൻ. പാർലമെന്റ് സുരക്ഷാവീഴ്ചയിൽ അമിത് ഷായുടെ പ്രതികരണം ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

# ഫിലാഡൽഫിയ സീറോമലബാർ പള്ളിക്ക് പുതിയ അല്മായ നേതൃത്വം



ഫിലാഡൽഫിയ: ചിക്കാഗോ സീറോമലബാർ രൂപതയുടെ കീഴിലുള്ള സെ. തോമസ് സീറോമലബാർ ഫൊറോനാ പള്ളിയിൽ 2024-2025 വർഷത്തേക്കുള്ള പുതിയ പാരിഷ് കൗൺസിൽ നിലവിൽ വന്നു.

രൂപതയുടെ നിയമാവലി പ്രകാരം പാരിഷ് കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് കൈക്കാരന്മാർ, ഇടവക വികാരി നാമനിർദേശം ചെയ്ത രണ്ട് കൈക്കാരന്മാർ, യുവജനങ്ങളുടെ പ്രതിനിധിയായി ഒരു യുവ കൈക്കാരൻ, ഇടവകയിലെ വിവിധ

**ജോസ് മാളേയ്ക്കൽ**

കുടുംബ യൂണിറ്റുകളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട 12 പേർ, സൺഡേ സ്കൂൾ പ്രതിനിധി, ഭക്തസംഘടനകളുടെ പ്രതിനിധി, നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് പുതിയ പാരിഷ് കൗൺസിൽ.

ജോസഫ് (ജോജി) ചെറുവേലിൽ, ജോസ് തോമസ്, സജി സെബാസ്റ്റ്യൻ, പോളച്ചൻ കെ. വറീദ്, കുരുവിള ജെയിംസ് (ജെറി) എന്നിവർ കൈക്കാരന്മാരും കുടുംബക്കൂട്ടായ്മകളെ പ്രതിനിധീകരിച്ച് ലിറ്റി ബേബി (സെ. അൽഫോൻസാ), ആനി ജെയിംസ് ആനിത്തോട്ടം (സെ. ചാവറ), ജോസ് തോമസ് (വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ), സിബിച്ചൻ മുക്കാടൻ (സെ. തെരേസാ ഓഫ് കൽക്കട്ട), സനോജ് ഐസക് (സെ. ജോർജ്), ടോം തോമസ് (സെ. ന്യൂമാൻ), ഷിബു ജോസഫ് ആനമലയിൽ (സെ. ജോസഫ്), ബെന്നി ജേക്കബ് (സെ. മേരീസ്), ആനാ സി. ജോസഫ് (സെ. തോമസ്), സിബി ജോർജ് (സെ. ജൂഡ്), പോളച്ചൻ വറീദ് (സെ. സെബാസ്റ്റ്യൻ), സജി സെബാസ്റ്റ്യൻ (സെ. ആന്റണി) എന്നിവരും റോജി ലൂക്കോസ് (സെ. വിൻസന്റ് ഡിപോൾ, എസ്.എം.സി.സി, മരിയൻ മദേഴ്സ് എന്നീ സംഘടനകളുടെ സംയുക്ത പ്രതിനിധി), ജേക്കബ് ചാക്കോ (മതബോധന സ്കൂൾ), സിസ്റ്റർ അൽഫോൺസ് (സന്യസ്തർ), അഭിലാഷ് രാജൻ, ഡോ. ബിന്ദു മെതിക്കളം (യൂത്ത് ആനിമേറ്റർമാർ), അറ്റോർണി ജോസ് കുന്നേൽ, സിബിച്ചൻ ചെമ്പ്ളായിൽ (രൂപതാ പാസ്റ്ററൽ കൗൺസിൽ), അലക്സ് പടയാറ്റിൽ (യുവജനം), ജോസ് മാളേയ്ക്കൽ (പാരിഷ് കൗൺസിൽ സെക്രട്ടറി), സണ്ണി പടയാറ്റിൽ, ഷേർളി സെബാസ്റ്റ്യൻ ചാവറ, ജെർലി കോട്ടൂർ എന്നിവരാണ് പുതിയ പാരിഷ് കൗൺസിൽ അംഗങ്ങൾ.

റവ.ഡോ. ജോർജ് ദാനവേലിൽ ആണ് ഇടവക വികാരി. ടോം പാറ്റാനി പാരിഷ് സെക്രട്ടറിയും അക്കൗണ്ടന്റുമാണ്. ജനുവരി 7-ന് നടന്ന വിശുദ്ധ കുർബാന മദ്ധ്യേ ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ ചൊല്ലിക്കൊടുത്ത സത്യവാചകങ്ങൾ പുതിയ കൈക്കാരന്മാരും കമ്മിറ്റി അംഗങ്ങളും ഏറ്റുപറഞ്ഞ് പ്രതിജ്ഞ ചെയ്തു.

തദവസരത്തിൽ ഫാ. ജോർജ് 2022-2023 വർഷങ്ങളിലെ പാരിഷ് കൗൺസിലിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുകയും പുതിയ കമ്മിറ്റിക്ക് എല്ലാവിധ ആശംസകൾ നേരുകയും ചെയ്തു.

**ഫോട്ടോ: ജോസ് തോമസ്**

# കോട്ടയം അസോസിയേഷന്റെ ക്രിസ്മസ്-പുതുവത്സരാഘോഷം വർണ്ണാഭമായി

ഫിലാഡൽഫിയ: സാഹോദരീയ നഗരത്തിലെ ചാരിറ്റി പ്രവർത്തനങ്ങൾ മുൻനിർത്തി പ്രവർത്തിച്ചുവരുന്ന കോട്ടയം അസോസിയേഷന്റെ ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾ ഡിസംബർ 30-ന് ശനിയാഴ്ച 6 മണിക്ക് സീറോമലബാർ കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുകയുണ്ടായി.

വ്യക്തിജീവിതത്തിലെ വിവിധ

**ജിമോൻ ജോർജ്**

വശങ്ങളിലൂടെയുള്ള കാര്യങ്ങൾ അപഗ്രഥിച്ച് വളരെ അർത്ഥവത്തായ ക്രിസ്മസ് സന്ദേശം നല്കിയ റവ.ഫാ. ജേക്കബ് ജോൺ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. സണ്ണി കിഴക്കേമുറി (പ്രസിഡണ്ട്, കോട്ടയം അസോസിയേഷൻ), ജോബി ജോർജ്, സുരേഷ് നായർ (ചെയർമാൻ, ട്രൈസ്റ്റേറ്റ് കേരളാ ഫോറം), സുമോദ് നെല്ലിക്കാല (പ്രസിഡണ്ട്, പമ്പാ മലയാളി അസോസിയേഷൻ) എന്നിവർ പുതുവത്സരാശംസകൾ നേർന്നു സംസാരിക്കുകയും കുര്യൻ രാജൻ (ജന. സെക്രട്ടറി) വന്ന



എല്ലാവർക്കും നന്ദി അറിയിക്കുകയും മാത്യു ഐപ്പ്, വർഗീസ് വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം നടന്ന പിക്നിക്കിലെ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിക്കുകയുമുണ്ടായി. തുടർന്നു നടന്ന കലാപരിപാടികൾ ബെന്നി കൊട്ടാരം, സാബു പാമ്പാടി എന്നിവരുടെ നേതൃത്വത്തിൽ അരങ്ങേറുകയുണ്ടായി. ലാൽ അങ്കമാലി, പ്രേം കൃഷ്ണ എന്നിവർ ചേർന്ന് നടത്തിയ ഗാനമേളയും

(ശേഷം 24-ാം പേജിൽ)

# ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ മഹാമണ്ഡലപൂജ നടത്തി

ഡാളസ്: മണ്ഡല വ്രതാരംഭത്തിൽ തുടങ്ങിയ 41 ദിവസത്തെ പ്രത്യേക അയ്യപ്പപൂജകൾക്കും ഭജനകൾക്കും ശേഷം മഹാമണ്ഡലപൂജ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ ശ്രീധർമ്മശാസ്താ സന്നിധിയിൽ ഡിസംബർ 25-ന് തിങ്കളാഴ്ച നടത്തപ്പെട്ടു. അതിരാവിലെ 5.30-ന് ആരംഭിച്ച ഗണപതി ഹോമത്തോടെ പൂജാദി കർമ്മങ്ങൾക്ക് തുടക്കംകുറിച്ചു. വ്രതാനുഷ്ഠാനങ്ങളോടെ മുദ്രമാല അണിഞ്ഞ നൂറോളം അയ്യപ്പന്മാരും മാളികപ്പുറങ്ങളും അന്നേദിവസം ഇരുമുടിക്കെട്ടുകൾ നിറച്ചു. ഗുരുസ്വാമിമാരായ ഗോപാലപിള്ള, വിപിൻപിള്ള എന്നിവർ ഇരുമുടിക്കെട്ടുകൾ നിറയ്ക്കാനും കെട്ടുമുറുക്കിനും നേതൃത്വം നല്കി. പുലർച്ചെ മുതൽ ശരണംവിളികളാൽ മുഖരിതമായ ക്ഷേത്രത്തിലെ സ്പിരിചൽ ഹാളിൽ ഇരുമുടിക്കെട്ടുനിറയിൽ പങ്കെടുക്കാൻ ആയിരത്തോളം ഭക്തജനങ്ങൾ എത്തിച്ചേർന്നിരുന്നു. ഇരുമുടിക്കെട്ടുമുറുക്കി അയ്യപ്പസ്വാമി സന്നിധാനത്തിലേക്കുള്ള അയ്യപ്പന്മാരുടെ യാത്രയെ ഭക്തജനങ്ങൾ ശരണംവിളിയോടെ ആനയിച്ചു. മനസ്സിന് കുളിർമയേകുന്ന ഒരു സാക്ഷാത്കാരമായി ആ തീർത്ഥയാത്ര ഭക്തജനങ്ങളിൽ തികച്ചും ശബരിമലയ്ക്ക് പോകുന്ന പ്രതീതി ഉളവാക്കി.



ക്ഷേത്രത്തിനുള്ളിലെ കലശപൂജകളും അഭിഷേകങ്ങളും വിഗ്രഹഅലങ്കാരങ്ങളും ക്ഷേത്രപൂജാരികളായ വാസുദേവൻ തിരുമേനിയും പരമേശ്വരൻ തിരുമേനിയും നിർവഹിച്ചു.

അമ്പലത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഭാഗമായി ബലിക്കൽപുരയുടെയും അയ്യപ്പന്റെ പതിനെട്ട് പടികളുടെയും കൺസ്ട്രക്ഷൻ ഉടനെ ആരംഭിക്കുമെന്ന് ഡാളസിലെ ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ചെയർമാൻ രാമചന്ദ്രൻ നായരും പ്രസിഡണ്ട് കേശവൻ നായരും സംയുക്തമായി അറിയിച്ചു.

# കോട്ടയത്തു നടന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സഹായപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചിത്രങ്ങളിലൂടെ...













## ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വീൽചെയറുകൾ, ഹിയറിംഗ് എയ്ഡ്സ്, മുച്ചക്ര വാഹനം നൽകുന്ന ചടങ്ങ് ഗംഭീരമായി

# പീറ്റർ കുളങ്ങര മാനവികതയുടെ കാവൽക്കാരൻ: മന്ത്രി വി.എൻ. വാസവൻ

കോട്ടയം: പീറ്റർ കുളങ്ങര മാനവികതയുടെ സന്ദേശവാഹകനെന്ന് സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ. ചിക്കാഗോ സോഷ്യൽ ക്ലബ്, മിഡ്‌വെസ്റ്റ് മലയാളി അസ്സോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയൻ എന്നീ സംഘടനകൾ ചിക്കാഗോയിലെ സാമൂഹ്യ സംഘടനാ പ്രവർത്തകനായ പീറ്റർ കുളങ്ങരയുടെ നേതൃത്വത്തിൽ നൂറ് നിർദ്ധനരായ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ഇലക്ട്രിക് വീൽചെയറും, മുച്ചക്ര സ്കൂട്ടറും നൽകുന്ന പരിപാടിയുടെ സംസ്ഥാനതല ചടങ്ങ് കോട്ടയം ഇടയ്ക്കാട്ട് സെന്റ് ജോർജ് ക്നാനായ ഫൊറോന പള്ളിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആദ്യ വീൽചെയർ നൽകി അദ്ദേഹം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. എത്ര നല്ല സത്കർമ്മമാണ് ഇവിടെ നടക്കുന്നത്. സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വലിയ വിഭാഗത്തെ ഒപ്പം നിർത്തി അവർക്ക് ഏറ്റവും അത്യാവശ്യമായ സഹായം ചെയ്യുക എന്നത് സത്കർമ്മമാണ്. അത് ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തും. പീറ്റർ കുളങ്ങരയുടെ ബാങ്ക് ബാലൻസ് ഈ നന്മയുള്ള പ്രവർത്തനങ്ങളാണ്. എട്ട് മാസങ്ങൾക്ക് മുൻപ് വീൽചെയർ ലഭിച്ച ഫെബിൻ തോമസ് മരണപ്പെട്ടു. ഫെബിന്റെ സഹോദരിക്കായി നേഴ്സിംഗ് സ്കോളർഷിപ്പ് നൽകുവാൻ പീറ്റർ കുളങ്ങര തയാറായതിൽ മന്ത്രി അദ്ദേഹത്തെ അഭിനന്ദിച്ചു. ഈ സംരംഭത്തിൽ പങ്കാളികളായ എല്ലാ നന്മനിറഞ്ഞ വ്യക്തികളേയും സംഘടനകളേയും അഭിനന്ദിക്കുന്നതായി അദ്ദേഹം പറഞ്ഞു.

തന്നെ ഏൽപ്പിച്ച കർത്തവ്യം വിവിധ സംഘടനകളുടേയും, കുടുംബങ്ങളുടേയും സഹായത്തോടെ ഭംഗിയായി സംഘടിപ്പിക്കാൻ സാധിച്ചത് ഈശ്വരാനുഗ്രഹമാണെന്ന് പീറ്റർ കുളങ്ങര സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. എം.പിമാരായ തോമസ് ചാഴികാടൻ, ആന്റോ ആന്റണി, വികാരി ജനറാൾ ഫാ. തോമസ് മുളവനാൽ എന്നിവർ ആശംസകൾ അറിയിച്ചു. തുടർന്ന് നടന്ന വീൽചെയർ, ഹിയറിംഗ് എയ്ഡ്സ് വിതരണത്തിൽ എം.എൽ.എമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അഡ്വ. ജോബ് മൈക്കിൾ, മുൻ എംഎൽഎമാരായ സ്റ്റീഫൻ ജോർജ്, രാജു എബ്രഹാം, സുരേഷ് കുറുപ്പ്, കോട്ടയം അതിരൂപത ചാൻസിലർ ഫാ. ജെയ്മോൻ ചേന്നാകുഴി, മിഡ്‌വെസ്റ്റ് മലയാളി അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് പോൾസൺ കുളങ്ങര, പ്രവാസി കേരളാ കോൺഗ്രസ് പ്രസിഡന്റ് ജെയ്ബു കുളങ്ങര, നിഷാ ജോസ് കെ. മാണി, ഫൊക്കാന ലീഡർ ലീലാ മാരേട്ട്, ഫോമയുടെ ചിക്കാഗോ പ്രതിനിധി ഡോ. സാൽബി പോൾ ചേന്നോത്ത്, മുൻസിപ്പൽ കൗൺസിലർമാരായ ഷേബ സുനിൽ, സോന, കേരളാ സ്റ്റേറ്റ് മൈനോറിറ്റി കോർപ്പറേഷൻ ഡയറക്ടർ അന്നമ്മ രാജു, ചിക്കാഗോ സോഷ്യൽ ക്ലബ് ഭാരവാഹികൾ, മിഡ് വെസ്റ്റ് മലയാളി അസ്സോസിയേഷൻ, ഫോമാ ചിക്കാഗോ റീജിയൻ എന്നീ സംഘടനകളുടെ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. ജോസ് മണക്കാട്ട് പ്രോഗ്രാമിനെകുറിച്ച് വിശദീകരിച്ചു. അജിത്ത് നാട്ടകം കോ-ഓർഡിനേറ്ററും മിനി വിരുത്തിക്കുളങ്ങര എംസിയും ആയിരുന്നു. എം.സി.ഡി.എ.ഡബ്ല്യു.എഫ് സംസ്ഥാന പ്രസിഡന്റ് സുരേഷ് കെ.കെ. നന്ദി പറഞ്ഞു.















# കോട്ടയത്തു നടന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സഹായപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചിത്രങ്ങളിലൂടെ...






































# കോട്ടയത്തു നടന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സഹായപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചിത്രങ്ങളിലൂടെ...


























# അമേരിക്കയിൽ അനുസ്യൂതം അരങ്ങേറുന്ന ഡോക്ടറേറ്റ് വിപ്ലവം


**സുരേന്ദ്രൻ നായർ**

ലോകത്തെവിടെയും പ്രാഞ്ചിവേഷം കെട്ടാൻ എന്നും മലയാളി മുന്നിലുണ്ടാകും. മലയാളികൾ സ്വയം കൊട്ടിഘോഷിക്കുന്ന മഹത്വങ്ങൾ സജി ചെറിയാന് പോലും രോമാഞ്ചമുണ്ടാക്കുന്നവയാണ്. മലയാളി അസോസിയേഷനുകളിൽ സർവസാധാരണമായ പരസ്പരം മുതുകു ചൊറിഞ്ഞു കൊടുക്കുന്ന പൊന്നാട പരിഹാസ്യം അരങ്ങു വാഴുമ്പോൾത്തന്നെ അവരിൽ പലരും നേരം ഇരുട്ടി വെളുക്കുമ്പോൾ ഡോക്ടർമാരായി അവതരിക്കുന്ന പുത്തൻ പ്രതിഭാസമാണ് ഇപ്പോഴത്തെ ട്രെൻഡ്.

കേരളത്തിൽ സ്വന്തം പേരിനോടൊപ്പം പിതാവിന്റെ പേരു ചേർക്കുന്ന പതിവ് സാധാരണമാണല്ലോ. പക്ഷേ, കേരളം കടന്ന് അമേരിക്കയിലെത്തി ഒന്ന് ഇരിപ്പുറപ്പിച്ചു കഴിയുമ്പോൾ പിതാവിന്റെ പേരിന്റെ അക്ഷരങ്ങൾ കൊണ്ടു മാത്രം ജനശ്രദ്ധ കിട്ടില്ലെന്ന് കണ്ടാണ് ഇത്തരക്കാർ വ്യാജ നിർമ്മിതികൾക്കുള്ള അന്വേഷണങ്ങൾ തുടങ്ങുന്നത്.

തുച്ഛമായ ചെലവിൽ കേരളത്തിൽ ലഭിക്കുന്ന വാഴക്കുല ഡോക്ടറേറ്റിന് തുല്യമായ ഗവേഷണ ബിരുദങ്ങളും ബോംബെ എൽഎൽ.ബിയും ബിരുദാനന്തര ബിരുദങ്ങളും അമേരിക്കയിലെ തൊഴിൽ രംഗത്ത് ഒരിക്കലും പച്ചപിടിക്കാത്തതിനാൽ തൊഴിൽ അന്വേഷകരല്ല അസോസിയേഷൻ സ്ഥാനമോഹികളാണ് ഈ മുക്കുപണ്ടങ്ങളുടെ ഗുണഭോക്താക്കൾ.

അഭിനവ ഡോക്ടർമാരുടെ അവതരണം ആരംഭിക്കുന്നത് സാധാരണ ഒക്ടോബർ നവംബർ മാസങ്ങളിലാണ്. കാരണം ഒട്ടുമിക്ക അസോസിയേഷനുകളിലും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കുന്നത് ആ സമയങ്ങളിലാണ്. നാഷണൽ സംഘടനകളിൽ കണ്ണുള്ളവർ മുഖം മിനുക്കൽ അല്പം നേരത്തെ തുടങ്ങുമെന്നു മാത്രം. പള്ളിക്കൂടങ്ങളിലെ പത്രാസും ബാലജനസഖ്യത്തിലെ വീരസ്യങ്ങളും ലോക്കൽ കമ്മിറ്റികളിലെ തിണ്ണമിടുക്കുമൊന്നും മതിയാകില്ല എന്ന് ബോധ്യമാകുന്ന സമൂഹസേവന തല്പരരായ പുത്തൻകൂറ്റുകാരാണ് ഡോക്ടർ പത്രാസ് കാട്ടി എതിരാളികളെ വെല്ലുവിളിക്കുന്നതിനും നിർദ്ദോഷികളായ മലയാളികളെ പറ്റിക്കുന്നതിനും കച്ചകെട്ടി ഇറങ്ങുന്നത്. ഇക്കാരണം കൊണ്ടു തന്നെ യഥാർത്ഥ ഡോക്ടറേറ്റുള്ള നിരവധിപേർ പൊതുവേദികളിൽ അവരുടെ പദവി മറച്ചുവെക്കുകയും ചെയ്യുന്നു.



ലേഖകൻ

അമേരിക്കയിൽ സാധാരണ ഒരാളിന് ഡിഗ്രി പഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് ഡിഗ്രി സമ്പാദിക്കാൻ നാല് മുതൽ ആറുവരെ വർഷങ്ങളിലെ കഠിനാദ്ധ്വാനം വേണമെന്നിരിക്കെ, ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കിഴക്കൻ യൂറോപ്പിലെ ഉൾനാടൻ സർവകലാശാലകളിലും അതിന്റെ കാലാവധി മുതൽമുടക്കിന്റെ വലുപ്പത്തിനനുസരിച്ച് ചുരുങ്ങി ചുരുങ്ങി ശൂന്യാവസ്ഥയിൽ എത്തുമെന്നാണ് പരീക്ഷണാർത്ഥം അന്വേഷിച്ച ചിലർ സ്ഥിരീകരിക്കുന്ന വിവരം. ഫോട്ടോയും പണവും അയച്ചാൽ മടക്ക തപാലിൽ കിട്ടുന്ന ഡോക്ടറേറ്റും നിലവിലുണ്ടെന്ന് ചില ഓൺലൈൻ സൈറ്റുകളും അവകാശപ്പെടുന്നു. അവിടെ കോളജും വിഷയവും പ്രബന്ധവും ഗൈഡുമെല്ലാം വിർച്യൂൽ എന്നു മാത്രം.

തുടർപഠനത്തിനോ ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യാനോ തൊഴിൽ നേടാനോ വ്യാജനെ ഉപയോഗിക്കാത്തിടത്തോളം അധികാരികളെയോ നിയമവ്യവസ്ഥയെയോ ഭയപ്പെടേണ്ടതില്ല. വൈദ്യശാസ്ത്ര രംഗത്ത്, എം.ഡി എന്നുകൂടി ചേർക്കാൻ മെഡിക്കൽ ഡോക്ടർമാർ ശ്രദ്ധിക്കുന്നതിനാൽ വ്യാജന്മാർ ജീവഹാനിയുണ്ടാക്കി ജയിലിലാകില്ല എന്ന് കുടുംബങ്ങൾക്കും ആശ്വസിക്കാം.

പുറമെ കാണുമ്പോൾ നിരുപദ്രവകരമാണെന്ന് തോന്നുന്ന ഈ തുന്നിച്ചേർക്കൽ മലയാളികളെല്ലാം തൊണ്ട തൊടാതെ വീഴുന്നില്ല എന്നതാണ് നേർ. ഭൂരിപക്ഷവും പുച്ഛത്തോടെ കാണുന്ന ഈ പ്രയോഗം അണിയുന്നവന് മാത്രമാണ് അലങ്കാരമായി തോന്നുന്നത്.

അടുത്തകാലത്ത് ഒരു സ്റ്റാർഷോയുടെ ഭാഗമായി ഇവിടെയെത്തിയ ഒരു മിമിക്സ് കലാകാരൻ തന്നോടൊപ്പം നാട്ടിൽ രണ്ടാംവർഷ ഇംഗ്ലീഷ് രണ്ടു പ്രാവശ്യം എഴുതി തോറ്റു വിവാഹാനന്തരം അമേരിക്കയിലെത്തിയ ഒരു പഴയ സഹപാഠിയെ കണ്ടു. പരിപാടിയുടെ സംഘാടകരിൽ പ്രമുഖനായ അയാളെ സ്വാഗതം പറയാനായി ക്ഷണിച്ച സുന്ദരിയായ അവതാരക അയാളുടെ പേരിനൊപ്പം ഡോക്ടർ പദവി കൂട്ടിച്ചേർത്തു ബഹുമാനം കൂട്ടിയപ്പോൾ കക്ഷിയാകെ സംശയത്തിലായി. തനിക്ക് ആള് മാറിയതാണോ. പിൻകർട്ടനിടയിലൂടെ ഒളിഞ്ഞുനോക്കി സംശയനിവൃത്തി വരുത്തിയ കൂട്ടുകാരൻ ഉറപ്പിച്ചു തനിക്കു തെറ്റിയിട്ടില്ല.

തന്നോടൊപ്പം ട്യൂട്ടോറിയൽ കോളജിൽ പഠിച്ചിരുന്ന, വിവാഹശേഷം കംപ്യൂട്ടർ ഡേറ്റ എൻട്രി പഠിച്ചു വിമാനം കയറി അമേരിക്കയിലെത്തിയ പഴയ സതീർത്ഥ്യൻ തന്നെയാണ് ഡോക്ടറായി വേദിയിൽ ആഗതനായിരിക്കുന്നത്.

അമേരിക്കയിലെ ഈ ഡോക്ടർ വിപ്ലവം അയാൾ കേരളത്തിലെ ഡോക്ടർമാരെയും അറിയിച്ചു സന്തോഷം പങ്കുവെച്ചു.

# നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് പിറന്നാൾ മംഗളങ്ങൾ

**ജോജോ തോമസ് പാലത്ര, ന്യൂയോർക്ക്**

ന്യൂയോർക്ക്: ഇന്ന് ജനുവരി 10, 2024. സംഗീതപ്രേമികളുടെ പ്രിയങ്കരനായ, ഗാനഗന്ധർവ്വൻ ദാസേട്ടന്റെ 84-ാം ജന്മദിനം. 'ജാതി ഭേദം, മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്.' 1961 നവംബർ 14-ന് സംഗീതസംവിധായകൻ എം.ബി. ശ്രീനിവാസൻ ചിട്ടപ്പെടുത്തി ദാസേട്ടൻ പാടിത്തുടങ്ങിയ ആ ശബ്ദമധുരിമയുടെ ജൈത്രയാത്രയിൽ... 'ആയിരം പാദസരങ്ങൾ കിലുങ്ങി' എന്നും 'സാഗരമേ ശാന്തമാക നീ' എന്നും പാടിയ അതേ ശബ്ദം, 'ഹരിവരാസനം' എന്നും 'ക്ഷീരസാഗരശയന' എന്നും പാടി ഏതൊരു ശ്രോതാവിന്റെയും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

സംഗീതാസ്വാദനം എന്നൊന്ന് ഇല്ലാതിരുന്നവരിൽ പോലും ഈ ശബ്ദതരംഗങ്ങൾ ദൈവീക നാദവീചികളായി ഇറങ്ങിച്ചെന്ന് സംഗീതവാസനയെ തൊട്ടുണർത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല.



2003-ൽ ജോജോ തോമസ് പദ്മഭൂഷൻ ഡോ. കെ.ജെ. യേശുദാസിന് മില്ലേനിയം സരസ്വതി അവാർഡ് സമ്മാനിക്കുന്നു.

ശബ്ദസൗകുമാര്യവും അനായാസമായി പാടാനുള്ള ദൈവികസിദ്ധിയും ഈ ഗാനഗന്ധർവ്വനിൽ സംഗമിക്കുന്നു.

'പ്രളയപയോധിയിൽ ഉറങ്ങിയുണർന്നൊരു

പ്രഭാ മയൂഖമേ കാലമേ' എന്നു പാടിയ ആ ശബ്ദം ഇന്ന് കാലത്തെ അതിജീവിച്ചു നിൽക്കുന്നു.

'രാത്രി പകലിനോടെന്ന പോലെ

യാത്ര ചോദിപ്പൂ ഞാൻ' എന്ന് ദാസേട്ടൻ പാടി കേൾക്കുമ്പോൾ സംഗീതസാന്ദ്രതയിൽ മൂർച്ഛിക്കാത്തവരുണ്ടോ?

സംഗീതം അതിവിശാലവും ഗഹനവുമായ സമുദ്രമാണെന്നും അതിന്റെ തിരകളെ തലോടാനെ ആർക്കും കഴിയൂ എന്നൊക്കെ പറയാമെങ്കിലും ആ സാഗരത്തിന്റെ തിരകളിൽ ജീവിതം മുഴുവൻ ആനന്ദമായി ആറാടാൻ ദാസേട്ടന്റെ സംഗീതം നമുക്ക് സാദ്ധ്യതയുണ്ടാക്കിത്തന്നു എന്നത് സത്യം മാത്രമാണ്.

'മനുഷ്യമനസ്സിന് ദാസേട്ടൻ സുഖമാണ്, അനുഗ്രഹമാണ്, ലഹരിയാണ്, ആശ്വാസമാണ്.'

നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് 84-ാം പിറന്നാൾ ദിനത്തിൽ ദീർഘായുസ്സും ആരോഗ്യവും ഈശ്വരൻ പ്രദാനം ചെയ്ത് അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു; ആശംസിക്കുന്നു.

പിറന്നാൾ മംഗളങ്ങൾ നേരുന്നു!!!

# കെഎച്ച്എൻഎ: ഡോ. നിഷാ പിള്ള പ്രസിഡണ്ടായും ഗോപിനാഥക്കുറുപ്പ് ട്രസ്റ്റി ബോർഡ് ചെയർമാനായും ചാർജെടുത്തു

ന്യൂയോർക്ക്: കെഎച്ച്എൻഎ പ്രസിഡണ്ടായി ഡോ. നിഷാ പിള്ളയും ട്രസ്റ്റി ബോർഡ് ചെയർമാനായി ഗോപിനാഥക്കുറുപ്പും ചാർജെടുത്തു. ക്വീൻസ് ഹാംപ്ടൺ ഇന്നിൽ നടന്ന ഹാൻഡിംഗ് ഓവർ മീറ്റിംഗിൽ സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് ജി.കെ. പിള്ള കൈമാറ്റത്തിന് നേതൃത്വം നല്കി. ട്രസ്റ്റി ചെയർ ഡോ. രാംദാസ് പിള്ള അദ്ധ്യക്ഷത വഹിച്ചു. ചാർജെടുത്തശേഷം നടന്ന വികാരനിർഭരമായ പ്രസംഗത്തിൽ എട്ടുവർഷം മുമ്പ് ന്യൂയോർക്കിൽ കൺവൻഷൻ നടത്താൻ താൻ ശ്രമിച്ചെങ്കിലും ദൈവനിശ്ചയം ഇതായിരുന്നുവെന്ന് നിഷാപിള്ള പറഞ്ഞു. ഇന്ന് കൂടുതൽ മിടുക്കരും കഴിവുമുള്ള ആളുകൾ തന്നോടൊപ്പമുണ്ടെന്നും അന്നത്തെക്കാളും മെച്ചമായി കൺവൻഷൻ നടത്താൻ ഇന്ന് തങ്ങളുടെ ടീം കഴിവുള്ളവരാണെന്നും നിഷ പ്രഖ്യാപിച്ചു. എല്ലാവരും സർവ്വാത്മനാ നിഷാ പിള്ളയെ പിന്തുണയ്ക്കുന്നതായും പറഞ്ഞു.



ഡോ. നിഷാ പിള്ള | ഗോപിനാഥക്കുറുപ്പ്

തുടർന്ന് നടന്ന ട്രസ്റ്റി ബോർഡ് മീറ്റിംഗ് ഇപ്പോഴത്തെ ചെയർമാൻ ഡോ. രാംദാസ് പിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നു. തുടർന്നു നടന്ന ഇലക്ഷനിൽ ജനറൽ ബോഡിയുടെ തീരുമാനപ്രകാരം ഗോപിനാഥക്കുറുപ്പിനെ ട്രസ്റ്റി ചെയർമാനായി തെരഞ്ഞെടുത്തു. സോമരാജൻ നായർ വൈസ് ചെയർമാനും അനിൽ ആറന്മുളയെ ട്രസ്റ്റി സെക്രട്ടറിയായും തെരഞ്ഞെടുത്തു. ഗോപിനാഥക്കുറുപ്പ് എല്ലാവർക്കും നന്ദി പറഞ്ഞു. എല്ലാവരെയും കൂട്ടി സൂം മീറ്റിംഗ് ഉടനുണ്ടാകുമെന്നും പറഞ്ഞു. ഇന്ത്യൻ ഹിന്ദു സനാതന ധർമ്മം പിന്തുടരുന്ന, അതിനുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന വ്യക്തിയാണ് ഗോപിനാഥക്കുറുപ്പ്. കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രവർത്തനങ്ങളിൽ തുടക്കം മുതൽ സജീവം. 2007-ൽ വെങ്കിട്ട ശർമ്മ പ്രസിഡണ്ടായിരിക്കെ ന്യൂയോർക്കിൽവെച്ചു നടന്ന കൺവൻഷനിൽ ഗോപിനാഥക്കുറുപ്പ് ആയിരുന്നു കൺവൻഷൻ ചെയർമാൻ. ഇപ്പോഴും സംഘടനയുടെ നന്മയ്ക്കൊപ്പം പ്രവർത്തിക്കുന്ന ഗോപിനാഥക്കുറുപ്പ് കെഎച്ച്എൻഎയുടെ നിലവിലുള്ള കർമ്മപദ്ധതികൾ പിന്തുടരുന്നതോടൊപ്പം പുതുതലമുറയിൽ സനാതന ധർമ്മത്തെക്കുറിച്ചും സാമൂഹിക മൂല്യങ്ങളെപ്പറ്റിയും കൃത്യമായ ദിശാബോധം സമൂഹത്തിനു നല്കാനാണ് കെഎച്ച്എൻഎയുടെ പുതിയ ഭരണസമിതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് യുവജനങ്ങളെ സംഘടനയിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്ന ഒരു നേതൃത്വമാണ് കെ.എച്ച്.എൻ.എയ്ക്കുള്ളത്.

# ചിക്കാഗോ മലയാളി അസോസിയേഷന്റെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ

**ആൽവിൻ ഷിക്കോർ**



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ ജനുവരി 6-ന് ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ഡെസ്പ്ലെയിൻസിലുള്ള കെ.സി.എസ്. കമ്യൂണിറ്റി ഹാളിൽ വെച്ച് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവക വികാരി ഫാ. സിജു കുര്യാക്കോസ് മുടക്കോടിയിൽ മുഖ്യാതിഥിയായും സിഎംഎ പ്രസിഡണ്ട് ജെസ്സി റിൻസി അദ്ധ്യക്ഷയായും നടത്തപ്പെട്ട ചടങ്ങിൽ സിഎംഎയുടെ മുൻ പ്രസിഡണ്ടുമാരായ പി.ഒ. ഫിലിപ്പ്, റോയി നെടുങ്ങോട്ടിൽ, സണ്ണി വള്ളിക്കളം, ജോൺസൺ കണ്ണൂക്കാടൻ, ജോഷി വള്ളിക്കളം എന്നിവരും ചിക്കാഗോയിലെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാമുദായിക മേഖലയിലെ പ്രമുഖ വ്യക്തികളായ ഗ്ലാഡ്സൺ വർഗീസ്, ജോർജ് പണിക്കർ, ബ്രിജിറ്റ് ജോർജ്, ലൂയി ബെഞ്ചമിൻ, പ്രഫ. തമ്പി മാത്യു തുടങ്ങിയവരും പങ്കെടുത്തു. പരിപാടിയുടെ മുഖ്യ കോ-ഓർഡിനേറ്റർ പ്രിൻസ് ഈപ്പൻ സ്വാഗതം ആശംസിച്ച യോഗത്തിൽ സിഎംഎ സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. കോ-ഓർഡിനേറ്റർ ജോഷി പൂവത്തിങ്കൽ നന്ദിയും പരിപാടിയുടെ പ്രധാന സ്പോൺസർമാരായ അറ്റോർണി സ്റ്റീവ് ക്രിഫേസ്, അറ്റോർണി ജിമ്മി വാച്ചാച്ചിറ എന്നിവർ ആശംസകളും അർപ്പിച്ചു.



CJ The Emcee നേതൃത്വം നല്കിയ മ്യൂസിക് ആൻഡ് ലൈവ് ഡിജെ പരിപാടിയുടെ മുഖ്യആകർഷണമായിരുന്നു. ക്രിസ്മസ് നേറ്റിവിറ്റി പ്രോഗ്രാം, കപ്പിൾ ഡാൻസ്, കരോൾ സിംഗിംഗ്, യൂത്ത് റെപ്പും സോഷ്യൽ മീഡിയ ഇൻഫ്ളുവൻസറുമായ സാറാ അനിലിന്റെ നേതൃത്വത്തിലുള്ള നൃത്തങ്ങൾ, സെമിക്ലാസിക്കൽ ഡാൻസ് അഗ്നിതാളം, മണവാളൻ ടീമിന്റെ ആക്ഷേപ ഹാസ്യ നൃത്തനൃത്യങ്ങൾ എന്നിവ ഇത്തവണത്തെ ക്രിസ്മസ്-ന്യൂഇയർ ആഘോഷത്തിനു മാറ്റുകൂട്ടി. ഷൈനി ഹരിദാസ്, സിബിൽ ഫിലിപ്പ് എന്നിവരാണ് കലാപരിപാടികൾക്ക് നേതൃത്വം നല്കിയത്. മലബാർ കേറ്ററിങ്ങിന്റെ സ്പെഷ്യൽ ഡിന്നർ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

## എഫ്.പി.സി.സി.ക്ക് പുതിയ ഭാരവാഹികൾ

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ഇവിടെയുള്ള വിവിധ പെന്തെക്കോസ്ത് സഭകളുടെ സംയുക്ത പ്രവർത്തനവേദിയായ ഫെലോഷിപ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ 2024-ലെ കൺവീനറായി റവ.ഡോ. വില്ലി ഏബ്രഹാമും ജോയിന്റ് കൺവീനറായി പാസ്റ്റർ തോമസ് യോഹന്നാനും തെരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ 16-ന് ഐസിഎജിയിൽ നടന്ന പാസ്റ്റർമാരുടെയും സഭാ പ്രതിനിധികളുടെയും യോഗത്തിലാണ് ഇവരെ തെരഞ്ഞെടുത്തത്. ബ്രദർ ബിനോയ് ചാക്കോയെ മലയാളം മ്യൂസിക് കോ-ഓർഡിനേറ്ററായും തെരഞ്ഞെടുത്തു.



റവ.ഡോ. വില്ലി ഏബ്രഹാം



പാസ്റ്റർ തോമസ് യോഹന്നാൻ

16 സഭകളുടെ കൂട്ടായ്മയാണ് എഫ്.പി.സി.സി. എല്ലാ മാസത്തിന്റെയും മൂന്നാം ശനിയാഴ്ച വൈകിട്ട് മാസയോഗവും ആദ്യചൊവ്വാഴ്ച പാസ്റ്റർമാരുടെയും കുടുംബത്തിന്റെയും ഫെലോഷിപ്പും വർഷത്തിൽ ഒരിക്കൽ സംയുക്ത ആരാധനയും എഫ്.പി.സി.സിയുടെ ചുമതലയിൽ നടക്കുന്നു. യുവജന വിഭാഗമായി ചിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ് പ്രവർത്തിക്കുന്നു.

ഗുഡ്ഷെപ്പേർഡ് ഫെലോഷിപ്പ് ചർച്ചിന്റെ സീനിയർ പാസ്റ്റർ ആണ് കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട ഡോ. വില്ലി ഏബ്രഹാം. ബോർഡ് സർട്ടിഫൈഡ് ചാപ്ലെൻ ആയ ഇദ്ദേഹം ലൂതറൻ ജനറൽ ഹോസ്പിറ്റലിൽ ചാപ്ലെൻ ആയി സേവനം ചെയ്യുന്നു. സിസ്റ്റർ മോളി ഏബ്രഹാം ആണ് ഭാര്യ. സി.സി.എഫ് പ്രസിഡണ്ട് പാസ്റ്റർ വിൽസൺ ഏബ്രഹാം, വിൽസി സെബാസ്റ്റ്യൻ എന്നിവരാണ് മക്കൾ.

ജോയിന്റ് കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് യോഹന്നാൻ ബഥനി പെന്തെക്കോസ്ത് ചർച്ചിലെ സീനിയർ പാസ്റ്റർ ആണ്. സിസ്റ്റർ കുഞ്ഞമ്മ തോമസാണ് ഭാര്യ. ടോണി, ലിൻസി എന്നിവരാണ് മക്കൾ.

# മോർട്ടൺഗ്രോവ് സെ. മേരീസ് ക്നാനായ ഇടവകയ്ക്ക് പുതിയ അല്മായ നേതൃത്വം

**സ്റ്റീഫൻ ചൊള്ളമ്പേൽ**



ചിക്കാഗോ: മോർട്ടൺഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാർ സത്യപ്രതിജ്ഞ ചെയ്ത് ചാർജെടുത്തു.

ജനുവരി ഏഴിന് ഞായറാഴ്ച രാവിലെ 10 മണിക്കത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം നടത്തിയ സത്യപ്രതിജ്ഞാ ചടങ്ങിൽ കൈക്കാരന്മാരായ സാബു കട്ടപ്പുറം, ജോർജ് മറ്റത്തിൽപറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ബിനു പൂത്തറയിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ വികാരി ഫാ. സിജു മുടക്കോടിൽ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞാ വാചകം ഏറ്റുചൊല്ലി സ്ഥാനമേറ്റെടുത്തു.

ഈ വർഷം സ്ഥാനമൊഴിയുന്ന ചർച്ച് എക്സിക്യൂട്ടീവ് അംഗങ്ങളായ അലക്സ് മുല്ലപ്പള്ളിൽ, കുഞ്ഞച്ചൻ കുളങ്ങര, ജെയിംസ് കിഴക്കേവാലിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ എന്നിവർക്ക് ഇടവകയുടെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുകയും പ്രശംസാഫലകം നല്കി ആദരിക്കുകയും ചെയ്തു.

ഇടവകയുടെ പുതിയ പിആർഒ അനിൽ മറ്റത്തിക്കുന്നേൽ, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം എന്നിവരെ ചടങ്ങിൽ പരിചയപ്പെടുത്തുകയും പാരിഷ് കൗൺസിൽ റിപ്പോർട്ട് ബുക്ക് കൈമാറുകയും ചെയ്തു.

അവധിക്കാലം ചെലവിടുന്ന മറ്റു ഭാരവാഹികളുടെ അധികാരകൈമാറ്റം പിന്നീട് ഉണ്ടാകുമെന്ന് വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

# THE BIBLE AND THE LIVING GOD

Cicily Sunny, MA, B.Ed., MSE

Based on the Bible, I would like to discuss briefly about who our God is, the time God was on the earth with the first humans, the salvation plan of God, the different ways God involved in the lives of people in the past, how the Holy Spirit of God is active currently in the lives of people, what prophesies in the Bible have been fulfilled, what prophesies are going to be fulfilled, the kingdom God is going to establish on this earth, and why the Bible can be believed.God was on the earth when the first humans, Adam and Eve were created. It doesn't say in the Bible that God talked to them from within the clouds, probably because there was no sin in the world. But during the time of Moses, God spoke from the Tabernacle and from Mount Sinai staying within the clouds all the time. God said to Moses, "You cannot see my face, for no man can see me and live" (Exodus 33:20). Jesus, the son of God, came down to the earth taking the form of an ordinary man so that we did not have to die for seeing Him. He did not come in glory. God will come down to the earth to establish His kingdom here, and all the other kingdoms will collapse.

**1) Who is the God in the Bible?**

a) God created everything in the world in six days according to Genesis Chapter 1. The term 'six days' does not mean exactly six days of a week. It can be thousands or millions of years as it says in 2nd Peter 3:8 – "…with the Lord one day like a thousand years, and a thousand years like one day." According to the genealogy given in Genesis chapter 5, Adam and Eve were created around 4000 B.C. All the other things might have been created thousands or millions of years ago. The first human beings, Adam and Eve, who were created in the image of God, lived with God in the garden of Eden, until they sinned and violated God's command.Before creating Adam and Eve, God might have created beings that were not in the image of God. According to Genesis 2:14, the garden of Eden was around the Euphrates Tigris rivers.

b) Flood in Noah's time -When sin increased in the world, God called a righteous man named Noah to build an arc to save his family and a pair of every kind of animal. Everything else was destroyed by a flood.

c) God called a righteous man named Abram, later called Abraham, and asked him to leave everything and everyone he had and travel to a faraway place, and he believed and obeyed God. God blessed Abraham and his generations. When Abraham was 100 years old, Isaac was born to him at an old age as promised by God 25 years before that. Jacob was Isaac's son.

d) Jacob and children going to Egypt -Jacob and his children went to Egypt during a famine. Before they got to Egypt, God provided for them well by sending Jacob's one son, Joseph, to Egypt. He was sold by his brothers to Egyptian merchants, but it became a blessing in disguise as Joseph became the chief person in Pharaoh's palace. After years of peaceful life in Egypt, when one new Pharaoh came to rule Egypt, the life of the Israelites became very hard. He hardened his heart and persecuted them through slavery. God sent 10 plagues on the Egyptians to release the Israelites from Egypt. Each time the Pharaoh hardened his heart. God loved the Israelites so much that no Israelite was touched by the plague.

Finally the Pharaoh got tired of the plagues and allowed the Israelites to leave the place. God promised the descendants of Abraham, about 600,000 people, to take them to the promised land of Canaan, and He did it. God chose Moses, a stuttering person, to lead the Israelites. It took 40 years for them to reach the land. God travelled with them as a pillar of fire at night and as a pillar of clouds during the day. God spoke to them through Moses from within the clouds even though he could not see him. God fed them throughout the time by giving the heavenly food of Manna. He provided them water when Moses struck on the rock. When they came to the Red Sea, they saw the Egyptians following them. They got scared. God asked Moses to stretch his hand over the sea, and the waters were divided (Exodus 14). When the Israelites crossed the sea, God asked Moses to stretch his hand again over the sea. When he did, the sea returned to its normal state, and all the Egyptians who followed them got drowned in the water. Recently, the remains of those people, chariots and horses have been discovered in the Red sea. After Moses died, Joshua took the Israelites to Canaan. The ruler


Cicily Sunny

of Jericho shut down the city to prevent the entrance of the Israelites. But God instructed them to circle the city carrying the Ark of the Covenant seven days and shout at the end. They listened to God and the wall of Jericho fell down as narrated in the book of Joshua chapter 6. When the priests who carried the Ark of the Lord stepped in the Jordan river, the waters stood still until all the Israelites crossed the river (Joshua 3:17).

e) How did God talk through the Prophets?

Throughout the Old Testament, God spoke to his people through prophets. God resided in the Ark of the Covenant which they carried everywhere they went according to God's instruction. Moses spent 40 days with God on Mount Sinai, and God gave Ten Commandments for everyone to follow. God always gave clear instructions to people through His prophets before He did anything. Before he destroyed Sodom and Gomorrah for its sins, He sent his angels and warned the few good people including Lot to leave the place.

**2) Why did God send His Son, Jesus, to the earth?**

It was part of the salvation plan of God. As the first parents, Adam and Eve, sinned against God through disobedience, they lost their coexistence with God in the paradise. As a redemption from their sin, instead of sacrificing the blood of a lamb, God spared the life of His own Son through crucifixion as prophesied in Isaiah chapter 53. Because of the crucifixion, the entire humanity got redemption from sin and gained the title as the children of God, who are entitled to live with God forever in eternity.

John 3:16- "For God so loved the world that he gave his only-begotten Son, so that all who believe in him may not perish, but may have eternal life."

Miracles done by Jesus – As the sun of God, Jesus performed numerous miracles.Healing the blind, casting out demons, raising the dead, and feeding five thousand men and their family members with five loaves of bread and two fish examples.

Resurrection and Ascension: Jesus resurrected from the dead on the third day, appeared to several people for forty days and even walked with them and ate with them. On the 40th day He ascended into heaven in front of five hundred people. Then the angels came down from heaven and comforted them saying that the same Jesus will come down from heaven one day(Acts chapter1).

**3) What are the works of the Holy Spirit?**

Pentecost(Acts chapter 2) Before His ascension to heaven, Jesus asked the disciples to stay in Jerusalem until they received the Holy Spirit. Mary, the mother of Jesus, and the disciples prayed in one room for ten days, and the Holy spirit descended upon them in the form of a tongue of fire. They got filled with the Holy Spirit and started doing the same kind of miracles Jesus did.

Are miracles happening today through the Holy Spirit of God?- The disciples of Jesus raised the dead, cast out demons, and healed the sick. Today, people who are gifted with the Holy Spirit perform miracles in the name of Jesus. Lots of miracle healings still take place.

**4) Why can the Bible be believed?**

a) Genealogy- The Bible gives accurate genealogy.

Genesis 5 - From Adam to Noah- 2006 years - 10 generations

Genesis 10 & 11 - From the children of Noah to Abraham– 400 years -10 generations

Matthew chapter 1 – 14 generations from Abraham to David, 14 generations from David to the deportation to Babylon, and 14 generations from the deportation to Babylon to the birth of Jesus Christ.

From Adam and Eve to Jesus – 62 generations

b) What are some prophecies in the Bible that came true?

Several of the prophecies in the Bible have come true like the prophecy about the birth, crucifixion,

(see page 30)

# സ്വർഗ്ഗം നാണിക്കുന്നു

രാജു മൈലപ്ര

കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഇന്നത്തെ പോക്കു കാണുമ്പോൾ 'സ്വർഗ്ഗം നാണിക്കുന്നു' എന്നു മാത്രമേ പറയുവാൻ പറ്റുകയുള്ളൂ. തെരുവു ഗുണ്ടകൾ നടത്തുന്നതിനേക്കാൾ തരംതാണ രീതിയിലാണ് പല ദേവാലയങ്ങളിലും സംഘർഷങ്ങൾ അരങ്ങേറുന്നത്. പുരോഹിതന്മാർ പരസ്പരം പരസ്യമായി അസഭ്യവാക്കുകൾ ചൊരിയുന്നു. സാമ്പത്തിക ക്രമക്കേടുകൾ കോടതി വ്യവഹാരങ്ങളുടെ നൂലാമാലകളിൽ കെട്ടുപിണഞ്ഞു കിടക്കുന്നു.

"എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു" എന്ന് യുഗങ്ങൾക്കു മുമ്പേ യേശുക്രിസ്തു യെരുശലേം ദേവാലയത്തിൽ പറഞ്ഞത് ഇന്ന് എത്ര അന്വർത്ഥമായിരിക്കുന്നു.

സ്വാർത്ഥലാഭത്തിനും അധികാര ദുർവിനിയോഗത്തിനും കുറ്റകൃത്യങ്ങളിൽ നിന്നും രക്ഷപ്പെടുവാനും വേണ്ടി പല പുരോഹിതന്മാരും രാഷ്ട്രീയ പാർട്ടികളിൽ ചേർന്ന് അവർക്കുവേണ്ടി പരസ്യമായി വിടുപണി ചെയ്യുന്നു.


ലേഖകൻ

സമൂഹമാധ്യമങ്ങൾ വളരെ ശക്തമായിരിക്കുന്ന ഇക്കാലത്ത്, പുരോഹിതന്മാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന അവിഹിതബന്ധങ്ങൾ തെളിവുകളോടെ പുറത്തുവരുന്നു.

ആടുകളെ നേരായ വഴിയിലൂടെ നയിക്കേണ്ട ഇടയന്മാർ തന്നെ വഴി തെറ്റി പോകുമ്പോൾ ആടുകൾ ചിതറിപ്പോകുന്നതിൽ വല്ല അത്ഭുതവുമുണ്ടോ?

ഭർത്താക്കന്മാർ വിദേശത്തുള്ള വനിതകളും വിധവകളും നടത്തുന്ന രഹസ്യകുമ്പസാരം ഉപയോഗിച്ച് ചില പുരോഹിതന്മാർ അവരെ ബ്ലാക്ക്മെയിൽ ചെയ്യുന്ന സംഭവങ്ങൾ നിരവധിയാണ്. ഈ രഹസ്യകുമ്പസാരം നിർബന്ധമാക്കണോ എന്നുള്ള നിയമം ഒന്നു പുനഃപരിശോധിക്കേണ്ട കാലം ആയിരിക്കുന്നു. എല്ലാം വെട്ടിത്തുറന്ന് പറഞ്ഞു യുവപുരോഹിതന്മാരെ പ്രലോഭിപ്പിക്കേണ്ട കാര്യമുണ്ടോ എന്നു സ്ത്രീകളും സ്വയം ചിന്തിക്കണം.

ഒരു സഭയിലെ അംഗമായി തുടരുമ്പോൾ തീർച്ചയായും അതിന്റെ നിയമങ്ങൾ അനുസരിച്ച്, ആ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കണമെന്നു തന്നെയാണ് എന്റെയും അഭിപ്രായം. അതിനു തയ്യാറല്ലെങ്കിൽ അതു വിട്ടുപോകുന്നതിൽ നിന്നും ആരും നമ്മളെ തടയുകയില്ല.

സഭയ്ക്കും സമൂഹത്തിനും ദൈവവേലയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചിട്ടുള്ള ബഹുഭൂരിപക്ഷം പുരോഹിതന്മാരെ കൂടിയാണ് ഇതുപോലെയുള്ള കള്ളനാണയങ്ങൾ കരിതേച്ചു കാണിക്കുന്നത്.

"ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ, സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവെച്ച് ഓർമ്മ വന്നാൽ, നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ച് ഒന്നാമതു ചെന്നു നിന്റെ സഹോദരനോട് നിരന്നുകൊൾക. പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്ക."

കണ്ണുള്ളവർ കാണട്ടെ! ചെവിയുള്ളവർ കേൾക്കട്ടെ!

# ഇന്ത്യ സൈനികരെ പിൻവലിക്കണം: മാലദ്വീപ്

മാലെ: മാലദ്വീപിലെ ഇന്ത്യൻ സൈനികരെ മാർച്ച് 15-നകം പിൻവലിക്കണമെന്നു പ്രസിഡണ്ട് മുഹമ്മദ് മുയിസു ഔദ്യോഗികമായി ആവശ്യപ്പെട്ടു. പ്രസിഡണ്ട് ഓഫീസിലെ പബ്ലിക് പോളിസി സെക്രട്ടറി അബ്ദുള്ള നസീം ഇബ്രാഹിം ഇക്കാര്യം പത്രസമ്മേളനത്തിൽ അറിയിച്ചതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇന്ത്യൻ സൈനികർക്കു മാലദ്വീപിൽ തുടരാനാകില്ല. ഇതു പ്രസിഡണ്ടിന്റെ നയമാണ്. സൈനികരെ പിൻവലിക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന് ഇന്ത്യയും മാലദ്വീപും രൂപീകരിച്ച ഉന്നതതല സമിതിയുടെ യോഗത്തിൽ ഇന്ത്യൻ സൈനികരെ മാർച്ച് 15-നകം പിൻവലിക്കണമെന്ന പ്രസിഡണ്ടിന്റെ അഭ്യർത്ഥനയായിരുന്നു യോഗത്തിലെ അജൻഡയെന്നു സെക്രട്ടറി കൂട്ടിച്ചേർത്തു. ഇപ്പോൾ 88 ഇന്ത്യൻ സൈനികരാണ് മാലദ്വീപിലുള്ളത്. കടൽ സുരക്ഷക്കും ദുരന്ത നിവാരണത്തിനുമായാണ് ഇന്ത്യൻ സൈന്യം മാലദ്വീപിൽ തുടരുന്നത്. ചൈന സന്ദർശിച്ച മാലദ്വീപ് പ്രസിഡണ്ട് 20 സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചിരുന്നു. കരാറുകളിൽ ഒപ്പുവെച്ചതിനു പുറമെ തന്ത്രപ്രധാന സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി, ഉഭയകക്ഷി ബന്ധം ദൃഢമാക്കാനും ധാരണയിലെത്തിയിരുന്നു. ചൈനാ സന്ദർശനം പൂർത്തിയാക്കി മടങ്ങിയെത്തിയ മുയിസു ജനുവരി 13-ന് നടത്തിയ പത്രസമ്മേളനത്തിൽ ഇന്ത്യയെ പേരെടുത്തു പറയാതെ വിമർശിക്കുകയും ഇന്ത്യയോടുള്ള ആശ്രിതത്വം കുറയ്ക്കുമെന്നു പ്രഖ്യാപിക്കുകയുമുണ്ടായി.

ലക്ഷദ്വീപ് സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അധിക്ഷേപിച്ച് മൂന്നു മാലദ്വീപ് മന്ത്രിമാർ നടത്തിയ പരാമർശം വിവാദമായിരുന്നു. ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതോടെ മൂന്നു മന്ത്രിമാരെയും സസ്പെൻഡ് ചെയ്തു. ഇതിന്റെ അലയൊലികൾ കെട്ടടങ്ങുന്നതിനു മുമ്പാണ് സൈന്യത്തെ പിൻവലിക്കണമെന്ന് മാലദ്വീപ് ആവശ്യപ്പെട്ടിരിക്കുന്നത്.

# എട്ട് റെയിൽവേ സ്റ്റേഷനുകൾ രാജ്യാന്തര നിലവാരത്തിലേക്ക്

കോട്ടയം: തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലെ എട്ട് പ്രധാന റെയിൽവേ സ്റ്റേഷനുകൾ അമൃത് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്താൻ കേന്ദ്രസർക്കാർ നാല് വർഷത്തിനുള്ളിൽ മൂവായിരം കോടി രൂപ ചെലവിടും.

വിശ്രമ ഇടങ്ങൾ, ഭക്ഷണശാലകൾ, വ്യാപാര മേഖലകൾ, പാർക്കിങ് സംവിധാനം തുടങ്ങിയവയാണ് ആധുനികവൽക്കരിക്കുന്നത്.

ഇതിൽ എറണാകുളം ജംങ്ഷൻ, ടൗൺ, മംഗ്ളൂരു, കന്യാകുമാരി സ്റ്റേഷനുകളിൽ ജോലി പുരോഗമിക്കുന്നു. നവീകരണത്തിന് അനുമതി ലഭിച്ച മറ്റു സ്റ്റേഷനുകൾ (തിരുവനന്തപുരം 470 കോടി), വർക്കല (130 കോടി), കൊല്ലം (367 കോടി), കോഴിക്കോട് (472 കോടി), എറണാകുളം ജംങ്ഷൻ (444 കോടി), ടൗൺ സ്റ്റേഷൻ (226 കോടി) എന്നിവയാണ്.

തിരുവനന്തപുരം സ്റ്റേഷന്റെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. തൃശൂർ, ചെങ്ങന്നൂർ സ്റ്റേഷനുകൾ നവീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു.

# മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ വിജയപുരം രൂപത സഹായമെത്രാൻ



കോട്ടയം: വിജയപുരം രൂപത സഹായമെത്രാനായി മോൺ. ഡോ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിലിനെ (52) ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. വിമലഗിരി കത്തീഡ്രലിൽ നടന്ന പ്രഖ്യാപനച്ചടങ്ങിൽ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിലിനെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു. രൂപതത ചാൻസലർ റവ.ഡോ. ജോസ് നവസ് മാർപാപ്പയുടെ നിയമന ഉത്തരവ് വായിച്ചു. ഇതേസമയം റോമിലും പ്രഖ്യാപനം നടന്നു. നിയുക്ത മെത്രാന്റെ സ്ഥാനാരോഹണം ഫെബ്രുവരി 12-ന് ഉച്ച കഴിഞ്ഞ് വിമലഗിരി കത്തീഡ്രലിൽ നടക്കും. ഇടുക്കി ജില്ലയിലെ പാമ്പനാർ സേക്രഡ് ഹാർട്ട് ഇടവകാംഗം മഠത്തിപ്പറമ്പിൽ അലക്സാണ്ടറുടെയും പരേതയായ ത്രേസ്യാമ്മയുടെയും ഏകമകനായ മോൺ. ജസ്റ്റിൻ നിലവിൽ രൂപതാ വികാരി ജനറാളായി സേവനമനുഷ്ഠിക്കുകയാണ്. കോട്ടയം ഇൻഫന്റ് ജീസസ് മൈനർ സെമിനാരി, ആലുവ സെ. ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലായിരുന്നു വൈദികപഠനം. 1996 ഡിസംബർ 27-ന് ഡോ. പീറ്റർ തുരുത്തിക്കോണത്തിലിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. റോമിലെ സെ. ആൻസെൽമോ യൂണിവേഴ്സിറ്റിയിൽ നിന്ന് ആരാധനാക്രമത്തിൽ ബിരുദാനന്തര ബിരുദവും ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്.

# സമ്പൂർണ്ണ വാർത്താ വാരികയായ കേരളാ എക്സ്പ്രസ്സ്

കഴിഞ്ഞ മുപ്പത്തിരണ്ടു വർഷമായി പ്രവാസികളായ അമേരിക്കൻ മലയാളികളെ മാനസികവും സാമാജികവുമായി തങ്ങളുടെ മാതൃഭാഷയിൽ വിഭവങ്ങൾ നിറഞ്ഞ ഒരു വാരികയായി അവരവരുടെ ഭവനങ്ങളിലെത്തി സന്ദർശിച്ച കേരളാ എക്സ്പ്രസ്സിന് എന്റെ ഹൃദയംനിറഞ്ഞ നന്ദിയോടൊപ്പം ആശംസകളും നേരുന്നു. അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താ വാരിക എന്ന പേരിന് കേരളാ എക്സ്പ്രസ്സ് തികച്ചും അർഹതകൾ നിറഞ്ഞ പത്രികതന്നെ. തങ്ങളുടെ മാതൃഭാഷയിൽ വായിക്കുവാനും സന്തോഷിക്കുവാനും സംതൃപ്തി അടയുവാനും തക്ക വാർത്തകളും ലേഖനങ്ങളും കഥകളും നർമ്മങ്ങളും മനസ്സിനെ മദിപ്പിക്കുന്ന നോവലുകളും കൊണ്ട് അലങ്കരിച്ച കേരളാ എക്സ്പ്രസ്സിനെ വർണ്ണശബളമായ ചിത്രങ്ങളും പരസ്യങ്ങളും ചരമവാർത്തകളും വിവാഹപ്പരസ്യങ്ങളും മറ്റും നിറച്ച് ഓരോ വായനക്കാരുടേയും മനം കവരുന്ന കേരളാ എക്സ്പ്രസ്സ് പൂർവ്വാധികം ശോഭയോടെ പ്രകാശിക്കട്ടെയെന്ന് ആശംസിക്കുന്നു.

ജാതിമത ഭേദമില്ലാതെ എല്ലാ കലാകാരന്മാരെയും ചിത്രകാരന്മാരെയും അവസരോചിതംപോലെ അർഹിക്കുന്ന പ്രോത്സാഹനം നല്കി പ്രസിദ്ധീകരിക്കാനുള്ള ചീഫ് എഡിറ്റർ കെ.എം. ഈപ്പന്റെയും എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുടെയും ഒത്തൊരുമയോടെ സഹകരിച്ചുള്ള പ്രയത്നങ്ങളെ സർവ്വേശ്വരൻ മാനിക്കട്ടെ, അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ഒരു ചെറിയ അളവിലെങ്കിലും കേരളാ എക്സ്പ്രസ്സിലൂടെ വായനക്കാരെ സമീപിക്കുവാൻ ഈ എളിയ എഴുത്തുകാരിക്കും അവസരം നല്കിയ പ്രിയ ഭാരവാഹികളോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. തുടർന്നും കേരളാഎക്സ്പ്രസ്സ് എന്ന ഈ സമ്പൂർണ്ണ വാർത്താ വാരിക പൂർവ്വാധികം ആശയങ്ങളും അക്ഷരസ്നേഹം നിറഞ്ഞതും അനുഗ്രഹിക്കപ്പെട്ട ലേഖനങ്ങളാലും കവിതകളാലും ദൈനംദിന വാർത്തകളാലും മറ്റു പലവിധ അലങ്കാരങ്ങളാലും അർത്ഥപൂർണ്ണമായി പുരോഗമിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നതോടൊപ്പം നവവത്സരം നേരുകയും ചെയ്യുന്നു.

**എൽസി ബേബി**

# 'ശക്തികേന്ദ്ര'യിൽ ആദ്യമായി മോദിയെത്തുന്നു

(ഒന്നാം പേജിൽ നിന്നും)

പി.സി. ജോർജുമായി ധാരണയായാൽ ജോർജ് മത്സരിച്ചേക്കും. കോഴിക്കോട് ശോഭ സുരേന്ദ്രനും വടകരയിൽ എം.ടി. രമേശും മത്സരിക്കുമെന്നാണ് സൂചന. എല്ലാ പാർലമെന്റ് മണ്ഡലങ്ങളിലും പ്രസിഡണ്ട് കെ. സുരേന്ദ്രൻ നയിക്കുന്ന പദയാത്ര 27-ന് കാസർകോട്ട് ദേശീയ പ്രസിഡണ്ട് ജെ.പി. നഡ്ഡ ഉദ്ഘാടനം ചെയ്യും. ഓരോ മണ്ഡലത്തിലും 10 കിലോമീറ്റർ വീതമാണ് പദയാത്ര.

ഫെബ്രുവരി 12-ന് തിരുവനന്തപുരത്തെ പദയാത്രയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പങ്കെടുക്കും. സംസ്ഥാന കമ്മിറ്റി ഓഫിസ് ഉദ്ഘാടനത്തിനാണ് അമിത് ഷാ എത്തുന്നത്.

രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനു ജനുവരി 16-ന് വൈകിട്ട് അഞ്ചിനു കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലാണു പ്രധാനമന്ത്രി പ്രത്യേക വിമാനത്തിൽ എത്തുകയെന്നു ബി.ജെ.പി. സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ അറിയിച്ചു. അവിടെനിന്നു ഹെലികോപ്റ്ററിൽ കൊച്ചി നാവിക സേനാ വിമാനത്താവളത്തിലെത്തും.

വൈകിട്ട് ആറിനു എറണാകുളം എം.ജി. റോഡിൽ മഹാരാജാസ് കോളജ് മൈതാനത്തിനു സമീപത്തുനിന്ന് ആരംഭിക്കുന്ന റോഡ് ഷോയിൽ പങ്കെടുക്കും.

ഗവ. ഗസ്റ്റ് ഹൗസിൽ താമസിക്കുന്ന അദ്ദേഹം 17-നു രാവിലെ 6.30-നു ഹെലികോപ്റ്ററിൽ ഗുരുവായൂർക്കു പോകും. തൃപ്രയാർ ക്ഷേത്രദർശനം കൂടി ഉൾപ്പെടുത്തിയതോടെ പ്രധാനമന്ത്രിയുടെ കൊച്ചിയിലെ പരിപാടികൾ ഒരു മണിക്കൂറോളം വൈകും.

കൊച്ചി വില്ലിങ്ഡൻ ഐലൻഡിൽ കൊച്ചി ഷിപ്‌യാഡിന്റെ രാജ്യാന്തര കപ്പൽ റിപ്പയറിങ് കേന്ദ്രം, പുതിയ ഡ്രൈ ഡോക്ക് എന്നിവ രാജ്യത്തിനു സമർപ്പിക്കും.

തുടർന്നു മറൈൻ ഡ്രൈവിൽ ബി.ജെ.പിയുടെ 'ശക്തികേന്ദ്ര' ഇൻ ചാർജുമാരുടെ യോഗത്തെ അഭിസംബോധന ചെയ്യും.

പ്രധാനമന്ത്രി നരേന്ദ്ര മോദി 17-ന് തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിൽ ദർശനം നടത്തും. ക്ഷേത്ര ദർശനത്തിനു ശേഷം 8.45-ന് ക്ഷേത്രത്തിൽ സുരേഷ് ഗോപിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുത്ത് 19-ന് മടങ്ങും.

# ജേക്കബ് വൈദ്യൻ അന്തരിച്ചു



ഡാളസ്: തേവലക്കര കൈതവിളയിൽ വൈദ്യൻ കുടുംബാംഗം തോപ്പിൽ തെക്കേതിൽ ടി. ജേക്കബ് വൈദ്യൻ (കുഞ്ഞുമോൻ-78) ഡാളസിൽ അന്തരിച്ചു. ഭാര്യ തോട്ടക്കാട് പള്ളികുന്നേൽ മേരിക്കുട്ടി ജേക്കബ്. മക്കൾ: ഫിലിപ്പ് വൈദ്യൻ, ജോൺ വൈദ്യൻ, ലീന മെറിൻ (എല്ലാവരും ഡാളസിൽ). മരുമക്കൾ: കരുനാഗപ്പള്ളി കിഴക്കേപള്ളത്ത് ആനി ജേക്കബ്, കാർത്തികപ്പള്ളി ആലുംമൂട്ടിൽ സ്മിത ജോൺ, എരുമേലി മാമ്പറ്റയിൽ മെറിൻ ശാമുവേൽ. കൊച്ചുമക്കൾ: ആരോൺ വൈദ്യൻ, അഭിഷേക് വൈദ്യൻ, ആകാശ് വൈദ്യൻ, അമേയ ജോൺ, എബൻ ശാമുവേൽ, എലൻ ശാമുവേൽ, എലിസ ശാമുവേൽ. സഹോദരങ്ങൾ: പരേതരായ ജോർജ് വൈദ്യൻ, തോമസ് വൈദ്യൻ, കുഞ്ചാണ്ടി വൈദ്യൻ, ഉമ്മൂമ്മൻ വൈദ്യൻ. സഹോദരി: കുമ്പനാട് വെള്ളിക്കര റാഹേലമ്മ ജോൺ.

പൊതുദർശനം ജനുവരി 20-ന് ശനിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 5 മണിവരെ ഡാളസ് കാരോൾട്ടൻ മാർത്തോമ്മാ ദേവാലയത്തിൽ (1400 W Frankford Rd, Carrollton, TX 75007). സംസ്കാരം 21-ന് ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ ഡാളസ് കാരോൾട്ടൻ മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്ന ശുശ്രൂഷകൾക്കുശേഷം കോപ്പേൽ റോളിംഗ് ഓക്സ് സെമിത്തേരിയിൽ (400 Freeport Pkwy, Coppell, TX 75019) നടത്തും. കൂടുതൽ വിവരങ്ങൾക്ക്: ഫിലിപ്പ് വൈദ്യൻ (ബിജു) 214 226 0186.

# ഭാരത് ജോഡോ ന്യായ് യാത്രയ്ക്ക് തുടക്കം

(ഒന്നാം പേജിൽ നിന്നും)

ജനങ്ങൾക്ക് അവരുടെ പ്രിയപ്പെട്ടവരെ കൺമുമ്പിൽവെച്ച് നഷ്ടപ്പെട്ടു. എന്നാൽ ഇന്ത്യയുടെ പ്രധാനമന്ത്രി ഇവിടെ സന്ദർശിച്ചിട്ടില്ല. ജനങ്ങളുടെ ദുഃഖത്തിൽ പങ്കുചേരാനോ അവരുടെ കണ്ണീർ തുടയ്ക്കാനോ ആശ്വസിപ്പിക്കാനോ അദ്ദേഹം എത്തിയില്ല. ഇതു നാണക്കേടാണ്"- അദ്ദേഹം വ്യക്തമാക്കി.

"മണിപ്പൂർ ബി.ജെ.പിയുടെയും ആർ.എസ്.എസിന്റെയും രാഷ്ട്രീയവിദ്വേഷത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും തെളിവാണ്. ന്യായ് യാത്രയിൽ രാവിലെ മുതൽ വൈകുന്നേരം വരെ താൻ ജനങ്ങൾക്കൊപ്പമുണ്ടാകും. അവരുടെ പ്രശ്നങ്ങൾ ശ്രവിക്കും. അതിനുശേഷം ചുരുങ്ങിയ സമയം പ്രസംഗിക്കും"- അദ്ദേഹം കൂട്ടിച്ചേർത്തു.

യാത്ര എവിടെ തുടങ്ങണമെന്ന് ആലോചനയുണ്ടായി. മണിപ്പൂരിൽ തുടങ്ങണമെന്നായിരുന്നു തന്റെ ആഗ്രഹം. ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തുവരുന്നതിനാലാണ് ഹൈബ്രിഡ് മോഡിൽ യാത്ര നടത്തുന്നതെന്നും രാഹുൽ പ്രസംഗത്തിൽ പറഞ്ഞു.

പതിനഞ്ച് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന യാത്ര മാർച്ച് 21-ന് മുംബൈയിൽ സമാപിക്കും. നാഗാലാൻഡ്, അരുണാചൽ പ്രദേശ്, മേഘാലയ, ആസാം, പശ്ചിമബംഗാൾ, ബിഹാർ, ജാർഖണ്ഡ്, ഒഡീഷ, ഛത്തീസ്ഗഡ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലൂടെയാണ് യാത്ര കടന്നുപോകുന്നത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ രാഹുൽ ഗാന്ധിക്ക് ദേശീയ പതാക കൈമാറി ഭാരത് ജോഡോ ന്യായ് യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

പ്രധാനമന്ത്രി നരേന്ദ്ര മോദി വോട്ട് ചോദിക്കാൻ വേണ്ടി മാത്രമാണ് മണിപ്പൂരിൽ എത്തുന്നത്. ജനങ്ങൾ കഷ്ടതയനുഭവിക്കുമ്പോൾ എത്തുന്നില്ലെന്ന് ഖാർഗെ പറഞ്ഞു. പാലത്തിൽകൂടി നടക്കുകയും ജയ് ശ്രീറാം വിളിക്കുകയും ചെയ്യുന്നു. വോട്ടിനുവേണ്ടി ബി.ജെ.പി. മതത്തെ കൂട്ടുപിടിക്കുന്നു.

ജവഹർലാൽ നെഹ്റു മണിപ്പൂർ സന്ദർശിച്ചപ്പോൾ അദ്ദേഹം മണിപ്പൂരിനെ ഇന്ത്യയുടെ രത്നം എന്നാണ് വിശേഷിപ്പിച്ചത്. ഇന്ദിരയും രാജീവും അതു തന്നെയാണ് ചെയ്തത്.

രാഹുൽ ഗാന്ധി കഴിഞ്ഞവർഷം നടത്തിയ ഭാരത് ജോഡോയാത്രയുടെ തുടർച്ചയാണ് ഭാരത് ജോഡോ ന്യായ് യാത്രയെന്നും ഖാർഗെ പറഞ്ഞു. പത്തുവർഷമായി ഇന്ത്യ അഭിമുഖീകരിക്കുന്ന അനീതിക്കെതിരെയാണ് യാത്രയെന്ന് എ.ഐ.സി.സി. ജനറൽ സെക്രട്ടറി ജയ്റാം രമേശ് പറഞ്ഞു. മണിപ്പൂരിൽ എട്ടു മാസമായി നടക്കുന്ന അനീതിക്കെതിരെ യാത്ര ശബ്ദിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# നോഹയുടെ കാലം പോലെ

**എൽസി ബേബി**

യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോടും അന്ന് പലസ്തീൻ നാട്ടിലുണ്ടായിരുന്ന ജനത്തോടും പല സ്വർഗ്ഗീയ വിഷയങ്ങളേക്കുറിച്ചും പ്രസംഗിച്ചതായി തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവയാണല്ലോ ഗിരിപ്രഭാഷണവും ഒലിവ്മലയിലെ പ്രഭാഷണവും മാളികമുറി പ്രഭാഷണവുമെല്ലാം. ഭാവിയിൽ നടക്കാൻ പോകുന്ന സംഭവങ്ങളെക്കുറിച്ച് പറഞ്ഞതിൽ ഒരു പ്രത്യേകവിഷയം ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചായിരുന്നു. 'നോഹയുടെ കാലംപോലെ തന്നെ മനുഷ്യപുത്രന്റെ വരവും ആയിരിക്കും' എന്ന് പ്രസ്താവിച്ചിരിക്കുന്നു. നോഹയുടെ കാലത്ത് വലിയൊരു വെള്ളപ്പൊക്കത്താൽ അന്നത്തെ ഭൂമിയേയും അതിലുള്ള സർവ്വത്തേയും ദൈവം നശിപ്പിക്കാനുണ്ടായ കാരണം എന്തായിരുന്നു? മനുഷ്യൻ ദൈവകല്പന ലംഘിച്ചു പാപികളായി തീർന്നതിന്റെ ഫലമായി ഭൂമി ശപിക്കപ്പെട്ടു. അതിനു പ്രധാന കാരണക്കാരൻ ദൈവവിരോധിയായ പിശാച് മനുഷ്യനെ തന്റെ ഭോഷ്ക്കിനായി ചതിച്ച് പാപം ചെയ്യാൻ പ്രലോഭിപ്പിച്ചതായിരുന്നു. അതിനുശേഷം മനുഷ്യൻ ഭൂമിയിൽ പെരുകി നിറയുവാൻ തുടങ്ങി. എന്നാൽ, ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളത് എന്നും ദൈവം കണ്ടു. ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി, അതിക്രമങ്ങൾ കൊണ്ടു നിറഞ്ഞു. സകലജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു. അത് ദൈവത്തിനു ദുഃഖമായിത്തീർന്നു. ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുന്നതുകൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിനു ദുഃഖമായി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.



ലേഖിക

മനുഷ്യരുടെ അതിക്രമങ്ങൾ കൊണ്ട് ഭൂമി നിറഞ്ഞു വഷളായി മലിനപ്പെടുകയാൽ ദൈവം സകല മനുഷ്യരേയും ഭൂമിയോടു കൂടെ നശിപ്പിക്കും എന്നു തീരുമാനിച്ചു, എന്നാൽ, അവരുടെ ഇടയിൽ നോഹ എന്ന മനുഷ്യനു ദൈവകൃപ ലഭിച്ചു. കാരണം നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടു കൂടെ നടന്നു. വലിയൊരു ജലപ്രളയത്താൽ ദൈവം ഭൂമിയേയും അതിലുള്ള സർവ്വത്തേയും നശിപ്പിച്ചപ്പോൾ നോഹയേയും കുടുംബത്തേയും പക്ഷിമൃഗാദികളിൽ ചിലതിനെയും പെട്ടകമുണ്ടാക്കി അതിലൂടെ രക്ഷപ്പെടുത്തി. ആ സംഭവങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടായിരുന്നു യേശു അന്ത്യകാലത്ത് നോഹയുടെ കാലംപോലെ സംഭവിക്കും എന്നു പ്രവചിച്ചത്. നോഹ ജനങ്ങൾക്കു മുന്നറിയിപ്പ് നല്കി "ഭൂമി നശിപ്പിക്കപ്പെടും നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ ഉപേക്ഷിച്ച് പെട്ടകത്തിൽ കയറി രക്ഷപ്പെടുവിൻ." ആരും നോഹയെ വിശ്വസിച്ചില്ല; ദൈവത്തിങ്കലേക്കു തിരിഞ്ഞതുമില്ല. ജലപ്രളയത്തിൽ മുങ്ങി നശിച്ചുപോകേണ്ടിവന്നു.

അതുപോലെ ദുഷ്ടതയും അകൃത്യങ്ങളും നിയമലംഘനങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും പെരുകി വരുകയല്ലേ? സമാധാനമില്ലാത്ത കുടുംബാന്തരീക്ഷങ്ങൾ, മാതാപിതാക്കളെ അനുസരിക്കാതെ തങ്ങൾക്ക് ബോധിച്ചതുപോലെ ജീവിക്കുന്ന, വക്രതയും കോട്ടവുമുള്ള തലമുറ! നോഹയുടെ കാലത്തേക്കാൾ മോശമായ ഒരു കാലം എന്നല്ലാതെ എന്താണ് നാം കണ്ടും കേട്ടും കൊണ്ടിരിക്കുന്നത്? സുഖലോലുപതകളിൽ മുഴുകി, ദൈവഭയമില്ലാതെ ഏതു പൈശാചിക പ്രവൃത്തിയും പരസ്യമായി ചെയ്യാൻ മടിയില്ലാത്ത ജനത. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും യുദ്ധം ചെയ്യുന്നു. ഇവയെല്ലാം നമുക്കു നല്കുന്ന മുന്നറിയിപ്പ് ഈ ലോകത്തിന്റെ അന്ത്യം വന്നിരിക്കുന്നു എന്നല്ലേ? മുന്നറിയിപ്പു കൂടാതെ കരുണാസമ്പന്നനായ ദൈവം ഒന്നും ചെയ്യുകയില്ല. എത്രയെത്ര മുന്നറിയിപ്പുകളാണ് നമ്മുടെ മുമ്പിൽ നിരത്തിവെച്ചിരിക്കുന്നത്. നോഹയുടെ കാലത്ത് രക്ഷപ്പെടുവാൻ ഒരു പെട്ടകമുണ്ടാക്കിയതുപോലെ നമുക്കും രക്ഷപ്പെടുവാൻ ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. നമ്മുടെ ഓരോരുത്തരുടെയും പാപങ്ങൾക്കു പരിഹാരമായി നമുക്കുവേണ്ടി കുരിശിൽ സ്വയം യാഗമായി അർപ്പിക്കപ്പെട്ടു. കുരിശിൽ മരിച്ച യേശുക്രിസ്തു മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് തന്റെ ശിഷ്യർക്കും മറ്റു പലർക്കും പ്രത്യക്ഷനായി. ക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്ന് തന്റെ കർത്തവ്യം നിവർത്തിച്ചശേഷം സ്വർഗ്ഗത്തിലേക്കു പോയി തന്നിൽ വിശ്വസിക്കുന്നവരെ ചേർപ്പാൻ വീണ്ടും വരും. അത് എപ്പോഴെന്നോ എങ്ങനെയെന്നോ പറഞ്ഞിട്ടില്ല. "ഞാൻ പോയതുപോലെ വരും. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കാൻ തക്കവണ്ണം അത്രയ്ക്ക് ലോകത്തെ സ്നേഹിച്ചു." ഈ സുവിശേഷത്തിൽ വിശ്വസിച്ച് ക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ച് തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് അനുതപിച്ച് ദൈവത്തിലേക്ക് തിരിഞ്ഞ് നിത്യനരക ന്യായവിധിയിൽ നിന്നും രക്ഷപ്രാപിപ്പാൻ പരിശുദ്ധനായ ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുന്നു. ദൈവത്തിന്റെ ദീർഘക്ഷമയെ പരീക്ഷിക്കരുത്. മരണം ഏതു സമയത്തും നമ്മെ സമീപിച്ചെന്നു വരാം. ഒരു തീരുമാനമെടുക്കുവാൻ ദൈവം നമ്മേ സഹായിക്കട്ടെ.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 82.89 |
| യൂറോ | 90.63 |
| സ്റ്റെർലിംഗ്പൗണ്ട് | 105.38 |
| സ്വിസ് ഫ്രാങ്ക് | 96.99 |
| സിംഗപ്പൂർ ഡോളർ | 62.13 |
| കനേഡിയൻ ഡോളർ | 61.75 |
| ഒമാൻ റിയാൽ | 215.50 |
| ബഹ്റൈൻ ദിനാർ | 220.01 |
| സൗദി റിയാൽ | 22.10 |
| യു.എ.ഇ. ദിർഹം | 22.57 |
| കുവൈത്ത് ദിനാർ | 269.70 |

# യേശുദാസിന്റെ ശതാഭിഷേകം സംഗീതസാന്ദ്രമായി

കൊച്ചി: സംഗീതം അലയടിച്ച നേരം ഗാനഗന്ധർവൻ കെ.ജെ. യേശുദാസ് ശതാഭിഷേക ചടങ്ങിൽ ഒത്തുചേർന്നു. ഡാളസിൽനിന്ന് ഗാനഗന്ധർവനും പത്നി പ്രഭയും ഇളയമകൻ വിശാൽ, ഭാര്യ വിനയ, മകൾ അമാര, വിനയയുടെ അമ്മ അമ്മു ചന്ദ്രൻ എന്നിവരും വീഡിയോ കോളിൽ നിറചിരിയോടെ എത്തി.

കൊച്ചി പാടിവട്ടം കൺവൻഷൻ സെന്ററിൽ ഒരുക്കിയ വേദിയിലെ കേക്ക് മുറിച്ചത് മകൻ വിജയ് യേശുദാസ് ആയിരുന്നു.

ആദ്യമധുരം യേശുദാസിന്റെ ഉറ്റ സുഹൃത്ത് ഡോ. ചേർത്തല ഗോവിന്ദൻകുട്ടിക്കാണ് വിജയ് നല്കിയത്. യേശുദാസ് അക്കാഡമി, മലയാള സിനിമയിലെ പിന്നണിഗായകരുടെ സംഘടന സമം, മൽഹാർ ഇവന്റ്സ് എന്നിവർ ചേർന്നാണ് ശതാഭിഷേകനിറവിൽ ദാസേട്ടൻ @ 84 എന്ന പേരിൽ സംഘടിപ്പിച്ചത്.

(ശേഷം 30-ാം പേജിൽ)



യേശുദാസിന്റെ ശതാഭിഷേകത്തിന്റെ ഭാഗമായി കൊച്ചിയിൽ നടന്ന ആഘോഷത്തിൽ ഓൺലൈനായി പങ്കെടുക്കുന്ന യേശുദാസും കുടുംബവും.



# ഫെയർലെസ് ഹിൽസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

പെൻസിൽവേനിയ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ജനുവരി 7-ന് ഞായറാഴ്ച ഫെയർലെസ് ഹിൽസ് സെൻ്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ പ്രശംസനീയമായ തുടക്കം കുറിച്ചു.

**ഉമ്മൻ കാപ്പിൽ**



ഇടവക വികാരി ഫാ. അബു പീറ്ററിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം വികാരി ഫാമിലി/യൂത്ത് കോൺഫറൻസ് പ്രതിനിധി സംഘത്തെ സ്വാഗതം ചെയ്യുകയും പരിചയപ്പെടുത്തുകയും ചെയ്തു. മാത്യു ജോഷ്വ (കോൺഫറൻസ് ട്രഷറർ), ഷോൺ ഏബ്രഹാം (അസി. ട്രഷറർ), ജോൺ താമരവേലിൽ (ഫിനാൻസ് കോ-ഓർഡിനേറ്റർ), ദീപ്തി മാത്യു (സുവനീർ എഡിറ്റർ), ഉമ്മൻ കാപ്പിൽ (ഭദ്രാസന കൗൺസിൽ അംഗം), ബിപിൻ മാത്യു (മീഡിയ കമ്മിറ്റി അംഗം), ലിസ് പോത്തൻ, ഷിബു തരകൻ, ഐറിൻ ജോർജ്, ലിനോ സ്കറിയ, റോണാ വർഗീസ് (ഫിനാൻസ് കമ്മിറ്റി അംഗങ്ങൾ) തുടങ്ങിയവർ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു. ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫാ. അബു പീറ്റർ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. പങ്കെടുക്കുന്നവർക്ക് പ്രബുദ്ധമായ ആത്മീയാനുഭവം നേടാനുള്ള മികച്ച അവസരം കോൺഫറൻസ് നല്കുന്നതായി അദ്ദേഹം ഓർമ്മിപ്പിച്ചു. മാത്യു ജോഷ്വ കോൺഫറൻസിന്റെ ക്രമീകരണങ്ങളും ആസൂത്രണം ചെയ്തിട്ടുള്ള വിവിധ പരിപാടികളും വിശദീകരിച്ചു.

ഷോൺ ഏബ്രഹാം രജിസ്ട്രേഷൻ നടപടികളും ജോൺ താമരവേലിൽ സ്പോൺസർഷിപ്പ് അവസരങ്ങളും വിശദീകരിച്ചു. സമ്മേളനത്തിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് ദീപ്തി മാത്യുവും റോണാ വർഗീസും സംസാരിച്ചു. സുവനീറിൽ ലേഖനങ്ങൾ, കഥകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ, ആശംസകൾ എന്നിവ ഉൾപ്പെടുത്താൻ അവസരമുണ്ട്. റാഫിൾ ടിക്കറ്റിന്റെ വിശദാംശങ്ങൾ മാത്യു വർഗീസ് നല്കി.

സമ്പന്നമായ ക്രിസ്തീയ അനുഭവത്തിനായും വിനോദത്തിനും വിശ്രമത്തിനുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താനും നേരത്തെ തന്നെ രജിസ്റ്റർ ചെയ്യണമെന്ന് ഉമ്മൻ കാപ്പിൽ ഓർമ്മിപ്പിച്ചു. ഇടവകാംഗങ്ങളുടെ പരിപൂർണ്ണ സഹകരണവും പിന്തുണയും കോൺഫറൻസിന് ലഭിക്കുമെന്ന് ചെറിയാൻ കോര പ്രസ്താവിച്ചു.

ഇടവകയിൽ നിന്നുള്ള ആദ്യത്തെ രജിസ്ട്രേഷൻ ഫാ. അബു പീറ്റർ നല്കി. ചെറിയാൻ കോര, ഫാ. അബു പീറ്റർ എന്നിവർ ഗോൾഡ് സ്പോൺസർമാരായും ലെനോ സ്കറിയ ഗ്രാൻഡ് സ്പോൺസർ എന്ന നിലയിലും പിന്തുണ അറിയിച്ചു. ഇടവകയെ പ്രതിനിധീകരിച്ച് ലെനോ സ്കറിയ (ഇടവക സെക്രട്ടറി) സുവനീറിനുള്ള സംഭാവന കൈമാറി. ഇടവകയിൽ നിന്നുള്ള ധാരാളം അംഗങ്ങൾ കോൺഫറൻസിനായി രജിസ്റ്റർ ചെയ്തും സുവനീറിൽ പരസ്യങ്ങളും ആശംസകളും നല്കിയും ഉദാരമായി സഹകരിച്ചു.

(ശേഷം 24-ാം പേജിൽ)

# ഫൊക്കാന പ്രസിഡണ്ട് സ്ഥാനാർത്ഥിയായി ലീലാ മാരേട്ടിനെ കേരള സമാജം നാമനിർദേശം ചെയ്തു

ന്യൂയോർക്ക്: ഫൊക്കാനയുടെ 2024-26 വർഷത്തേക്കുള്ള പ്രസിഡണ്ട് സ്ഥാനാർത്ഥിയായി കേരള സമാജം മുൻ പ്രസിഡണ്ടും ഫൊക്കാനയുടെ ഇപ്പോഴത്തെ കൺവൻഷൻ വൈസ് പ്രസിഡണ്ടുമായ ലീലാ മാരേട്ടിനെ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക് നാമനിർദേശം ചെയ്തു.



2024 ജനുവരിയിൽ കൂടിയ സമാജം യോഗത്തിൽ പ്രസിഡണ്ട് ഫിലിപ്പോസ് ജോസഫ്, ചെയർമാൻ വർഗീസ് പോത്താനിക്കാട്, സെക്രട്ടറി ജോൺ വർഗീസ്, ട്രഷറർ ഷാജി വർഗീസ്, കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഐകകണ്ഠ്യേന ലീലാ മാരേട്ടിന് പിന്തുണ പ്രഖ്യാപിച്ചു.

അമേരിക്കൻ മലയാളികൾക്കിടയിലെ വേറിട്ട ശബ്ദമാണ് ലീലാ മാരേട്ട്. ഏതു സംഘടനാ ജോലി ഏല്പിച്ചാലും ഏറ്റവും ഭംഗിയായി നിർവഹിക്കാനുള്ള കഴിവ് അവർക്കുണ്ട്. ചെറുപ്പം മുതലേ നേടിയെടുത്ത സംഘടനാ പാടവം ആണ് കൈമുതൽ. അതുകൊണ്ട് അമേരിക്കയിലെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പ്രസിഡണ്ട് പദം അലങ്കരിക്കാൻ എന്തുകൊണ്ടും അനുയോജ്യയായ പൊതുപ്രവർത്തകയാണ് ലീലാ മാരേട്ട്.

1987-ൽ കേരള സമാജത്തിന്റെ ഓഡിറ്ററായി സേവനമാരംഭിച്ച ലീലാ മാരേട്ട് ട്രഷറർ, വൈസ് പ്രസിഡണ്ട്, പ്രസിഡണ്ട്. ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ എന്നീ തലങ്ങളിൽ നിസ്തുല സേവനം ചെയ്തു.


സംഘടനകളിൽ ധാരാളം അംഗങ്ങളെ ചേർക്കുകയും നേതൃരംഗത്തേക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം അമ്പത്തൊന്നാം വർഷത്തിലേക്ക് കടക്കുന്ന കേരള സമാജത്തിന് ലീലാ മാരേട്ട് ഒരു മുതൽക്കൂട്ടും ഫൊക്കാനയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടാൽ സമാജത്തിന് ലഭിക്കുന്ന ഒരു അംഗീകാരവും കൂടിയായിരിക്കുമെന്ന് പ്രസിഡണ്ട് ഫിലിപ്പോസ് ജോസഫ് പ്രസ്താവിച്ചു.

ഫൊക്കാനയുടെ തലമുതിർന്ന പ്രവർത്തക എന്ന നിലയിൽ ഒരേ മനസ്സോടെ പ്രസിഡണ്ട് പദത്തിലേക്ക് അതിരുകളില്ലാതെ (ശേഷം 24-ാം പേജിൽ)



# അയോധ്യയിൽ ഭൂമി സ്വന്തമാക്കി അമിതാഭ് ബച്ചൻ

മുംബൈ: അയോധ്യയിൽ ഭൂമി സ്വന്തമാക്കി ബോളിവുഡ് താരം അമിതാഭ് ബച്ചൻ. സെവൻ സ്റ്റാർ എൻക്ലേവിൽ സ്ഥലം വാങ്ങിയതായാണ് റിപ്പോർട്ട് പുറത്തുവന്നത്. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൗസ് ഓഫ് അഭിനന്ദൻ ലോധയിൽ (എച്ച്.ഒ.എ.ബി.എൽ.) നിന്നാണ് ബച്ചൻ സ്ഥലം വാങ്ങിയത്. 14.5 കോടി രൂപയ്ക്ക് 10,000 ചതുരശ്ര അടി സ്ഥലമാണ് വാങ്ങിയതെന്നാണ് റിപ്പോർട്ട്. എന്നാൽ കൃത്യമായ വിവരം പുറത്തുവിടാൻ കമ്പനി തയാറായിട്ടില്ല.



അയോധ്യക്ക് തന്റെ ഹൃദയത്തിൽ പ്രത്യേക സ്ഥാനമുണ്ടെന്ന് അമിതാഭ് ബച്ചൻ പറഞ്ഞു. അയോധ്യയിലെ ആത്മീയതയും സംസ്കാര സമ്പന്നതയും അതിർത്തികൾക്കപ്പുറം വൈകാരികമായ ബന്ധം സൃഷ്ടിക്കുന്നു. ആഗോള ആത്മീയ കേന്ദ്രത്തിൽ ഒരു വീട് നിർമിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നും ബച്ചൻ പറഞ്ഞു. അയോധ്യയിൽ നിന്നും നാല് മണിക്കൂർ ദൂരമുള്ള പ്രയാഗ്‌രാജ് ആണ് അമിതാഭ് ബച്ചന്റെ ജന്മസ്ഥലം.

51 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന എച്ച്.ഒ.എ.ബി.എല്ലിന്റെ സരയു പദ്ധതി അയോധ്യ ക്ഷേത്ര പ്രതിഷ്ഠാ ദിനമായ ജനുവരി 22-നാണ് ഉദ്ഘാടനം ചെയ്യുന്നത്. ക്ഷേത്രത്തിൽനിന്നും 15 മിനിറ്റും വിമാനത്താവളത്തിൽനിന്ന് അരമണിക്കൂറുമാണ് ഈ സ്ഥലത്തേക്ക് ദൂരം. 2028 മാർച്ചിൽ നിർമാണം പൂർത്തിയാക്കുമെന്നാണ് കമ്പനി അറിയിച്ചത്. പഞ്ചനക്ഷത്ര ഹോട്ടൽ ഉൾപ്പെടെയാണ് നിർമിക്കുന്നത്.

# കൈവെട്ട് കേസ്: കുറ്റപത്രം തിരുത്താൻ എൻ.ഐ.എ. അപേക്ഷ നൽകും

കൊച്ചി: അധ്യാപകന്റെ കൈവെട്ടി മാറ്റിയ കേസിൽ ഒന്നാം പ്രതി സവാദിനെ പിടികൂടിയ പശ്ചാത്തലത്തിൽ കുറ്റപത്രം തിരുത്തി സമർപ്പിക്കാൻ ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ.) കോടതിയിൽ അപേക്ഷ നൽകും.

കേസിൽ നേരത്തെ കുറ്റപത്രം സമർപ്പിച്ചിരുന്നു. സവാദിനെ പിടികൂടിയതോടെ വിശദമായ അന്വേഷണം നടത്താനാണ് എൻ.ഐ.എ. നീക്കം.

പ്രതിയായ സവാദ് കണ്ണൂരിൽ ഒളിവിൽ താമസിച്ചതു മൂന്നിടങ്ങളിലായിരുന്നു. വളപട്ടണം മന്നിയിൽ അഞ്ചു വർഷവും ഇരിട്ടി വിളക്കോട്ട് രണ്ടുവർഷവും മട്ടന്നൂർ ബേരത്ത് ഒമ്പതുമാസവുമാണ് ഒളിവുജീവിതം നയിച്ചത്. അതിനാണു പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ സഹായം ലഭിച്ചത്.

കൈവെട്ട് കേസ് പ്രതി സവാദിനെ കുടുക്കിയതു പോപ്പുലർ ഫ്രണ്ട് നിരോധനമാണ്. പോപ്പുലർ ഫ്രണ്ട് നിരോധിച്ചതിനു പിന്നാലെ അകത്തായ ചിലരിൽനിന്നും സവാദിനെ കുറിച്ചുള്ള സൂചന ലഭിച്ചു. കേരളത്തിൽ തന്നെയുണ്ടെന്നറിഞ്ഞതോടെ രഹസ്യാന്വേഷണ വിഭാഗം അന്വേഷണം തുടങ്ങി. ഈ അന്വേഷണത്തിലാണു സവാദ് കുടുങ്ങിയത്.

സവാദ് ഫോൺ ഉപയോഗിച്ചിരുന്നതു കരുതലോടെയാണെന്ന് എൻ.ഐ.എ. പറയുന്നു. തുടർച്ചയായി സിംകാർഡുകൾ മാറ്റി ഉപയോഗിച്ചു. ഇതരസംസ്ഥാന തൊഴിലാളികളുടെ ഫോൺ ഉപയോഗിച്ചും ആശയവിനിമയം നടത്തി.

ബന്ധുക്കളെയോ സുഹൃത്തുക്കളെയോ ഒളിവു ജീവിതത്തിനിടയിൽ ബന്ധപ്പെട്ടില്ല. കൂട്ടു പ്രതികളുമായും ബന്ധമുണ്ടായില്ല.

## അതിശൈത്യം

(ഒന്നാം പേജിൽ നിന്നും)

പൂജ്യമായി ചുരുങ്ങിയതോടെ ഗതാഗതം താറുമാറായി. മൂടൽമഞ്ഞ് കാരണം ഡൽഹിയിൽനിന്നുള്ള 18 ട്രെയിനുകൾ ആറു മണിക്കൂറിലേറെ വൈകിയാണ് പുറപ്പെട്ടത്.

ഭാരത് ന്യായ് യാത്രയ്ക്കായി രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള നേതാക്കൾ പോകാനിരുന്ന വിമാനവും മണിക്കൂറുകളോളം വൈകി. ഡൽഹിക്കുപുറമെ ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും പുലർച്ചെ മുതൽ കനത്ത മൂടൽമഞ്ഞ് അനുഭവപ്പെട്ടു.

അഞ്ചു ദിവസംകൂടി സ്ഥിതി തുടരുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി.

## കൈവെട്ട് കേസ്

(8-ാം പേജിൽനിന്നും)

അതിനുമുമ്പ് വിളക്കോടാണു താമസിച്ചിരുന്നതെന്നാണു നാട്ടുകാരോടു പറഞ്ഞത്. രാവിലെ ജോലിക്കുപോയാൽ രാത്രി തിരികെ വീട്ടിലെത്തുന്ന ഇയാൾ ആരുമായും അടുപ്പം പുലർത്തിയിരുന്നില്ല. എന്തെങ്കിലും ചോദിച്ചാൽ മാത്രം മറുപടിപറയുന്നയാളാണെന്നും നാട്ടുകാർ പറഞ്ഞു. വാടകയ്ക്കു താമസിക്കുന്ന വീടിനുസമീപം നിർമാണത്തിലുള്ള വീട്ടിലായിരുന്നു കുറേനാളായി ജോലി.

കൈവെട്ട് കേസിൽ രണ്ടാംപ്രതി മൂവാറ്റുപുഴ സ്വദേശി സജിൽ (36), മൂന്നാം പ്രതി ആലുവ സ്വദേശി എം.കെ. നായർ (48), അഞ്ചാംപ്രതി കടുങ്ങല്ലൂർ സ്വദേശി നജീബ് (42) എന്നിവർക്ക് എൻ.ഐ.എ. പ്രത്യേകകോടതി ജീവപര്യന്തം തടവും 50,000 രൂപ വീതം പിഴയും വിധിച്ചിരുന്നു. കുറ്റക്കാരെന്നു പിന്നീട് കണ്ടെത്തിയ ഒമ്പതാംപ്രതി ആലുവ സ്വദേശി പി.പി. മൊയ്തീൻകുഞ്ഞ് (60), 12-ാംപ്രതി ആലുവ സ്വദേശി പി.എം. അയൂബ് (48) എന്നിവർക്കു മൂന്നുവർഷം തടവുശിക്ഷ വിധിച്ചെങ്കിലും ജാമ്യം ലഭിച്ചു. പ്രഫ. ജോസഫിനു പ്രതികൾ 4 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും കോടതി ഉത്തരവിട്ടിരുന്നു. മൂന്നുവർഷം വരെ തടവുശിക്ഷ ലഭിക്കുന്നവർക്കു മേൽക്കോടതിയെ സമീപിക്കാൻ ജാമ്യമനുവദിക്കണമെന്ന ചട്ടപ്രകാരം ഒരുമാസത്തെ സമയമാണു കോടതി അനുവദിച്ചത്.

കേസിന്റെ രണ്ടാംഘട്ട വിചാരണയിൽ ആറുപ്രതികൾകൂടി കുറ്റക്കാരാണെന്നു കോടതി കണ്ടെത്തി.

## രാഹുൽ മാങ്കൂട്ടത്തിലിനെ അറസ്റ്റ് ചെയ്തു

(8-ാം പേജിൽനിന്നും)

ഒന്നാം പ്രതിയാക്കി കന്റോൺമെന്റ് പോലീസും കേസെടുത്തു. യൂത്ത് കോൺഗ്രസ് ജില്ലാ നേതാക്കളായ സുധീർഷാ ഉൾപ്പെടെ തിരിച്ചറിയാവുന്ന 150 പേർക്കുമെതിരെ കേസെടുത്തിട്ടുണ്ട്.

### ചുമത്തിയത് പത്ത് വർഷത്തിലേറെ തടവ് ലഭിക്കാവുന്ന കുറ്റം

തിരുവനന്തപുരം: സുപ്രീംകോടതി മാർഗനിർദേശ പ്രകാരമുള്ള 41(എ) നോട്ടീസ് നല്കിയോ എന്ന തർക്കത്തിനിടെ, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡണ്ട് രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പോലീസ് ചുമത്തിയിരിക്കുന്നത് ഐപിസി 326, 333 വകുപ്പുകൾ. ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ പോലീസിനെ ആക്രമിച്ചു ഗുരുതര പരുക്കേല്പിച്ചു, മാരകായുധങ്ങൾ ഉപയോഗിച്ചു പരുക്കും എല്ലിന് ഒടിവും വരുത്തി എന്നീ കുറ്റങ്ങളാണ്. ഇതിൽ രണ്ടും പത്ത് വർഷത്തിലേറെ തടവ്ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്. ഇത്തരം കുറ്റം ചെയ്താൽ 41എ നോട്ടീസ് ആവശ്യമില്ലെന്ന് അർനേഷ് കുമാറും ബിഹാർ സർക്കാരുമായുള്ള കേസിൽ 2019-ൽ സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. ഏഴ് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെങ്കിൽ നോട്ടീസ് നല്കണം. എന്നാൽ, ഏഴ് വർഷത്തിൽ താഴെ ശിക്ഷ ലഭിക്കുന്ന കുറ്റമാണെങ്കിൽ അറസ്റ്റ് വേണ്ടെന്നു സതീന്ദ്രകുമാറും സിബിഐയും തമ്മിലുള്ള കേസിൽ 2022-ൽ സുപ്രീംകോടതി ഉത്തരവുണ്ട്. അനിവാര്യമെങ്കിൽ നോട്ടീസ് നല്കി പ്രതിഭാഗത്തിന്റെ വിശദീകരണം കേട്ടശേഷം അറസ്റ്റ് ചെയ്യാം.

## പുതുവത്സരാഘോഷം വർണ്ണാഭമായി

(14-ാം പേജിൽനിന്നും)

മിമിക്രിയും അരങ്ങുതകർത്തു കാണികളെ രസംപിടിപ്പിക്കുകയുണ്ടായി. ജസ്‌ലിൻ മാത്യുവിന്റെ ഗൃഹാതുരത്വമുണർത്തുന്ന ഗാനങ്ങളും ഏറെ ഇമ്പകരമായിരുന്നു.

ജോഹൻ ജോസഫ്, ഡയിസൺ അരുൺ, മിലൻ അലക്സ്, മിലാന അലക്സ്, മിനൽ അലക്സ്, ദിയാ അരുൺ, പൂജാ ലാൽ, അലീഷ്യ ജോൺ, ദേവിക രഞ്ജിത്ത്, രോഹിണി ഹേമന്ദ് എന്നിവരുടെ നൃത്തങ്ങളും കാണികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായി. തുടർന്ന് എല്ലാവർക്കും സ്വാദിഷ്ടമായ ഭക്ഷണവും ഒരുക്കുകയുണ്ടായി.

ഈ ആഘോഷങ്ങളുടെ വിജയത്തിനായി ജോസഫ് മാണി, സാബു ജേക്കബ്, ജെയിംസ്, അന്ത്രയോസ്, ജീമോൻ ജോർജ്, ജോൺ പി. വർക്കി, ഏബ്രഹാം ജോസഫ്, ജെയിസൺ വർഗീസ്, രാജു കുരുവിള, സജു സക്കറിയ, വർക്കി പൈലോ, മാത്യു പാറക്കൽ, സെറിൻ കുരുവിള എന്നിവരുടെ നേതൃത്വത്തിലും വനിതാ ഫോറമിന്റെ സഹകരണത്തിലുമാണ് നടത്തിയത്.

## നാമനിർദേശം ചെയ്തു

(23-ാം പേജിൽനിന്നും)

തെരഞ്ഞെടുക്കേണ്ട വ്യക്തിത്വം കൂടിയാണ് ലീലാ മാരേട്ട്. കാരണം ഫൊക്കാനയോടൊപ്പം വളർന്നുവന്ന അപൂർവ്വ നേതാക്കളിൽ ഒരാൾ. ഫൊക്കാന കമ്മിറ്റി മെംബർ, റീജിയണൽ പ്രസിഡണ്ട്, ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് വൈസ് പ്രസിഡണ്ട്, വിമൻസ് ഫോറം വൈസ് ചെയർപേഴ്സൺ തുടങ്ങി ഫൊക്കാനയിൽ ലീല വഹിക്കാത്ത പദവികളില്ല.

ഫൊക്കാനയുടെ പ്രസിഡണ്ട് പദത്തിലെത്തിയാൽ നടപ്പാക്കേണ്ട പരിപാടികളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുള്ള ലീലാ മാരേട്ടിന്റെ വിജയം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക് എല്ലാവിധ പിന്തുണയും അറിയിക്കുന്നതായും സമാജം ഭാരവാഹികൾ അറിയിച്ചു.

## ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

(23-ാം പേജിൽനിന്നും)

പരസ്യങ്ങളും ആശംസകളും നല്കിയവർ: മോൻ കെ. സാം, റോണി വർഗീസ്, ബിപിൻ മാത്യു, ഷിജോ ഷാജി, സൈമൺ ഫിലിപ്പ്, റിനോഷ് സാമുവൽ, ഷീബ/ മാത്യു വർഗീസ്, ആഷ്‌ലി/രഞ്ജി കുരുവിള, രാജൻ സാമുവൽ, ജോബി ജോർജുകുട്ടി.

കോൺഫറൻസിൽ രജിസ്റ്റർ ചെയ്തവർ: ഫാ. അബു പീറ്റർ, ഏലിയാമ്മ/കോര ചെറിയാൻ, പാസ്കറിയ/വർഗീസ് ടി. കുര്യൻ, ലെനോ സ്കറിയ, ജെന്നി/ബെഞ്ചമിൻ മാത്യു, സംഗീത/ഷാലു പുന്നൂസ്, ദീപ്തി മാത്യു, ബിപിൻ മാത്യു.

അനീഷ് ജോയി, ജെറിൻ തോമസ്, ജെയ്സൺ വർഗീസ്, ഏബ്രഹാം കെ. മത്തായി, ദിലീപ് ജോർജ് എന്നിവർ റാഫിൾ ടിക്കറ്റ് വാങ്ങിയും ഉദാരമായി പിന്തുണ അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് സമ്മേളനം നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെ. ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് മീനടം മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മൂദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊളൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും. ഇടവക അംഗങ്ങൾ ഫാമിലി കോൺഫറൻസിന് നല്കിയ ഉദാരമായ പിന്തുണക്ക് ഷിബു തരകൻ നന്ദി പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ കോൺഫറൻസ് കോ-ഓർഡിനേറ്റർ (914 806 4595), ചെറിയാൻ പെരുമാൾ കോൺഫറൻസ് സെക്രട്ടറി (516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

## ഇന്ത്യയിലെ ഏറ്റവും വലിയ കടൽപ്പാലം

(4-ാം പേജിൽനിന്നും)

ടവറുകളും നിർമിക്കാനാകുമെന്നാണ് നിഗമനം) 5,04,253 മെട്രിക് ടൺ സിമന്റും നിർമാണത്തിനായി ഉപയോഗിച്ചു. 70 ഓർത്തോട്രോപിക് സ്റ്റീൽ ഡെഡ്ജ് ഗർഡുകൾ പാലത്തിലുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഓർത്തോട്രോപിക് ഡെക്കുകൾ പാലം നിർമിക്കാൻ ഉപയോഗിക്കുന്നത്. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ സ്മരണാർഥമാണ് പാലത്തിന് 'അടൽ സേതു' എന്നു നൽകിയത്.

ആറുവരിപ്പാതയാണ് പാലത്തിലുള്ളത്. അടിയന്തരാവശ്യങ്ങൾക്കായി ഏഴാമത് ഒരു വരിയുമുണ്ട്. പാലത്തിലൂടെ ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷ, ട്രാക്ടർ, മൃഗങ്ങൾ വലിക്കുന്ന വാഹനം, മറ്റ് വേഗത കുറഞ്ഞ വാഹനങ്ങൾ എന്നിവ ഓടിക്കാനാകില്ല. കാർ, ടാക്സി, ലൈറ്റ് മോട്ടോർ വെഹിക്കിൾ, മിനിബസ് എന്നിവയ്ക്ക് മണിക്കൂറിൽ 100 കിലോമീറ്ററാണ് പരമാവധി വേഗത. കയറ്റിറക്കങ്ങളുള്ള പ്രദേശത്ത് വേഗപരിധി 40 കിലോമീറ്ററാണ്. ഓരോ ദിവസവും 70,000-ത്തോളം വാഹനങ്ങൾ ഇതുവഴി കടന്നുപോകുമെന്നാണ് കണക്കാക്കുന്നത്.

2024 മുതൽ 2053 വരെ 30 വർഷത്തേക്കാണ് പാലത്തിൽ ടോൾ പിരിക്കുക. ഓരോ വാഹനത്തിനും പ്രത്യേകം ടോളുണ്ട്. ദേശാടനപ്പക്ഷികൾ കാണപ്പെടുന്ന പ്രദേശമായതിനാൽ ഇവയുടെ ആവാസവ്യവസ്ഥയ്ക്ക് ഭീഷണി വരാതിരിക്കാൻ പ്രത്യേക സൗകര്യങ്ങളും പാലത്തിലുണ്ട്. പാലത്തിൽ വാഹനങ്ങൾ നിർത്താനോ യു ടേൺ എടുക്കാനോപാടില്ല. അടിയന്തര സാഹചര്യത്തിൽ നിർത്താൻ രണ്ട് പ്രത്യേക ഡെക്കുകളുണ്ട്. പാലത്തിൽ സുരക്ഷയ്ക്കായി ക്രാഷ് ബാരിയറുകളും ഓരോ 330 മീറ്റർ അകലത്തിൽ സിസിടിവി കാമറകളുണ്ട്. പാലം ഉപയോഗിക്കുന്നതിലൂടെ യാത്രാസമയവും മലിനീകരണതോതും കുറയും; പ്രതിവർഷം ഒരു കോടി ലിറ്റർ ഇന്ധനം ലാഭിക്കാനും സാധിക്കും.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens).

**Visit Our Website: www.keralaexpress.com for Matrimonial Advt.**

Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India)**
**5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

*Pentecostal Malayalee parents are seeking proposals for their son. He is 30 years 5'-8". Born and brought-up in USA. He will be graduating in Masters of Science (MS) biology major by end of this year 2023. Seeking for a right partner while obtaining a suitable job after the graduation. Future plan may include work and study for PhD or MD program. Parents of USA born citizen daughters who are working or studying with same faith may contact me via email:
**jvarghese645@yahoo.com** with picture and general details.

**Visit Our Website: www.keralaexpress.com for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at **mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

# നിര്യാതരായി

## തോമസ് ജോസഫ്

**പിണ്ണാക്കനാട്:** മുകളേൽ തോമസ് ജോസഫ് (75) അന്തരിച്ചു. ഭാര്യ ആനക്കൽ എളുകുന്നേൽ ലീലാമ്മ തോമസ്. മക്കൾ: ലിമിച്ചൻ, ഷിബിച്ചൻ (ഓസ്ട്രേലിയ), പ്രഭ റോസ് (യുഎസ്). മരുമക്കൾ: ആൻസി നിരപ്പേൽ (മുണ്ടക്കയം), സിജി പെരിയപ്പുറത്ത് കണ്ടനാട് (ഓസ്ട്രേലിയ), ബിനോയ് മുതുപുന്നക്കൽ തീക്കോയി (യുഎസ്).

**തൊടുപുഴ:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ തെക്കുംഭാഗം പുൽപ്പറമ്പിൽ കെ.വി. ഫ്രാൻസിസ് (90) അന്തരിച്ചു.

## സെബാസ്റ്റ്യൻ

**മാറിടം:** തെക്കേടം (കൊച്ചറയ്ക്കൽ) സെബാസ്റ്റ്യൻ (87) ഡാളസിൽ അന്തരിച്ചു. ഭാര്യ ചേർപ്പുങ്കൽ പല്ലാട്ട് ഏലിക്കുട്ടി സെബാസ്റ്റ്യൻ. മക്കൾ: സിസ്റ്റർ റാണി മരിയ (പഞ്ചാബ്), ആനിയമ്മ തോമസ് (യുഎസ്), ലാലി സണ്ണി, ഷാജി സെബാസ്റ്റ്യൻ (യുഎസ്), ജെസ്സി സിബി. മരുമക്കൾ: തോമസ് വയലിൽ (യുഎസ്). സണ്ണി വാരപ്പറമ്പിൽ (ചേർപ്പുങ്കൽ), ബീന ഷാജി പൂവേലിൽ (യുഎസ്), സിബി നീറന്താനം (മണ്ണയ്ക്കനാട്).

## കുഞ്ഞന്നാമ്മ വർഗീസ്

**കല്ലിശേരി:** ഉമയാറ്റുകര തട്ടാരുഴത്തിൽ കുഞ്ഞന്നാമ്മ വർഗീസ് (സാലി-74) അന്തരിച്ചു. മുണ്ടൻകാവ് മുക്കത്ത് വൈക്കത്തേത്ത് കുടുംബാംഗമാണ്. ഭർത്താവ് ടി.ടി. വർഗീസ്. മക്കൾ: മെറീജ, ഡോ. നിജീന (യുഎസ്). മരുമക്കൾ: തിരുവല്ല കുരിശൻമൂട്ടിൽ റോബിൻ ജോർജ് (സെ. മേരീസ് ഫിനാൻസ് തിരുവല്ല), കുന്നന്താനം കൊല്ലമല ഡോ. എബി സഖറിയ ഫിലിപ്പ് (യുഎസ്).

**ചങ്ങനാശേരി:** ആർമി റിട്ട. ഫാർമസിസ്റ്റ് വടക്കേക്കര കൊല്ലംപറമ്പിൽ കെ.സി. ജോസഫ് (കുട്ടപ്പൻ-84) അന്തരിച്ചു.

## സെബാസ്റ്റ്യൻ കുഞ്ഞുമോൻ

**ചങ്ങനാശേരി:** വാഴപ്പള്ളി ചെന്നിത്തല സെബാസ്റ്റ്യൻ കുഞ്ഞുമോൻ (75) അന്തരിച്ചു. ഭാര്യ: ചങ്ങനാശേരി പാലയ്ക്കൽ ലീലാമ്മ സെബാസ്റ്റ്യൻ. മക്കൾ: ഡോ. പ്രിയ (ആൽഐൻ), പ്രീതി (യുഎസ്), ജോസ്, സിറിൾ (ഇരുവരും അയർലൻഡ്). മരുമക്കൾ: ഷാജി ഐക്കര (പൈക), ബോബി ആലപ്പാട്ട്കുന്നേൽ, മറീന ജോസ് കുമ്പുക്കൽ (ഇരുവരും പാലാ), അന്നു സിറിൾ മറ്റത്തിൽ (ചങ്ങനാശേരി).

**കുമ്മനം:** പൊന്നാറ്റ് തുണ്ടത്തിൽ പി.സി. ചെറിയാൻ (അനിയൻകുഞ്ഞ്-68) അന്തരിച്ചു.

**നീണ്ടൂർ:** കുറിപ്പിനാംകണ്ടത്തിൽ അയ്യപ്പൻ (97) അന്തരിച്ചു.

**കല്ലടിക്കോട്:** കാഞ്ഞിക്കുളം സത്രംകാവ് ജല അതോറിറ്റി കോൺട്രാക്ടർ കാട്ടുമറ്റം ഏബ്രഹാം രാജു (61) അന്തരിച്ചു.

## സാമുവൽ ബെഞ്ചമിൻ



**ന്യൂയോർക്ക്:** ന്യൂയോർക്ക് സിറ്റി കംപ്ട്രോളർ ഓഫീസ് ഉദ്യോഗസ്ഥനായിരുന്ന തൂവയൂർ കണിയാംകുഴി തെക്കേതിൽ തങ്കമ്മ സാമുവേലിന്റെ പുത്രൻ സാമുവൽ ബെഞ്ചമിൻ (മോനച്ചൻ-63) അന്തരിച്ചു. ബ്രോങ്ക്സ് ഫുൾ ഗോസ്പൽ അസംബ്ലിയിലെ സജീവാംഗമായിരുന്ന പരേതൻ സെക്രട്ടറി, ട്രഷറർ, മലയാളം വർഷിപ് ലീഡർ തുടങ്ങിയ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ റൂബി ബെഞ്ചമിൻ. മക്കൾ: പാസ്റ്റർ അലക്സ് ബെഞ്ചമിൻ, അനിതാ ബെഞ്ചമിൻ, അഷ്ബെൽ ബെഞ്ചമിൻ. മരുമക്കൾ: ശേബ ബെഞ്ചമിൻ. സഹോദരങ്ങൾ: മേരിക്കുട്ടി ജോർജ്, ജോർജുകുട്ടി സാമുവേൽ, ഗ്രേസ് ബെഞ്ചമിൻ, ലീലാമ്മ ജോയ്, ജോണിക്കുട്ടി സാമുവേൽ, ബാബു സാമുവേൽ, പാസ്റ്റർ വി.ജെ. തോമസ്.

**ഫോർട്ടുകൊച്ചി:** ഇടക്കൊച്ചി അക്വിനാസ് കോളജ് റിട്ടയ പ്രിൻസിപ്പാൾ നസ്രത്ത് പുത്തൻപറമ്പിൽ ഡോ. പി.എം. ജോസഫ് (85) അന്തരിച്ചു.

## തങ്കമ്മ കുര്യൻ

**കുറിച്ചി:** കാവാലം കണിച്ചേരിൽ തങ്കമ്മ കുര്യൻ (90) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.ഐ. കുര്യൻ. മക്കൾ: അനില, ലത, ഗീത, പരേതയായ രമണി. മരുമക്കൾ: സ്റ്റീഫൻ പാറാണിക്കൽ (യുഎസ്), എൻ.സി. മാത്തുക്കുട്ടി പഴയകളം നെയ്ശേരിയിൽ, തോമസുകുട്ടി തേവരുമുറിയിൽ (ക്നാനായ കമ്മിറ്റി അംഗം), മോൻസൺ ചക്കാലത്തറ (അബുദാബി).

## ജോസ് അലക്സ്

**ഇരവിമംഗലം:** കവണാൻ ജോസ് അലക്സ് (70) യുഎസിൽ അന്തരിച്ചു. ഭാര്യ മേരി.

## എം.എ. വർക്കി

**ഉടുമ്പൻചോല:** മൈലാടൂർ എം.എ. വർക്കി (86) അന്തരിച്ചു. ഭാര്യ: രാമപുരം ചേന്നാട്ട് ഏലിക്കുട്ടി. മക്കൾ: ടോണി ജോർജ് (യു.എസ്.). റാണി മാത്യു. മരുമക്കൾ: മാത്യു വർഗീസ് അച്ചൻപറമ്പിൽ, പരേതയായ സിസന്ന ആന്റണി.

**വൈക്കം:** പെരുമ്പളം ഗവ. എൽപിസ്കൂൾ റിട്ട. ഹെഡ്മിസ്ട്രസ് വൈക്കം പള്ളിപ്പുറത്തുശേരി ഇടക്കുന്നത്ത് റോസമ്മ പ്രോത്താസീസ് (75) അന്തരിച്ചു.

**മീനടം:** തലപ്പള്ളിൽ സൂസൻ ജോർജ് (66) അന്തരിച്ചു.

## റോസമ്മ വർഗീസ്

**മാവേലിക്കര:** വെട്ടിയാർ കുറ്റിയിൽ ബംഗ്ലാവിൽ റോസമ്മ വർഗീസ് (66) അന്തരിച്ചു. പത്തനംതിട്ട വാഴമുട്ടം വാപ്പനാൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ കെ.എസ് വർഗീസ്. മക്കൾ: സാം വർഗീസ് (യുഎസ്), സാബു വർഗീസ് (ബഹ്റൈൻ). മരുമക്കൾ: സിബി (യുഎസ്), ഫെബി കുറ്റിയിൽ (ബഹ്റൈൻ).

## കെ. ജോൺ

**കോട്ടയം:** കെഎസ്ആർടിസി റിട്ട. കൺട്രോളിങ് ഇൻസ്പെക്ടറും പെൻഷനേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ടുമായിരുന്ന പള്ളം കണ്ണമ്പുറത്ത് കെ. ജോൺ (83) അന്തരിച്ചു. ഭാര്യ കവിയൂർ ചെറത്തലയ്ക്കൽ മറിയാമ്മ ജോൺ. മക്കൾ: മനോജ് (യുഎസ്), അനു (അദ്ധ്യാപിക). മരുമക്കൾ: സുമോൾ കുറ്റിക്കൽ പള്ളം (യുഎസ്), രാജൻ വെപ്പിനേത്ത് ഇരവിപേരൂർ.

## ഏലിയാമ്മ സ്കറിയ



**വിർജീനിയ:** മാങ്ങാനം പുതുപ്പറമ്പിൽ ഏലിയാമ്മ സ്കറിയ (104) വിർജീനിയയിലെ റിച്ച്മണ്ടിൽ നിര്യാതയായി. പരേതനായ പാസ്റ്റർ പി.സി. സ്കറിയയുടെ സഹധർമ്മിണിയും പാമ്പാടി മാക്കൽ കുടുംബാംഗവുമാണ്. മക്കൾ: സാറാമ്മ ചെറിയാൻ, ഏലിയാമ്മ പണിക്കർ. മരുമക്കൾ: പരേതനായ പാസ്റ്റർ ചെറിയാൻ കൊതകെരി, സൈമൺ പണിക്കർ (എല്ലാവരും യുഎസ്).

**തിരുവഞ്ചൂർ:** പൊരിയന്തറയിൽ റിട്ട. പ്രഫസർ എം. രാധാകൃഷ്ണൻ ഉണ്ണിത്താൻ (81) അന്തരിച്ചു.

## മേഴ്സി കോശി

**ഫ്ളോറിഡ:** തുമ്പമൺ വടക്കേമേലേതിൽ മേഴ്സി കോശി അന്തരിച്ചു. ആലപ്പുഴ പള്ളിപ്പാട് കടയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് ജി. കോശി. മക്കൾ: ജയ്സൺ കോശി, കുര്യൻ കോശി. മരുമക്കൾ: ഡീ, ആനി. യുഎസ് സർക്കാരിന്റെ വൈറ്റ് പോളിസി ഓഫീസിലെ സീനിയർ എക്സിക്യൂട്ടീവായ ഫാ. ഡോ. അലക്സാണ്ടർ ജെ. കുര്യൻ സഹോദരനാണ്.

**കോട്ടയം:** ബേക്കർ കിൻഡർ ഗാർഡൻ സ്കൂൾ റിട്ട. അദ്ധ്യാപിക ശോശാമ്മ ചെറിയാൻ (91) അന്തരിച്ചു.

**വല്ലന:** പാണംപടിക്കൽ ശോശാമ്മ വർഗീസ് (കുഞ്ഞുമോൾ-75) അന്തരിച്ചു.

## കെ.വി. ജോസഫ് കോലഞ്ചേരിൽ



**കോതമംഗലം:** തങ്കളം കോലഞ്ചേരിൽ കെ.വി. ജോസഫ് (കല്ലത്ത് കുഞ്ഞ് ഔസേഫ്-85) അന്തരിച്ചു. ഭാര്യ മാർത്ത ജോസഫ്. മക്കൾ: ജിയോ ജോസഫ് (ന്യൂജേഴ്സി), ജിനോയ് ജോസഫ് (ന്യൂയോർക്ക്), ജോബി ജോസഫ് (ഓസ്ട്രേലിയ), ജിസ്മോൻ ജോസഫ് (ഓസ്ട്രേലിയ). കേരള സമാജം ഓഫ് ന്യൂജേഴ്സിയുടെ പ്രസിഡണ്ടും ഫോമാ നാഷണൽ കമ്മിറ്റിമെംബറുമായ ജിയോ ജോസഫിന്റെ പിതാവാണ് പരേതൻ.

**കൊട്ടാരക്കര:** കഥകളി വേദികളിൽ നിറഞ്ഞ സ്ത്രീസാന്നിദ്ധ്യമായിരുന്ന കോട്ടാത്തല പത്തടി ഗൗരി ഗോവിന്ദത്തിൽ കൊട്ടാരക്കര ഭദ്ര (76) അന്തരിച്ചു.

## മോളി ജോയ്

**കുമ്പനാട്:** കങ്ങഴ പാലത്തുങ്കൽ മോളി (68) അന്തരിച്ചു. കുറിയന്നൂർ പുറത്തൂട്ട് കുടുംബാംഗമാണ്. ഭർത്താവ് ജോയ് വർഗീസ്. മക്കൾ: ബ്ലെസി (അയർലൻഡ്), ഫിന്നി ജോയി (യുഎസ്). മരുമക്കൾ: ജോ തോമസ് (ഡൽഹി), ക്രിസ്റ്റ് ജോയി (യുഎസ്).

**മാവേലിക്കര:** കല്ലിമേൽ തോമസ് വില്ലയിൽ ആനി കോശി (ജെസി-65) അന്തരിച്ചു.

## റോസമ്മ ജോസഫ്

**ചെന്നാട്:** അരിമറ്റത്ത് റോസമ്മ ജോസഫ് (73) അന്തരിച്ചു. ചേറ്റുതോട് പുത്തൻവീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് എ.എം. ജോസഫ്. മക്കൾ: കരോളിൻ, റോണി, കാർമൽ. മരുമക്കൾ: സാബു ആലപ്പാട്ട് ചേന്നാട് (യുഎസ്), ഷെറിൻ തേനംമാക്കൽ എഴുകുംവയൽ (ടീച്ചർ, പെരിങ്ങുളം), ഡിന്റോ മനയ്ക്കൽ (മീനച്ചിൽ ഡിവൈൻ ഫുഡ് പ്രൊഡക്ട്സ്).

## ഫാ. ജോസ് ആഞ്ചേരിൽ

**പോത്താനിക്കാട്:** ഇല്ലിനോയി രൂപതാംഗം ഫാ. ജോസ് ആഞ്ചേരിൽ (69) അന്തരിച്ചു. ആഞ്ചേരിൽ പരേതരായ മത്തായി-അന്നം ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: മാത്യു, ചിന്നമ്മ, സിസ്റ്റർ റോസ്, മോളി, പരേതരായ മേരി, ഏലിക്കുട്ടി, സിസ്റ്റർ വിൻസി.

**വെണ്ണിക്കുളം:** വെടികാട്ടിൽ പരേതനായ എം.കെ. കോരുതിന്റെ മകൻ ഡോ. വി.കെ. കോശി (80) ബെംഗ്ളൂരുവിൽ അന്തരിച്ചു.

## ഡൊമിനിക് തോമസ്

**കാഞ്ഞിരപ്പള്ളി:** കൂവപ്പള്ളി ഇടയ്ക്കലാത്ത് ഡൊമിനിക് തോമസ് (കുട്ടിയച്ചൻ-84) അന്തരിച്ചു. ഭാര്യ ചങ്ങനാശേരി പുളിക്കൽ ഏലിക്കുട്ടി. മക്കൾ: ലിസമ്മ, ലീനാമ്മ, ലാലിച്ചൻ, ലിൻസി. മരുമക്കൾ: ബേബിച്ചൻ തോട്ടുങ്കൽ (തൊടുപുഴ), ബേബി വെട്ടിക്കാട്ട് ചിറക്കടവ് (ഇരുവരും യുഎസ്), ഡോളി കുഴിപ്പള്ളിൽ (ചിറക്കടവ്), റെജി മുക്കിലിക്കാട്ട് (കൂവപ്പള്ളി).

**കൊച്ചി:** റെൽക്കൺ ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിങ് ഡയറക്ടർ തിരുവനന്തപുരം കേശവദാസപുരത്തു താമസിക്കുന്ന തേവലക്കര തോണ്ടപ്പുറത്ത് ടി.കെ. അലക്സാണ്ടർ വൈദ്യൻ (81) അന്തരിച്ചു.

## പി.ജെ. കോരുത്

**കങ്ങഴ:** മുംബൈ റെയിൽവേ മുൻ ജീവനക്കാരൻ മുണ്ടത്താനം പുത്തുക്കല്ലേൽ പി.ജെ. കോരുത് (ബേബി-94) അന്തരിച്ചു. ഭാര്യ വെങ്ങോല കാരാഞ്ചിക്കുടി പരേതയായ സോഫി. മകൻ: ജോസൻ. മരുമകൾ: ശ്രീലത തോപ്പിൽ തലവൂർ (എല്ലാവരും യുഎസ്).

**കറ്റാനം:** മിൽമ മുൻ ഡയറക്ടർ ബോർഡ് അംഗവും മുൻ ഗവ. പ്ലീഡറും പ്രോസിക്യൂട്ടറുമായിരുന്ന പള്ളിക്കൽ മഞ്ഞാടിത്തറ ചേലക്കാട്ട് ഗോകുലത്തിൽ എസ്. സദാശിവൻ പിള്ള (72) അന്തരിച്ചു.

## സി.ജെ. ജോൺ

**രാമപുരം:** ഒടയംചാൽ പടിമരുതിലെ വ്യാപാരിയായിരുന്ന ചിറയ്ക്കൽ സി.ജെ. ജോൺ (കുട്ടപ്പൻ-75) അന്തരിച്ചു. ഭാര്യ രാജപുരം കദളിമറ്റം കുടുംബാംഗം ഡോളി. മക്കൾ: ഡീന, സീന, ജോൺ ചിറയ്ക്കൽ, പ്രിയങ്ക (ഇരുവരും യുഎസ്). മരുമക്കൾ: എബി തേവർമറ്റത്തിൽ, ബേസിൽ പാറയ്ക്കൽ (യുഎസ്).

**വെള്ളാരംകുന്ന്:** പുതിയേടത്ത് ആൽഫിൻ ഏബ്രഹാം (ആൽബിച്ചൻ-29) അന്തരിച്ചു.

## മറിയാമ്മ വിൻസന്റ്

**തേവര:** ശാന്തിനഗർ പടിക്കപറമ്പിൽ മറിയാമ്മ (78) അന്തരിച്ചു. പാലാ മുതുപ്ലാക്കൽ പ്ലാശനാൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വിൻസന്റ്. മക്കൾ: ഹനോഷ് (യുഎസ്), സിയാ (ദുബായ്), സെബിൻ (അയർലൻഡ്). മരുമക്കൾ: ധന്യ, ഏല്യ.

**താഴത്തങ്ങാടി:** ഇല്ലിക്കൽ കാവുങ്കലോത്ത് പതിനഞ്ചിൽ ശോശാമ്മ ജോർജ് (ആനി-70) അന്തരിച്ചു.

**തേവര:** സിഎംസി സഭ പുഷ്പാരം പ്രോവിൻസ് അംഗം സിസ്റ്റർ മേരി ക്ലോഡ് (ലവ്ലി-82) അന്തരിച്ചു.

**ചാന്നാനിക്കാട്:** പണിക്കർ കുടുംബാംഗം മുടയംകുളം കമ്പിയിൽ പുത്തൻപറമ്പിൽ ഏലിയാമ്മ (കുഞ്ഞുമോൾ-79) അന്തരിച്ചു.

## സെബാസ്റ്റ്യൻ ജോസഫ്

**മൂവാറ്റുപുഴ:** പൊതുമരാമത്ത് വകുപ്പ് റിട്ട. അസി. എക്സി. എൻജിനീയർ മണ്ണത്തുക്കാരൻ സെബാസ്റ്റ്യൻ ജോസഫ് (ഡോണി-82) അന്തരിച്ചു. ഭാര്യ മുഹമ്മ പട്ടാറ സെലിൻ. മക്കൾ: അസിം മണ്ണത്തൂക്കാരൻ (യുഎസ്), സീന. മരുമക്കൾ: രേഖ മാളിയേക്കൽ (പുളിങ്കുന്ന്), അനൂപ് ഇടയാടിൽ കണ്ണാടി (പുളിങ്കുന്ന്).

## അക്കമ്മ തോമസ്

**വായ്പൂർ:** കുത്തുകല്ലുങ്കൽ പഴംപള്ളിൽ അക്കമ്മ (75) അന്തരിച്ചു. ചേന്നങ്കരി പടപുരയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി. തോമസ്. മക്കൾ: നിഷ തോമസ് (യുഎസ്), നിജു തോമസ് (കുവൈറ്റ്), നിത തോമസ്. മരുമക്കൾ: ചെത്തിപ്പുഴ കുറുമ്പനാടം ജെയിംസ് (യുഎസ്), മണിമല പ്ലാക്കാട്ട് ജീന (കുവൈറ്റ്), വായ്പൂര് അറയ്ക്കൽ വിനോദ്.

**തിരുവനന്തപുരം:** നെടുമങ്ങാട് കുളപ്പട ശാന്തിഗിരി ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹാംഗമായ ഫാ. ജെയിംസ് മാമ്മൂട്ടിൽ (71) അന്തരിച്ചു.

## കെ.ജെ. ഇട്ടി ഐപ്പ്

**പാക്കിൽ:** ആർഡബ്ല്യുഎഫ്. റിട്ട. എൻജിനീയർ കാക്കനാട്ട് മാലിയിൽ കെ.ജെ. ഇട്ടി ഐപ്പ് (76) അന്തരിച്ചു. ഭാര്യ കായംകുളം പരുത്തുംമൂട്ടിൽ പരുവത്ത് സാലി. മക്കൾ: ഡാഡ്സി, ജോസഫ് (ടൊറന്റോ). മരുമക്കൾ: അനിൽ (ബെംഗ്ലൂരു), ജോവിത (ടൊറന്റോ).

**പൂഞ്ഞാർ:** കടലടിമറ്റം കുന്നുംപുറത്ത് റോസമ്മ ജേക്കബ് (73) അന്തരിച്ചു.

**മാവേലിക്കര:** കരിപുഴ മാനാംപുറത്ത് രാജൻ വർഗീസ് അലക്സാണ്ടർ (67) അന്തരിച്ചു.

## ശോശാമ്മ പൗലോസ്

**തിരുവാങ്കുളം:** വെണ്ണിക്കുളം ചെറാട്ടുമൂലയിൽ ശോശാമ്മ (പൊന്നമ്മ-72) അന്തരിച്ചു. തിരുവല്ല പുളിക്കീഴ് മണപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് സി.വി. പൗലോസ്. മക്കൾ: ലിസ, ലീന, ലാൻസ്. മരുമക്കൾ: ജോൺ മാത്യു, ടോണി മാത്യു, ഷെറിൻ പൗലോസ് (എല്ലാവരും യുഎസ്).

## കെ.വി. ജോസഫ്

**മറ്റക്കര:** നെല്ലിക്കുന്ന് കോടിക്കുളം കെ.വി. ജോസഫ് (തമ്പി-72) ഹൈദരാബാദിൽ അന്തരിച്ചു. ഭാര്യ: ചേർത്തല കുറ്റിക്കാട്ട് ഗീത ജോസഫ്. മക്കൾ: ജോബി ജോസഫ് (യു.എസ്.), ജിമ്മി ജോസഫ് (ഹൈദരാബാദ്). മരുമക്കൾ: ഷീന (പത്തനംതിട്ട), ചിത്തിര (പൂഞ്ഞാർ).

**പത്തനംതിട്ട:** മാർത്തോമ്മാ സഭയിലെ മുതിർന്ന വൈദികൻ റവ. ടി.എ ജോസഫ് (91) അന്തരിച്ചു.

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

## ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**(630) 205-5078**

## CAREGIVER WANTED IN SAN JOSE, CA.

A Malayalee family is looking for a live-in (preferred) nanny for their kids.

**Please contact**

**+1 281-386-7472**

## Favors Received



*Inserted by: Firm Believer, Bloomingdale*



## Favors Received



*Inserted by: Firm Believer, Bloomingdale*



**Visit Our Website: www.keralaexpress.com for Classified Advt.**

## NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested, please TEXT 630-465-1059**

**We offer competitive pay.**

## Favors Received



*Inserted by: Firm Believer, Houston*



## Favors Received



*Inserted by: Firm Believer, Houston*



## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*



## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## കഥ ഇതുവരെ

സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. മല്ലികച്ചിറ്റയുടെ വീട്ടിലെത്തിയ സന്ദീപും കൂട്ടരും വന്ന കാർ ഹേമചന്ദ്രൻ കൊണ്ടുവന്ന ഗുണ്ടകൾ അടിച്ച് തകർത്തു. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം എല്ലാറ്റിനും ഹേമചന്ദ്രൻ പരിഹാരം ചെയ്യേണ്ടി വരുന്നു. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഹേമചന്ദ്രന്റെ കാർ മോഷ്ടിച്ചുവെന്നാരോപിച്ച് മടക്കയാത്രയിൽ പോലീസ് അവരെ കസ്റ്റഡിയിലെടുത്തെങ്കിലും വിട്ടയയ്ക്കേണ്ടി വരുന്നു. ഭാസ്കരമേനോന്റെ മുന്നിൽ വെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തുന്നു...

# കാണാത്ത തീരങ്ങൾ

ജോയ്സി

## 79

ഹേമചന്ദ്രൻ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷനിലേക്കു ഫോൺ ചെയ്തുവെങ്കിലും സ്റ്റേഷൻ ഹൗസ് ഓഫിസർ സ്റ്റേഷനിലില്ല എന്ന മറുപടിയാണു കിട്ടിയത്. എൽദോസിന്റെ മൊബൈൽ നമ്പർ വാങ്ങി വിളിച്ചപ്പോൾ ഔട്ടോഫ് കവറേജ് ഏരിയ എന്നു മറുപടി വന്നു.

എൽദോസ് സ്റ്റേഷനിൽ വന്നാലുടൻ തിരിച്ചു വിളിക്കാൻ കൽപിച്ചിട്ട്, പുതിയ നിർമിതിയെയും പഴയ തറവാടിനെയും ബന്ധിപ്പിക്കുന്ന നീളൻ തിണ്ണയിലൂടെ നടക്കുകയായിരുന്നു ഹേമചന്ദ്രൻ. കുറെ കഴിഞ്ഞപ്പോൾ എൽദോസിന്റെ കോൾ വന്നു. ഫോണെടുത്തിട്ട് ഹേമചന്ദ്രൻ ചീറി.

“താനിത് എവിടെപ്പോയി കെടക്കുവാരുന്നെടോ? സ്റ്റേഷൻ ഫോണിലുമില്ല, മൊബൈലിലുമില്ല.”

“മൊബൈലിനു റേഞ്ചില്ലാത്തിടത്തായിരുന്നു സാർ.”

“ഒരത്യാവശ്യത്തിനു വിളിക്കുമ്പഴാണോ റേഞ്ചില്ലാത്തിടത്തു പോയി നിൽക്കുന്നെ?”

“എന്താ സാർ... സാറെന്തിനാ വിളിച്ചത്?”

“എന്റെ കാറിൽ അവിടെ വന്നവർ തിരിച്ചു പോയോ അതോ ആ പരിസരത്ത് കറങ്ങുന്നുണ്ടോ?”

“അവര് പോയിട്ട് നാലഞ്ചു മണിക്കൂർ കഴിഞ്ഞു സാർ.”

“അതു മനസ്സിലായി. അവർ മുരിക്കാശ്ശേരിയിൽനിന്നു തിരിച്ചുപോയോ എന്നാണ് അറിയേണ്ടത്.”

“അതറിയില്ല സാർ. ഞങ്ങളവരെ ഫോളോ ചെയ്തില്ല.”

“അതൊക്കെ നോക്കി വെക്കണ്ടേ. താനൊരു കാര്യം ചെയ്യ്... പെരിയാർവാലിക്കു പോയി ശേഖരൻകുട്ടി എന്ന ആളെയും അയാൾടെ വീട്ടിലുള്ളവരെയും കസ്റ്റഡീലെടുക്ക്.”

“അതെന്തിനാണ് സാർ?”

“എറണാകുളത്തുനിന്നു വന്നവർ എന്തിനാണ് അവരെ മീറ്റ് ചെയ്യാൻ പോയതെന്ന് അറിയണ്ടേ? അതിലെന്തോ ഗൂഢാലോചനയുണ്ട്. താൻ ശേഖരൻകുട്ടിയെയും ഫാമിലിയെയും ചോദ്യം ചെയ്യണം. എറണാകുളംകാർ എന്തിനു വന്നെന്ന് അറിയണം. ശേഖരൻകുട്ടിയുടെ വീട്ടിൽ ആരൊക്കെയുണ്ടെന്ന് അറിയണം.”

“സാർ... അവരുടെ പേരിൽ കംപ്ലെയ്ന്റ് എന്തെങ്കിലുമുണ്ടോ? എന്തെങ്കിലും ഒഫൻസുണ്ടെങ്കിൽ കസ്റ്റഡിയിലെടുക്കാം.”

“എടോ, എന്തെങ്കിലും കാരണം പറഞ്ഞ് കസ്റ്റഡിയിലെടുക്ക്. നമുക്കാവശ്യമുള്ള വിവരങ്ങൾ കിട്ടിക്കഴിയുമ്പോ വിട്ടേക്ക്.”

“അതു പറ്റില്ല സാറെ. സാറ് പറഞ്ഞിട്ടാണ് ആ പത്രക്കാരനെയും കൂടെ വന്നവരെയും കസ്റ്റഡിയിലെടുത്തത്. സാറിന്റെ കാർ അവര് മോഷ്ടിച്ചതാണെന്നാ സാർ പറഞ്ഞത്. എന്നാൽ അതല്ലല്ലോ സത്യം. സാറ് പറഞ്ഞപോലെ ചെയ്തിട്ട് എസ്.പി. ഓഫീസിൽനിന്നൊള്ള ചീത്തവിളി മുഴുവൻ കേട്ടത് ഞാൻ. ഒടുക്കം കാറും വിട്ടുകൊടുത്തു- സോറീം പറയേണ്ടി വന്നു.”

“താൻ സോറി പറഞ്ഞോ - താനൊക്കെ എന്തിനാടോ കാക്കിയിട്ടോണ്ട് എസ്.ഐ. ആണെന്നുംപറഞ്ഞ് അവിടിരിക്കുന്നെ. സോറിയല്ല, അടികൊടുത്തു വിടണാരുന്നു... അതു പോട്ടെ. ഞാൻ പറഞ്ഞപോലെ ചെയ്യാൻ തനിക്കു പറ്റ്വോ?”

“പറ്റില്ല സാർ.”

“നാളെ തന്റെ തലയ്ക്കു മീതെ വരേണ്ടവനാ ഞാൻ. എസ്.പിയാകാനുള്ള പ്രമോഷൻ ലിസ്റ്റിൽ എന്റെ പേരും ഉണ്ടെന്നുള്ളത് താൻ മറക്കണ്ട.”

“സാർ... ഞാനന്ന് അനുസരിച്ചാ മതിയല്ലോ. സോറി സാർ വെച്ചോട്ടെ.”

കോൾ കട്ടായി.

ഹേമചന്ദ്രനു വലിയ അപമാനം തോന്നി.

കാക്കിയിട്ടൊരു നീർക്കോലി തന്റെ വാക്കുകളെ അവഗണിച്ചു പോയിരിക്കുന്നു.

“അവനു ഞാൻ പണികൊടുക്കും. എന്നെങ്കിലും - എൽദോസ്...” ഹേമചന്ദ്രൻ ആ പേര് മനസ്സിൽ കുറിച്ചിട്ടു. റബർതോട്ടത്തിനു നടുക്കുള്ള പാതയിലൂടെ അഞ്ജനയുടെ പോളോ കാർ വരുന്നതു കാണാമായിരുന്നു. അതു ഗേറ്റ് കടന്നു വന്ന് കാർപോർച്ചിൽ നിന്നു.

ഭാസ്കരമേനോനും തങ്കവും മധുവും കാറിൽനിന്നിറങ്ങി സിറ്റൗട്ടിലേക്കു കയറി. കാർവന്ന ശബ്ദം കേട്ട് ബാലകൃഷ്ണമേനോൻ വീട്ടിനുള്ളിൽനിന്ന് ഇറങ്ങി വന്നു.

ഹേമചന്ദ്രനെ നോക്കി ഭാസ്കരമേനോൻ ഒരു നിമിഷം നിന്നു. എന്തോ പറയാൻ ഭാവിച്ചിട്ട് അതു വേണ്ടെന്നുവെച്ചു. തങ്കവും മധുവും നിഴൽവീണ മുഖത്തോടെ നിന്നു.

“എന്തുപറ്റി? ഇതെന്താ ആർക്കും ഒരു സന്തോഷം ഇല്ലാത്തപോലെ.”

“ആ ജയദേവന്റെ മകൻ മല്ലികേടെ വീട്ടിൽ വന്നിട്ടുണ്ടായിരുന്നു.” ഭാസ്കരമേനോൻ പറഞ്ഞു.

“അവിടെ വന്നെന്നോ, എന്തിന്?” ഹേമചന്ദ്രൻ മുന്നോട്ടു വന്നു.

“ഹേമചന്ദ്രാ, നീ ഉദ്ദേശിക്കുന്നപോലെ ഇത് നിസ്സാര കാര്യമല്ല. അടയ്ക്കയൊക്കെ വളർന്ന് മരമായി.”

“വല്യച്ഛന് എന്നെയൊന്നു വിളിച്ച് പറയാൻ വയ്യാരുന്നോ?”

“പറഞ്ഞിട്ട് നീ എന്തു ചെയ്യാനാ?”

“എന്തെങ്കിലും ഒരു കേസുണ്ടാക്കി അവന്റെ തലേൽ വെച്ചുകെട്ടീട്ട് പിടിച്ചകത്തിടാരുന്നു. വീട്ടിൽ അതിക്രമിച്ചു കേറിയെന്നോ, കയ്യേറ്റം ചെയ്തെന്നോ, മോഷണശ്രമം നടത്തിയെന്നോ- എന്തെല്ലാം മാർഗം ഒണ്ടാരുന്നു... മണിമല പോലീസ് എന്റെ പോക്കറ്റിലാ. ഒരൊറ്റ കോൾ മതി.”

“മണിമല പോലീസും വന്നിട്ടൊണ്ടാരുന്നു.” അഞ്ജന സിറ്റൗട്ടിലേക്കുള്ള പടിയിൽ നിന്നുകൊണ്ടു പറഞ്ഞു: “അവരെ പിടിച്ചകത്തിടാനല്ല, അവർക്ക് എസ്കോർട്ട് വന്നതാ. എസ്.പി. ഓഫീസീന്ന് ഓർഡർ കിട്ടീട്ട്.” ഹേമചന്ദ്രൻ അന്തംവിട്ട് ഭാര്യയെ നോക്കി.

“സന്ദീപ് തനിച്ചല്ല വന്നത്. മാളുവിന്റെ മകളെയും കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടാരുന്നു. ചിറ്റയ്ക്കു പരിചയപ്പെടുത്തി. മാളുവിന്റെ മകളാണെന്നുതന്നെ പറഞ്ഞു. ഇരുപത്തിരണ്ടു കൊല്ലം മുൻപ് ചന്ദ്രബാബുവിനെ കാണാതായതും ആറുമാസത്തിനകത്ത് നിങ്ങളൊക്കെക്കൂടി പെരിയാർവാലിയിൽ ചെന്ന് മാളുവിനെ കൂട്ടിക്കൊണ്ടു പോയെന്നും പോണ്ടിച്ചേരീൽ കൊണ്ടുപോയി പ്രസവിപ്പിച്ചിട്ട് കുഞ്ഞിനെ കളഞ്ഞെന്നും അതിനുശേഷം മാളുവിനെ ആരും കണ്ടിട്ടില്ലെന്നും പറഞ്ഞു.” അഞ്ജനയുടെ സ്വരത്തിന് മൂർച്ച കൂടി വന്നു. അവൾ സിറ്റൗട്ടിലേക്കു കയറി നിന്നു.

ഹേമചന്ദ്രൻ ഭാര്യയുടെ നേർക്കു തറപ്പിച്ചു നോക്കി.

“പറഞ്ഞതെല്ലാം മല്ലികയ്ക്കു മനസ്സിലായി. ചന്ദ്രബാബുവിനും മാളുവിനും എന്തു സംഭവിച്ചെന്നും ഏറെക്കുറെ മനസ്സിലായിട്ടുണ്ട്. ഇനി മൂന്നു കാര്യങ്ങളേ അവൻ വന്നു പറയാൻ ബാക്കിയുള്ളൂ. എങ്ങനെ കൊന്നു, ആര് കൊന്നു, എവിടെ മറവ് ചെയ്തു?”

ബാലകൃഷ്ണമേനോൻ നടുങ്ങിപ്പോയി.

“ആര് കൊന്നെടീ?” ഹേമചന്ദ്രൻ ആക്രോശിച്ചു.

“അവൻതന്നെ പറയും, സന്ദീപ്. എന്താ സംശയം?”

“മിണ്ടരുത്... നിന്നോടാരും ഇവിടെ ഒന്നും ചോദിച്ചില്ല.” ഹേമചന്ദ്രൻ ചീറിക്കൊണ്ടു കൈവിരൽ ചൂണ്ടി.

“നിങ്ങൾക്ക് തല്ലണംന്നു തോന്നുന്നുണ്ടോ എന്റെ ചെകിട്ടത്ത്. തല്ല്. ഞാൻ വാ തുറക്കാതിരിക്കാൻ അതാണല്ലോ ചെയ്യാറ്.”

അഞ്ജന വീറോടെ പറഞ്ഞിട്ട് ഹേമചന്ദ്രന് തല്ലാൻ പാകത്തിന് നിന്നു. ഹേമചന്ദ്രൻ പതറി. അസുഖകരമായ ആ രംഗം നീട്ടിക്കൊണ്ടു പോകാതിരിക്കാൻ ബാലകൃഷ്ണമേനോൻ മകളോടു പറഞ്ഞു:

“മോളേ, നീ അകത്തോട്ടു ചെല്ല്.”

അഞ്ജന പിന്നെ ഒരക്ഷരം മിണ്ടാതെ വീടിനുള്ളിലേക്കു കയറിപ്പോയി.

“അഞ്ജന പറഞ്ഞതെല്ലാം ശരിയാ.” ഭാസ്കരമേനോൻ അനുജനോടു പറഞ്ഞു. “മല്ലിക ഇനി നമ്മളാരും പറയുന്നത് വിശ്വസിക്കില്ല. എവിടെയെങ്കിലും ഇതൊന്നു പിടിച്ചു നിർത്തിയേ പറ്റൂ. എന്നെക്കൊണ്ടു വയ്യ ഈ പ്രായത്തിൽ കോടതി കേറാൻ.”

“വല്യച്ഛനെന്താ ഇത്ര പേടി... ഞാനില്ലേ നിങ്ങടെ കൂടെ?” ഹേമചന്ദ്രൻ ചോദിച്ചു.

“നിന്റെ മൂക്കിനു കീഴിലല്ലേ എല്ലാം നടന്നത്. ഇപ്പഴും നടന്നുകൊണ്ടിരിക്കുന്നത്. കോൺഫിഡൻസ് നല്ലതാ. പക്ഷേ, അരഗൻസ് അതിനു പകരമാകില്ല ഒരിക്കലും.”

ഭാസ്കരമേനോൻ മുഷിച്ചിലോടെ പറഞ്ഞു.

“ഇത് കൈകാര്യംചെയ്യാൻ എന്നെക്കൊണ്ടു പറ്റും. അതുകൊണ്ടാ പറയുന്നെ.” ഹേമചന്ദ്രൻ നീരസം പൂണ്ടു.

“അതുകൊണ്ടാണല്ലോ ഞങ്ങൾക്കിപ്പോൾ പോണ്ടീന്ന് ഇവിടംവരെ യാത്ര ചെയ്യേണ്ടി വന്നത്.”

“ഇതൊരു തറവാട് വിസിറ്റായിട്ട് കണക്കാക്കിയാ മതി.”

“ഞങ്ങടേത് അങ്ങനെ കണക്കാക്കാം. ജയദേവന്റെ മകൻ മാളുവിന്റെ മകളാണെന്നു പറഞ്ഞ് ഒരു പെണ്ണിനെ കൊണ്ടുവന്നല്ലോ.

KERALA EXPRESS

## നോവൽ

അത് എങ്ങനെയുള്ള വിസിറ്റ് ആയിട്ട് കാണണം?"


"അതെല്ലാം വല്യച്ഛന്റെ ഫോൾട്ടാണ്. ഈ കേസിൽ നിങ്ങളാരും എന്റെ നേർക്കു കൈ ചൂണ്ടണ്ട. ഇതെല്ലാം വല്യച്ഛനും മധുവേട്ടനുംകൂടി വരുത്തിവെച്ചതാ."

"ഞങ്ങളെന്തു ചെയ്തു?" ഭാസ്കരമേനോൻ ആശ്ചര്യത്തിൽ ചോദിച്ചു: "ഞങ്ങളാണോ എല്ലാത്തിനും കാരണക്കാർ?"

"ആ കുഞ്ഞ് ജീവിച്ചിരിക്കുന്നത് വല്യച്ഛന്റെ ഫോൾട്ടല്ലേ. അല്ലെങ്കിൽ മധുവേട്ടന്റെ... അതാണല്ലോ എല്ലാത്തിനും കാരണം. അന്ന് നിങ്ങൾ വേണ്ടപോലെ അതു കൈകാര്യം ചെയ്തിരുന്നെങ്കിൽ ഇന്നിങ്ങനെ പ്രശ്നം വരില്ല. നമ്മളെന്താ അന്നു തീരുമാനിച്ചത്. കുഞ്ഞിന്റെ പ്രോബ്ലം സോൾവ് ചെയ്യാമെന്നേറ്റത് വല്യച്ഛനും മധുവേട്ടനും കൂടിയാ. അതിന് ഏറ്റവും പറ്റിയ സാഹചര്യം ഉണ്ടായിരുന്നിട്ടും നിങ്ങളത് വേണ്ടപോലെ ചെയ്തില്ല." ഹേമചന്ദ്രൻ കുറ്റപ്പെടുത്തി.

"എന്തു സാഹചര്യം? അതെല്ലാം എപ്പഴും ഒരുപോലെ തന്നെ."

"ആ സൈക്ലോൺ. ഹെവി റെയ്നിങ്ങും ഫ്ളഡ്സും. പോണ്ടിച്ചേരി വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. എന്നിട്ടും ആ കുഞ്ഞ് എങ്ങനെ ജീവിച്ചിരുന്നു?"



"അത്... ഞങ്ങൾ വിശ്വസിച്ചവൻ ചീറ്റ് ചെയ്തതാ. എനിക്കൊരു കുഞ്ഞിനെ എടുത്തുകൊണ്ടുപോയി കടലിൽ കളയേണ്ട ആവശ്യം ഇല്ല. എന്റെ മകനും ഇല്ല." ഭാസ്കരമേനോന്റെ വാക്കുകൾ പരുഷമായി.

"അത് അവിടെവെച്ചു പറയണാരുന്നു. ഞങ്ങളാ ജോലി ഭംഗിയായിട്ട് തീർത്തേനെ. അപ്പോ മധുവേട്ടൻ എന്താ പറഞ്ഞത്. നിങ്ങൾ താമസിക്കുന്ന ലൊക്കാലിറ്റിയിലോ വൈറ്റ് ടൗണിൽ പോലുമോ ഒരു കുഞ്ഞിന്റെ ഡെഡ്ബോഡി കാണാൻ പാടില്ല. അങ്ങനെ സംഭവിച്ചാൽ പോലീസ് അന്വേഷിക്കും. അവിടെ പോലീസ് സ്ട്രോങ്ങാണ്. അവർ ഹോസ്പിറ്റലിലെല്ലാം കയറി ആ സമയത്തു ജനിച്ച കുഞ്ഞുങ്ങളുടെ ലിസ്റ്റും അഡ്രസും തപ്പിയെടുക്കും എന്നൊക്കെയല്ലേ?"

"അത് അങ്ങനെതന്നെയാണ്."

"അങ്ങനെ പോലീസ് അന്വേഷിച്ചാലും കാട്ടിക്കൊടുക്കാൻ തങ്കം ആന്റിക്ക് ഒരു പെൺകുഞ്ഞുണ്ടായിരുന്നല്ലോ."

"പക്ഷേ, സ്ക്രൂട്ടിണി വരുമ്പോൾ ഏജ് ഡിഫറൻസ് പോലീസിനു മനസ്സിലാകും. രണ്ടുദിവസം പ്രായമുള്ള കുഞ്ഞും രണ്ടു മാസം പ്രായമുള്ള കുഞ്ഞും തമ്മിലുള്ള വ്യത്യാസം ഏതു പൊട്ടനും തിരിച്ചറിയാൻ പറ്റും." മധുകൂടി തർക്കത്തിലേക്കു കടന്നു.

"മധുവേട്ടാ, ഞാനാരേം കുറ്റപ്പെടുത്തിയതല്ല, ഇങ്ങോട്ട് ആരും കുറ്റപ്പെടുത്താൻ വരികേം വേണ്ട. ആരുടെയോ പിഴവുകൊണ്ട് ആ കുഞ്ഞ് ജീവിച്ചിരുന്നു. അതു വളർന്നു വലുതായപ്പോ നമ്മുടെ കുടുംബത്തിലെതന്നെ ഒരു ചെറ്റ അതിനെ പൊക്കിയെടുത്തു നമ്മുടെ മുന്നിൽ കൊണ്ടുവന്നു നിർത്തി വെല്ലുവിളിക്കുന്നു. അവനെയാണു ഷൂട്ട് ചെയ്യേണ്ടത്- റാസ്ക്കൽ." ഹേമചന്ദ്രൻ പറഞ്ഞു.

ഭാസ്കരമേനോനും മറുത്തൊന്നും പറയാൻ പറ്റാത്ത അവസ്ഥയായി. ഹേമചന്ദ്രൻ പറയുന്നതും വസ്തുതയാണ്. തങ്ങളുടെ ഭാഗത്തുനിന്നു പറ്റിയ ഒരു കൈപ്പിഴയാണ് ഇന്നു മറ്റൊരു സൈക്ലോൺ ആയി തങ്ങളുടെ തലയ്ക്കു മീതെ വന്നു നിൽക്കുന്നത്. ആ കുഞ്ഞ് അന്നു കൊല്ലപ്പെട്ടിരുന്നെങ്കിൽ ഇക്കാലത്തെന്നല്ല, ജീവിതത്തിലൊരിക്കൽപോലും ആ സംഭവങ്ങളൊന്നും ഓർക്കുകയേ ഇല്ല.

"ഇത് നമ്മളെങ്ങനെ ഓവർകം ചെയ്യും. അതാലോചിക്കുകയാ വേണ്ടത്. പരസ്പരം കുറ്റപ്പെടുത്തീട്ട് ഒരു കാര്യോം ഇല്ല." തങ്കം പറഞ്ഞു. ഹേമചന്ദ്രൻ എന്തോ പറയാൻ ഭാവിച്ചപ്പോഴേക്കും ഫോണിലേക്ക് കോൾ വന്നു.

നമ്പർ നോക്കിയിട്ട് അയാൾ പറഞ്ഞു:

"ഓഫിസിൽനിന്നാണ്."

"ഹലോ..."

"സാർ... ഒരു സാഡ് ന്യൂസുണ്ട്. ഫെയ്ക്കാണോ അതോ റിയലാണോന്ന് തീർച്ചയില്ല."

"കൃഷ്ണകുമാർ പറഞ്ഞോളൂ."

"സാറിനൊരു സസ്പെൻഷൻ ഓർഡറുണ്ടെന്നു കേൾക്കുന്നു."

"സസ്പെൻഷനോ... എനിക്കോ? വാട്ട് നോൺസെൻസ്..." ഹേമചന്ദ്രൻ ക്ഷുഭിതനായി.

"സാർ മെയിൽ ഒന്ന് ചെക്ക് ചെയ്യണം. പ്ലീസ്... വെക്കട്ടെ."

കോൾ മുറിഞ്ഞു.

ഹേമചന്ദ്രൻ പകച്ചുനിന്നു.

ബാലകൃഷ്ണമേനോനും ഭാസ്കരമേനോനും തങ്കവും മധുവുമെല്ലാം ആശങ്കയോടെ അന്യോന്യം നോക്കി.

"വെറുതെ പറയുന്നതാ..." ബാലകൃഷ്ണമേനോൻ പറഞ്ഞു. "നീ ഐജീടെ ഓഫിസിലേക്കൊന്നു വിളിക്ക്."

ഹേമചന്ദ്രൻ അതു കേട്ടില്ല. അയാൾ ഫോണിലെ ജി-മെയിലിൽ കയറി സസ്പെൻഷൻ ഓർഡർ തെരഞ്ഞുതുടങ്ങിയിരുന്നു.

***   ***   ***

എറണാകുളം കാക്കനാട്-പള്ളിക്കര റോഡിൽ മനയ്ക്കൽകടവ് ജംക്ഷനിൽനിന്ന് ഇടത്തേക്കു തിരിഞ്ഞു കാർ കടമ്പ്രയാറിന്റെ തീരത്തുള്ള ഹരിതം ഹൗസിങ് കോളനിയിലേക്കു കടന്നു. അഞ്ചാം നമ്പർ റിങ് റോഡിൽനിന്നു വലത്തേക്കു തിരിഞ്ഞ് ഗേറ്റ് കടന്നു കാർ രാജഗോപാലിന്റെ വീട്ടുമുറ്റത്തു നിന്നു. ഹെഡ്ലൈറ്റുകൾ അണച്ച് സ്വിച്ച് കീ തിരിച്ച് എൻജിൻ നിർത്തിയിട്ട് സന്ദീപ് വാച്ചിൽ സമയം നോക്കി. 9.43.

"നമ്മൾ പത്തിനു മുൻപെത്തി." സന്ദീപ് തെല്ലഭിമാനത്തോടെ പറഞ്ഞു.

"ഇത്തിരി കൂടുതലാണ് സ്പീഡ്."

രാജഗോപാൽ സീറ്റ്ബെൽറ്റ് അഴിച്ച് ഇറങ്ങി. മറ്റുള്ളവരും ഇറങ്ങി. ഡിക്കി തുറന്ന് കിഷോർ തന്റെയും സന്ദീപിന്റെയും ലഗേജ് എടുത്ത് ഇരുതോളിലുമായി തൂക്കി. സന്ദീപ് സ്വിച്ച് കീ രാജഗോപാലിനെ ഏൽപിച്ചു.

"രാത്രി ഇത്രേം വൈകിയില്ലേ... പോയി റെസ്റ്റ് ചെയ്യൂ. നാളെ സംസാരിക്കാം." രാജഗോപാൽ പറഞ്ഞു.

സന്ദീപ് അല്ലിമയെ നോക്കി.

അവൾ മെല്ലെ ശിരസ്സനക്കി.

കണ്ണിൽ എന്തൊക്കെയോ വ്യാകുലതകൾ ഉണ്ടായിരുന്നു. മണിമലയിൽനിന്നുള്ള യാത്രയ്ക്കിടയിൽ അവൾ സീറ്റിലേക്കു ചാരി വിൻഡോയിലേക്കു മുഖം ചായ്ച്ച്, മാറിൽ കൈ കെട്ടി വിഷാദമൂകയായി ഇരിക്കുകയായിരുന്നു.

"ഞാൻ രാവിലെ ചെലപ്പോ ഹരിപ്പാട് പോയേക്കും." സന്ദീപ് പറഞ്ഞു.

"കാറിൽ യാത്രചെയ്യുമ്പോ സൂക്ഷിക്കണം." രാജഗോപാൽ മുന്നറിയിപ്പ് നൽകി. "ഡോർ ലോക്ക് ചെയ്യണം. പിന്നെ പെട്ടെന്നെടുക്കാൻ പാകത്തിൽ എന്തെങ്കിലും ഒരായുധം കരുതുന്നതും നല്ലതാ. ഒരു ബ്ലേഡോ, പേനാക്കത്തിയോ എന്തെങ്കിലും... ആരേം ആക്രമിക്കാനല്ല, സ്വയരക്ഷയ്ക്ക്."

"എനിക്കങ്ങനെ പേടിയൊന്നുമില്ലങ്കിളേ..."

"ധൈര്യവും ബുദ്ധിയും - രണ്ടും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ശരി. ഗുഡ്നൈറ്റ്."

"ഗുഡ്നൈറ്റ് അങ്കിൾ... അല്ലീ ഗുഡ്നൈറ്റ്." തുടർന്ന് കിഷോറും അവർക്കു നല്ല രാത്രി ആശംസിച്ചു. അവർ രണ്ടുപേരും ഗേറ്റ് കടന്നു റോഡിലേക്കു നടന്നുപോയി.

അല്ലിമയും രാജഗോപാലും സിറ്റൗട്ടിലേക്കു കയറി. ശ്രീലക്ഷ്മി വാതിൽ തുറന്നുപിടിച്ചു നിൽപുണ്ടായിരുന്നു.

"കുട്ടികൾ കിടന്നോ?" രാജഗോപാൽ ചോദിച്ചു.

"ടി.വി. കാണുന്നു. ഇതെന്താ ഒരു സ്യൂട്ട്കേയ്സ്?" അല്ലിമയുടെ കൈവശം ഹാൻഡ് കൂടാതെ പഴഞ്ചൻ സ്യൂട്ട്കേയ്സ് കൂടി കണ്ട് ശ്രീലക്ഷ്മി ആശ്ചര്യപ്പെട്ടു. "ഇതെവിടുന്നു കിട്ടി?"

"പറയാം." രാജഗോപാൽ അത്രയേ പറഞ്ഞുള്ളൂ. അകത്തേക്കു കയറിയശേഷം രാജഗോപാൽ നേരെ ബെഡ്റൂമിലേക്കു പോയി.

"മോളെ, നീ പോയി ഡ്രസ് മാറി ഫ്രഷായിട്ട് വാ... ഞാൻ ഫുഡ് എടുത്തുവെക്കാം." അല്ലിമയോടു പറഞ്ഞിട്ട് ശ്രീലക്ഷ്മി രാജഗോപാലിന്റെ പിന്നാലെ ചെന്നു. രാജഗോപാൽ ഷർട്ടിന്റെ ബട്ടൺസ് വിടർത്തിക്കൊണ്ടിരിക്കുമ്പോൾ ശ്രീലക്ഷ്മി കയറിച്ചെന്നു.

"എന്താ ഇത്രേം വൈകിയത്... വെളുപ്പിനു പോയതല്ലേ?" ശ്രീലക്ഷ്മി പരിഭവിച്ചു.

"രാവിലെയാണോ പോയത്. എന്റെ വിചാരം ഇന്നലെയോ മിനിഞ്ഞാന്നോ പോയതാണെന്നാ."

"അത്രമാത്രം യാത്ര ചെയ്തോ?"

"യാത്ര മാത്രമല്ല, സംഭവങ്ങളും."

"ഫോൺ വിളിച്ചപ്പോ ഒന്നും പറഞ്ഞില്ലല്ലോ."

"പറയാം. ഇപ്പോ നീ അല്ലീടെ അടുത്തേക്കു ചെല്ല്."

"എന്താ...?" ശ്രീലക്ഷ്മിക്കു ജിജ്ഞാസയായി.

"ചെല്ല്. വല്ലാതെ ടയേഡാണവൾ. ഇമോഷണലീ..." ഭർത്താവിന്റെ നേർക്ക് ചോദ്യഭാവത്തോടെ രണ്ടു നിമിഷം നോക്കിനിന്നിട്ട് ശ്രീലക്ഷ്മി മെല്ലെ പിന്തിരിഞ്ഞു.

അല്ലിമയുടെ മുറിയിലേക്കു ശ്രീലക്ഷ്മി ചെല്ലുമ്പോൾ അവൾ മുന്നോട്ടു കുനിഞ്ഞ് കിടക്കയിൽ ഇരിക്കുകയാണ്. ശ്രീലക്ഷ്മി അകത്തുകയറി വാതിൽ ചാരി.

"മോളെ..." വിളികേട്ട് ഞെട്ടിയതുപോലെ അവൾ മുഖമുയർത്തി പകച്ചു നോക്കി. ശ്രീലക്ഷ്മി അരികെ ചെന്നു.

അല്ലിമ എഴുന്നേറ്റു. അവളുടെ കണ്ണു നിറഞ്ഞിരിക്കുന്നതും ചുണ്ടുകൾ വിതുമ്പുന്നതും കണ്ട് ശ്രീലക്ഷ്മി എന്തു പറ്റി എന്നു ചോദിക്കാൻ ഭാവിക്കുമ്പോഴേക്കും ശബ്ദമില്ലാത്ത ഒരു കരച്ചിലോടെ ശ്രീലക്ഷ്മിയുടെ തോളത്തേക്ക് അവൾ വീണു കഴിഞ്ഞു.

ശ്രീലക്ഷ്മി ഇരു കരങ്ങൾകൊണ്ടും അവളെ ആശ്ലേഷിച്ചു. പക്ഷേ, അവൾക്ക് അതൊന്നും പോരായിരുന്നു. അവളുടെ നെഞ്ചിൽ അലകടൽ ഇരമ്പുന്നുണ്ടെന്ന് ശ്രീലക്ഷ്മിക്കു തോന്നി. തേങ്ങലുകളുടെ ഇടിപ്പ് ഉടലിൽ പ്രകമ്പനം കൊണ്ടു.

"എന്തുപറ്റീന്നു പറ..." അവളുടെ മുഖം കയ്യിലെടുത്ത് ശ്രീലക്ഷ്മി മെല്ലെ ഉലച്ചു.

"എന്റെ... എന്റെ അമ്മയല്ലേ..."

"അതേ... ഞാൻതന്നെയാ... എന്താ സംശയം? ആരു പറഞ്ഞു അല്ലെന്ന്?" ഒന്നും പറയാതെ നെഞ്ചുപിളർന്നുവന്ന ഒരു തേങ്ങലോടെ അല്ലിമ വീണ്ടും ഇറുകെ കെട്ടിപ്പിടിച്ച് അങ്ങനെതന്നെ നിന്നു.

***   ***   ***

ഭക്ഷണം കഴിച്ചശേഷം ഉറങ്ങാനായി സന്ദീപ് മുറിയിലേക്കു കയറിവന്നു. പിറകെ കിഷോറും വന്നു. മേശപ്പുറത്ത് കിഷോറിന്റെ ഫോൺ റിങ് ചെയ്യുന്നുണ്ടായിരുന്നു.

(ശേഷം 30-ാം പേജിൽ)

## രാമക്ഷേത്രത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിനോട് വിയോജിപ്പ്: വി.ഡി. സതീശൻ

തിരുവനന്തപുരം: ശ്രീരാമൻ ബിജെപിക്കൊപ്പമല്ലെന്നും ഹേ റാം... എന്ന ചുണ്ടനക്കത്തോടെ ഗാന്ധിജി മരിച്ചുവീണ ബിർല മന്ദിരത്തിന്റെ ഇടനാഴിയിലാണു നിൽക്കുന്നതെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

ബി.ജെ.പിയുടേത് രാഷ്ട്രീയമായി സൃഷ്ടിച്ച രാമനാണ്. ഇന്ത്യയിലെ എല്ലാ ഹിന്ദുമത വിശ്വാസികളുടെയും ആരാധ്യപുരുഷനാണ് രാമൻ. രാമനോടോ അയോധ്യയോടോ അല്ല പ്രശ്നം.

ക്ഷേത്രത്തെയും മതത്തെയും രാഷ്ട്രീയവൽക്കരിക്കാനുള്ള സംഘപരിവാർ ശ്രമത്തോടാണ് തങ്ങളുടെ വിയോജിപ്പ്. ഇതു കോൺഗ്രസിന്റെ രാഷ്ട്രീയ നിലപാടാണ്. ചടങ്ങിലേക്കു കോൺഗ്രസിനെയല്ല, വ്യക്തികളെയാണു ക്ഷണിച്ചത്. ക്ഷണം ലഭിച്ച നേതാക്കൾ പാർട്ടിയുമായി ആലോചിച്ചു. അയോധ്യയിൽ നടക്കുന്നത് രാഷ്ട്രീയ പരിപാടിയാണ്. തെരഞ്ഞെടുപ്പിനു മുൻപ് മതത്തെ രാഷ്ട്രീയവൽക്കരിക്കാനും ആരാധനാലയങ്ങളെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കേന്ദ്രമാക്കി മാറ്റാനുമാണ് ബി.ജെ.പി. ശ്രമിക്കുന്നത്. അതിനോട് യോജിക്കാൻ പറ്റില്ലെന്നാണ് കോൺഗ്രസ് നിലപാട്. അയോധ്യയെ ബി.ജെ.പി. രാഷ്ട്രീയവൽക്കരിക്കുന്നു എന്നാണ് ആദിശങ്കരന്റെ പിന്മുറക്കാരും നാല് മഠങ്ങളിലെ മഠാധിപതികളുമായ ശങ്കരാചാര്യന്മാരും പറഞ്ഞതെന്നും സതീശൻ വ്യക്തമാക്കി.

## യേശുദാസിന്റെ ശതാഭിഷേകം

(22-ാം പേജിൽനിന്നും)

ശ്രീനാരായണ ഗുരുവിന്റെ വരികളായ 'ജാതിഭേദം മതദ്വേഷം...' എന്ന ഗാനം ഗായകർ ഒന്നുചേർന്നു ആലപിച്ചു. ഗാനഗന്ധർവൻ പിന്നണിഗാന രംഗത്ത് ആദ്യമായി പാടിയ വരികളായിരുന്നു അത്. നടൻ കമൽഹാസൻ, ഗായികമാരായ ചിത്ര, സുജാത മോഹൻ, ശ്വേത മോഹൻ എന്നിവർ ഓൺലൈനിൽ ആശംസ നേർന്നു. 'റൊമ്പ സന്തോഷം, എന്റെയും കുടുംബത്തിന്റെയും നന്ദി' എന്നായിരുന്നു കമൽഹാസനോടുള്ള പ്രതികരണം. യേശുദാസിന്റെ ഗാനങ്ങൾ കോർത്തിണക്കി 15 ഗായകർ ഗാനാശംസകൾ നേർന്നു.

"സംഗീതത്തിൽ ജാതിഭേദങ്ങളോ വിദ്വേഷങ്ങളോ അല്ലെന്നാണ് ജീവിതം പഠിപ്പിച്ചത്. എനിക്ക് നിങ്ങൾ നല്കുന്ന ഈ സ്നേഹത്തിനിടയ്ക്ക് അതു കൂടി മനസ്സിരുത്തി പ്രവർത്തിച്ചാൽ അതാണ് കേക്കിനേക്കാൾ രുചിയുള്ള മധുരം. ഞാനും എന്റെ കുടുംബാംഗങ്ങളും ഈ സ്നേഹത്തിനു കടപ്പെട്ടിരിക്കുന്നു"യേശുദാസ് പറഞ്ഞു.

# THE BIBLE AND THE LIVING GOD

**(from page 20)**

resurrection and ascension of Jesus, wars, plagues, famines, earthquakes, natural calamities, coming of false prophets, great tribulations, hatred among family members, persecution of Christians, signs in sun, moon and stars, roaring of the sea and waves like tsunami, people's love turning cold etc. Currently it seems like the worst time in the human history with all the natural calamities, fires, pandemics, violence, wars and murders. Even parents are killing children, and children are killing parents. This can be called the end times.

**5) What are the prophecies in the Bible not fulfilled yet?**

a) The Bible has to be preached throughout the world(Mark 13:10).

b) Antichrist -The prophecy of the 7 years of the rule of the antichrist has not come yet (Revelation 13:16-18, Daniel chapter 2 & 2nd Thessalonians chapter 2). The prophecy about the implanting of the microchip on the fingertip or the forehead for buying and selling will take place once the rule of the antichrist is half way.

c) Rapture -When the tribulations are too much for God's people to handle, the sun will be darkened, the moon will not give light, and the stars will fall from the sky (Mathew 24:29). Jesus will appear in the sky with power and glory (Mathew 24:30). God will send forth His angels with a great trumpet, and they will gather together His elects from one end of the sky to the other (Mathew 24:31). Jesus will come on the clouds to take his elect ones when the trials in this world become unbearable during the rule of the antichrist.

d) New Heaven and New Earth – God will establish His kingdom on this earth as promised. When Jesus taught the disciples the Lord's prayer starting with 'Our Father', 'thy Kingdom come' was added intentionally. It means his kingdom on this earth as narrated in Revelation chapter 21.God will reside with the righteous people on this earth for a thousand years in the New Heaven and New Earth. We don't know the length of these thousand years.

Revelation 1:7 –"Behold, He is coming with the clouds, and every eye will see Him, even those who pierced him, and all tribes of the earth will wail on account of Him. Even so. Amen."

e) What happens just before that? The devil will be chained for thousand years (Revelation 20:2).

2 Peter 3:10 – "But the day of the Lord will come like a thief, and then the heavens will pass away with a roar, and the heavenly bodies will be burned up and dissolved, and the earth and the works that are done on it will be exposed."

f) Last Judgment

John 5:22 - "The Father judges no one, but has given all judgment to the Son,"

Mathew 25:31-34 "When the Son of Man comes in his glory, and all the angels with Him, then He will sit on his glorious throne. Before Him will be gathered all the nations, and He will separate people one from another as a shepherd separates the sheep from the goats. And He will place the sheep on His right, but the goats on the left.Then the King will say to those on his right, 'Come, you who are blessed by My Father, inherit the kingdom prepared for you from the foundation of the world."

Mathew 12:36:"But I tell you that every careless word that people speak, they shall give an accounting for it on the day of judgment."

Revelation 20:15:"And if anyone's name was not found written in the book of life, he was thrown into the lake of fire."

The antichrist, the beast, and the devil will be thrown alive into the lake of fire which burns with brimstone (Revelation 19:20 and 20:10).

Those who worship the beast and his image and receive a mark on his forehead or hand will be tormented with fire and brimstone in the presence of the angels and Jesus(Revelation 14:9,10).

Revelation 22:14,15 –"Blessed are those who wash their robes, so that they may have the right to the tree of life, and may enter by the gates into the city. Outside are the dogs and the sorcerers and the immoral persons and the murderers and the idolaters, and everyone who loves and practices lying."

## നോവൽ

(29-ാം പേജിൽ നിന്നും)

കിടക്കയിൽ ഇരുന്നിട്ട് സന്ദീപ് തിരക്കി.

കിഷോർ ഫോണെടുത്തു നോക്കി.

"സോഫിയാ..."

"ഞാനിരിക്കുന്നതു ശല്യാണോ?"

"ഏയ് കുഴപ്പമില്ല. സന്ദുവേട്ടൻ കെടന്നോ." കിഷോർ കോൾ അറ്റൻഡ് ചെയ്തു.

"ഹലോ..."

"ഇത് എത്രാമത്തെ കോളാണെന്ന് അറിയാവോ?"

"അയ്യോടാ ഞാൻ ഫുഡ് കഴിക്കുവാരുന്നു. ഫോൺ റൂമിലും."

"കഴിഞ്ഞ മുപ്പത്താറ് മണിക്കൂറും ഫുഡ് കഴിക്കുവാരുന്നോ?"

"അയ്യോടീ, ഞാൻ പറഞ്ഞില്ലാരുന്നോ ഇന്നലെ. ഇന്നൊരു യാത്രയൊണ്ടെന്ന്..."

"എന്നെ എന്തിനാ ഇവിടെ കൊണ്ടിട്ടിരിക്കുന്നെ. ആരും ചോദിക്കാനുമില്ല, വിളിക്കാനുമില്ല, പറയാനും ഇല്ല..."

"നിന്റെ ശബ്ദമെന്താ ഇത്ര വൈബ്രേറ്റ് ചെയ്യുന്നെ. എടി സോഫീ, ഞാൻ പോയിട്ടിങ്ങ് വന്നു കേറിയതേ ഉള്ളു."

"ഫോണില്ലാരുന്നോ കയ്യില്. ഒരു മിസ്കോൾ. അല്ലെങ്കി ഒരു മെസേജ്..."

"ഞാനൊറ്റയ്ക്കല്ലാരുന്നു എന്റെ കൂടെ..."

"ഒന്നും പറയണ്ട. എനിക്കെല്ലാം മനസ്സിലായി. ഞാൻ പോകുവാ. എനിക്കീ ജോലീം വേണ്ട ഒരു കുന്തോം വേണ്ട."

"അല്ല നീയെന്തിനാ കരയുന്നെ... ഞാനെന്തെങ്കിലും..."

"ആര് കരഞ്ഞു. ഇവിടാരും കരഞ്ഞില്ല. എനിക്കതിന്റെ ആവശ്യോം ഇല്ല."

"സോഫീ, ഞങ്ങൾ പകൽ മുഴുവൻ ട്രാവലിങ്ങായിരുന്നു. വെളുപ്പിനഞ്ചു മണിക്ക്..."

"വേണ്ട. എനിക്കൊന്നും കേക്കണ്ട. ഞാനിനി വിളിക്കത്തുമില്ല. വെക്കുവാ..." കോൾ കട്ടായി.

കിഷോർ സ്തംഭിച്ചിരുന്നുപോയി.

"എന്താടാ കിച്ചു പ്രശ്നം?"

"അവള് ഫോൺ കട്ടാക്കി. ഇതെന്താ ഇങ്ങനെ. ഓർക്കാപ്പുറത്ത് ഇടീം മിന്നലും കാറ്റും മഴേം എല്ലാംകൂടെ..."

"ആ- അതങ്ങനാ തൊടങ്ങീട്ടേ ഒള്ളു. അനുഭവിച്ചോ."

"അവളിങ്ങനൊന്നും അല്ലായിരുന്നല്ലോ."

"നീയാ കലണ്ടറെടുത്ത് നോക്ക്. കറുത്തവാവോ വെളുത്തവാവോ വല്ലതും അടുത്തുണ്ടോന്ന്. അല്ലെങ്കി ചെലപ്പോ പീരിയഡ്സായിരിക്കും."

"ഹ്ഏ..." കിഷോർ കണ്ണുമിഴിച്ചു.

"അങ്ങനൊക്കെ വരുവോ?"

"ങാ... അങ്ങനൊക്കെ വരും..."

"സന്ദുവേട്ടാ, അവള് പോവാണെന്ന്. അവൾക്ക് ജോലീം വേണ്ട ഒരു കുന്തോം വേണ്ടെന്ന്. ഇനി വിളിക്കത്തുമില്ലെന്ന്."

"നീയതെല്ലാം അതിന്റെ ഓപ്പസിറ്റ് മീനിങ്ങിലെടുത്താ മതി. ഞാൻ കെടക്കുവാണേ. ഗുഡ്നൈറ്റ്." സന്ദീപ് കിടന്നു. കിഷോർ ഫോണും നോക്കി അന്തംവിട്ട് ഇരുന്നു.

(തുടരും)

**SUBSCRIPTION FORM**

I.D. # ________ Date ________ Expiration Date ________

Name ________________________

Address ________________________

City ____________ State ________ Zip ________

Phone: ____________ Email: ____________

Signature: ________________________

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

**Take Advantage Of Our New Low Rates**

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

**Payment Method** ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

**CARD ACCOUNT NUMBER**

**SEC. CODE:**

Please make the Cheque payable to

**KERALA EXPRESS**

**3425 CLEVELAND ST, SKOKIE, ILLINOIS 60076**

**630 728 7956 FAX : 773 304 1917**

*Subscription fee non-refundable*




B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
WE
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
Jose Plackatt,
Director - Production
Tel: 972 839 9080
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
American Cafe
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
AMERICAN Focus
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**